(സി) തൊഴിലില്ലാത്തവരുടെ ഒരു കണക്ക് ഇതുവരെ എടുത്തിട്ടില്ല.

(ഡി) ഇതിന് ഉത്തരം മേൽ ബി, സി എന്നീ ചോദ്യങ്ങളുടെ ഉത്തരത്തിൽ അടങ്ങിയിട്ടുണ്ട്.

Improvements to markets.

249. MR. PHILIPOSE MUTHALALI: Will the Hon'ble Minister for Land Revenue be pleased to state:

(*a*) whether Parakode and Sasthancotta markets are two big markets in Central Travancore; and

(*b*) whether any improvements have been made to these markets during the last five years?

HON'BLE MR. V. O. MARKOSE: (*a*) Yes.

(*b*) No.

LEGISLATIVE BUSINESS.

THE TRAVANCORE PUBLIC SERVICE COMMISSION BILL—(*contd.*)

MR. T. T. KESAVAN SASTRI: ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. പബ്ലിക്ക് സർവീസിനെ സംബന്ധിച്ചിടത്തോളം, ഇങ്ങിനെ ഒരു നിയമം അത്യാവശ്യമായിട്ടാണിരിക്കുന്നത്. പബ്ലിക്ക് സർവീസ് പ്രതിനിധ്യക്കാര്യം എത്രയും പ്രാധാന്യം അർഹിക്കുന്നതാണെന്നു പ്രത്യേകിച്ചു പറയണമെന്നില്ല. പബ്ലിക്ക് സർവീസ് പ്രാതിനിധ്യം ഒരു തിരുവിതാംകൂർ പ്രശ്നമല്ല, ഒരു ഇന്ത്യൻ പ്രശ്നമല്ല—ഒരു ലോകപ്രശ്നം തന്നെയാണ്. അതിനാൽ ഈ പ്രശ്നത്തിനു പരിഹാരം കാണുവാൻ ഗവണ്മെൻറുകളും അധീശമണ്ഡലങ്ങളും തയ്യാറാകേണ്ടതു തന്നെയാണ്.

തിരുവിതാംകൂർ പബ്ലിക്ക് സർവീസ് ഇന്നു പലതരത്തിൽ നിരുപണാർഹമായ വിധമായിട്ടുണ്ടെന്നുള്ളതു ഈ അവസരത്തിൽ പ്രത്യേകം പറയേണ്ടതായിട്ടുണ്ട്. പബ്ലിക്ക സർവീസിന്റെ കഴിഞ്ഞ കാലങ്ങളിലെ പ്രവർത്തനത്തെപ്പറ്റി പുനരാലോചന നടത്തുകയാണെങ്കിൽ ഗവണ്മെൻറു അംഗീകരിച്ചിരുന്ന നടപടികളും നിയമസഭാ ചർച്ചകളും എങ്ങിനെയാണ് ഈ വിഷയത്തിൽ പ്രവർത്തിച്ചു വന്നിരുന്നതെന്നു കാണാൻ കഴിയുന്നതാണ്. ഈ വിഷയത്തിൽ തിരുവിതാംകൂർ ജനതയ്ക്കുണ്ടായിരുന്ന മനോഭാവം [illegible] ഗവണ്മെൻറ് നിയമസഭ

LIBRARY ARCHIVES Kerala Legislative Assembly

മുഖേന പഠ്യാലോചനകൾ നടത്തി ഒരു പബ്ലിക്ക് സർവീസ് കമ്മീഷണരേയും അദ്ദേഹത്തെ ഉപദേശിക്കാൻ ഒരു അഡ്വൈസറി കമ്മറ്റിയേയും നിയമിച്ചു.

MR. KANNARA CO'ALA PANICKER : ഈ അഡ്വൈസറി കമ്മറ്റി ഇന്നു പ്രവർത്തനം നടത്തുന്നുണ്ടോ?

MR. T. T. KESAVAN SASTRI : ഇല്ല. എല്ലാ ജനവിഭാഗങ്ങളുടെയും അവകാശങ്ങൾ പരിഗണിക്കുവാനും യോഗ്യതാനുസരണം നിയമനം നൽകുവാനും വേണ്ട വ്യവസ്ഥകൾ ചെയ്തു. ഈ പബ്ലിക്ക് സർവീസ് കമ്മീഷണും കമ്മറ്റിയുംകൊണ്ടു വർഷങ്ങൾ പലതു കഴിഞ്ഞു. എന്നിട്ടും ചില സമുദായങ്ങൾക്കു നീതി ലഭിച്ചില്ലെന്നു പരാതികൾ ഉണ്ട്. ഒരു യൂറോപ്യൻ പബ്ലിക്ക് സർവീസ് കമ്മീഷണരായിരുന്ന സമയത്തുപോലും, അതായതു് അദ്ദേഹത്തിന്റെ ബന്ധുക്കളേയോ സ്വസമുദായത്തിൽപ്പെട്ട ആളുകളേയോ അദ്ദേഹത്തിനു മുവിടെ നിയമിക്കാൻ സാധിക്കാതെയിരുന്നിട്ടുപോലും സേവകന്മാർക്കു ഉദ്യോഗങ്ങൾ നൽകി എന്നു പരാതി ഉണ്ടായിട്ടുണ്ട്. ജനകീയ ഗവണ്മെൻറ് പബ്ലിക്ക് സർവീസ് കമ്മീഷണരായി പ്രാപ്തനായ മി. സബാസ്റ്റ്യനെ നിയമിച്ചിട്ടുണ്ടെങ്കിലും പഴയ വഴി ഈ വകുപ്പിന്റെ ഭരണം തുടർന്നുകൊണ്ടിരിക്കുകയാണു് ചെയ്യുന്നതു്. ഇപ്പോഴത്തെ ഈ ബിൽ നടപ്പിലായാൽ കാലഗതിക്കനുസരിച്ചു വേണ്ട പരിഷ്കാരങ്ങൾ വരുത്തുവാൻ വിഷമമുണ്ടാകുന്നതല്ല. ബില്ലിന്റെ വ്യവസ്ഥകൾ പുനഃപരിശോധനചെയ്തു, വേണ്ട നടപടി കൈക്കൊള്ളുവാൻ സെലക്ട് കമ്മിറ്റിക്കു അധികാരം ഉള്ളതുമാണല്ലോ. അങ്ങിനെ ഈ ബിൽ പാസ്സാക്കുവാൻ സാധിക്കുമെന്നു തന്നെയാണു് എന്റെ വിശ്വാസം.

നമ്മുടെ പബ്ലിക്കുസർവീസ് പ്രാതിനിദ്ധ്യം, ഉദ്യോഗനിയമനങ്ങളുടെ സ്വഭാവം, തിരഞ്ഞെടുക്കപ്പെടുന്ന പരീക്ഷകളുടെ സ്വഭാവം, പ്രമോഷൻ സമ്പ്രദായം, അവകാശപരിമിതി ഇവയും പരിഗണിക്കേണ്ടതായിട്ടുണ്ട്. ഗവണ്മെൻറിനെ സമീപിച്ചുകൊണ്ടിരുന്ന എൻ. ജി. ഓ. പ്രശ്നത്തിനു ഇപ്പോഴത്തെ ഗവണ്മെൻറ് ഒരു പരിഹാരം കണ്ടുപിടിച്ചു. അതുപോലെ തന്നെ പൊതുവേ ഉള്ള ശമ്പളത്തോതു് ഇന്നു ഐകരൂപ്യമില്ലാതെയാണിരിക്കുന്നതു്. ബി. എ. ഡിഗ്രി സമ്പാദിച്ചവനും മലയാളം ഏഴാംക്ലാസ്സു് പാസ്സായവനും ഒരേ ശമ്പളം വാങ്ങിക്കുന്നതായി അനേകം ഇൻസ്റ്റൻസസ്സു് ഉണ്ട്. അങ്ങനെയായാൽ യൂണിവേഴ്സിറ്റി ഡിഗ്രികളുടെ പ്രാധാന്യതയും പൊയ്പ്പോകുന്നതാണു്. അമിതമായ പ്രാതി

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesavan Sastri]

നിയ്യോഗം അവകാശവും പ്രോസാഹനവും എല്ലാം, പ്രത്യേകം പ്രത്യേകമായി, പബ്ലിക്ക് സർവീസ് മുൻപോട്ട പോകാൻ അനുവദിക്കരുത്. അങ്ങനെയായാൽ വരാവുന്ന ദോഷഫലം ഒന്നു പ്രത്യേകം തന്നെയായിരിക്കും. ഈ ബില്ലും ഒഴിമതിനിരോധനബില്ലും പാസ്സായി നടപ്പിലാക്കിയാൽ പൊതുവേ അതു് എത്രയും ഗുണകരമായിത്തീരുന്നതായിരിക്കും. പബ്ലിക്ക് സർവീസിൽ ഗണ്യമായ പ്രാതിനിധ്യമില്ലാത്ത ഇവിടത്തെ ഹരിജൻ ജനവിഭാഗത്തിന്റെ ന്യായമായ അവകാശങ്ങൾ ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തി, ഇതു പാസ്സാക്കി നടപ്പിലാക്കിക്കാണാൻ, താൽപര്യപ്പെട്ടുകൊണ്ടു ബില്ലിനെ അനുകൂലിച്ചുകൊള്ളുന്നു.

MR. A. NESAMONY: I am in full sympathy with the objects of this bill. But the provisions of this bill, modelled as they are on Article 286 of the Draft Constitution of India, fall far short of the expectations in the matter of separation of the judiciary from the executive. For, in the Draft Constitution of India, the appointment of Judges of the Federal Court rests with the President of the Union and the Chief Justice of the Supreme Court. So far as the Provincial Courts are concerned, it rests with the Governor, the Chief Justice of the Supreme Court and the Chief Justice of the concerned High Court, so that a higher appointment in the judiciary is not in the hands of the Public Service Commissioner as envisaged in Article 286 of the Draft Constitution of India. Now, without taking into consideration the other articles in the Draft Constitution, this bill has taken to itself only Article 286 which now includes the higher appointments in the judiciary as well. On the line of the Draft Constitution of India, we have to devise some machinery so that the higher appointments in the Civil Service should be taken out of the hands of the Government. It may be vested in the Public Service Commission itself or in the Chief Justice and the Judges of the High Court. Though the appointment may be made by the Government, it must be on the recommendation of the High Court which is to be finally accepted by the Government and that recommendation must proceed from the Public Service Commission or from the High Court itself. Then only will this Public Service Commission Bill be of any use. It is true that the function of this Commission is consultative and at the same time it is to act as an examining body also on the lines of the Public Service Commission as envisaged in the Draft Constitution of India. But we have to make a difference. Either we will have to adopt that bill in toto or reject it in toto and got a new form of a Service Commission Bill which would be suited to the genius of our own people or suited to the peculiar conditions in Travancore and not merely copy what has been stated there.

Then again, there are certain innovations that have been made in this Draft which are not seen in Article 286 of the Draft Constitution of India. For example, Section 4, Clause (3), says; "Nothing

LIBRARY ARCHIVES Kerala Legislative Assembly

in this Section shall require the Public Service Commission to be consulted in the case of the subordinate ranks of the Police Force, as respects any of the matters mentioned....." and so on. I do not know why the recruitment to the Police ranks should be taken off, whereas in the Indian Union it is not taken off by Article 286.

Then Section 5 seems to have been modelled on Article 287 of the Draft Constitution of India. Probably those who are responsible for drafting the bill had not in mind Section 20 of the Interim Constitution Act. Section 20 says: "It shall not be lawful for any member of the Legislative Assembly to introduce without the previous sanction of Our Government, any measure,—(a) affecting the public revenues of the State or imposing any charge on such revenues; or (b) affecting the religion or the religious rites and usages of any class of Our subjects." These are the only two subjects that are beyond the purview of this Legislature but it would be seen from Clause (a) of Section 5 that "no bill or amendment for the purposes aforesaid shall be introduced or moved without Our previous sanction." There seems to be an encroachment upon the privileges of this House to introduce the amending bill and I believe it is in direct contravention of Section 20 of the Interim Constitution Act.

As regards the rule-making powers, all of a sudden, one fine morning, we find a set of rules framed under various Regulations and Acts and we are at a loss to know how far the Government have taken the people into confidence in the matter of drafting all these rules, so that any rule that has to be promulgated must be after publication in the Gazette. It is contemplated under Section 6 of the General Clauses Act—of course, the Government have got the powers to make rules, and in that case they need not be published in the Government Gazette nor need the people be consulted or objections called for—it is only when we prescribe that the rules shall be made after previous publication that there is a certain amount of formality to be observed under Section 6 of the General Clauses Act, so that when the Government are given plenary powers to make rules, I would like to have it modified.

For example Clause 4 (2) states that "Our Government may by rules or orders .. .." These rules or orders may mean anything. I should like to have that Section amended so that the people may be given an opportunity to know whether these rules are not the proper rules that have been framed, how far the rules affect the various communities and how far the rights of the people are effected. I want the words "or Orders" omitted. Though I am in full sympathy with the object of the legislation, I don't see how far it really meets the demands of the present day conditions in Travancore.

MR. P. BALAKRISHNAN TAMPI: Sir, I do not see why there was a necessity for a statutory enactment of this sort. All the things provided for in the Bill could be done by executive action. If this

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Balakrishnan Tampi]

bill will give any satisfaction to the public, I have certainly no objection to this being passed into law. I do not want the Hon'ble mover of this Bill to be so pretentious. In reading through the Bill I find that all the things contemplated therein could be done without going through the Legislature. The Bill provides for the appointment of a Public Service Commission. This Public Service Commission is an absolutely necessary thing, no doubt. The services have deteriorated not only here but in other provinces of India. Unfortunately, the mischief started its work after the Madras Government passed a similar measure. It may be that the people who had been taking undue advantage by nepotism are now denied their unequivocable privileges. But look at the other side of the picture. Many people who are not competent to hold offices on account of their inefficiency or character are now coming in solely on ethnological grounds. Virtuous men may come in for jobs on the ground that they belong to a particular community, say some hill-tribes but with slight softening effect of education. His spelling or caligraphy may be wrong, but give him job because he belongs to a particular community. I can understand that justice should be done if a man is denied any office because of his birth. Birth should not be an hindrance also to his appointment. Look at the number of young men belonging to another ethnological group being denied jobs in spite of their high education and high character. Now I need not carry the matter further because it will all be very ticklish. I am not referring to the composition of the Government of India. I am not referring to the Secretariats of Bihar and Orissa or Madras nor the Indian States, much less of this State. I am only speaking on general principles. I am confident that as India has attained independence all this nonsense will vanish. Hereafter, the inevitable will follow. Let us not recognise the right of a man to office because of his birth. A man should not claim office because he is a Brahmin, Pulaya or a Pariah. That is the only way of equitably looking at things. All the illogical classification in the existing rules must vanish.

MR. EAPAN AHACKEL : അങ്ങനെയുള്ള ഒരു വ്യവസ്ഥ, ജന്മം കൊണ്ടുമാത്രം ഉദ്യോഗംകൊടുക്കണമെന്നുള്ള വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ടോ ?

MR. P. BALAKRISHNAN TAMPI : I am glad that question is asked. That is the effect of the Public Service Rules. For a small job I must come within one of the seven or twelve categories. I must be a Nair or of the other Hindu group. That is a very illogical rule. Any way, it happened in a more illogical place like Madras or in a logical place like Cochin. We need not accept those things Let us face facts. Personally every one is an employer. I may employ a man in my culinary establishment. He cannot be admitted on the grounds of his caste and community. When they administer the whole state, when they have to take up many complicated

LIBRARY ARCHIVES Kerala Legislative Assembly

matters on hand, is it not merely just and equitable that the Government are also enabled to choose a particular man whom they think fit for the job without taking into consideration such irrelevant matters as birth or community?

MR. V. A. AZIZ: ചില പ്രത്യേക സമുദായത്തിൽ ജനിച്ചുപോയി എന്നുള്ളതുകൊണ്ടുമാത്രം ചിലരെ ഇപ്പോൾ പബ്ലിക്ക് സർവ്വീസിൽ നിഷേധിക്കപ്പെട്ടിരിക്കുകയല്ലേ ചെയ്യുന്നത്?

MR. P. BALAKYISHNAN TAMPI: If any particular man is denied his chance in the matter of appointment the matter must be looked into on the merits of the case. I should like to point out, Sir, that great changes are coming all over India. Why was it that the Hon'ble Member's regime, I mean the Muslim regime in India had to bid goodbye and quit? Was it not due to the fact that the community subordinated national interest to their communal interest?

MR. A. NESAMONY: Hear, hear.

MR. P. BALAKRISHNAN TAMPI: Sir, for the proper administration all those irrelevancies which unfortunately have crept into public service must vanish.

MR. T. A. ABDULLA (*Ambalapuzha I—Muslim*): ഏതെങ്കിലും സമുദായത്തിൽ ജനിക്കാതിരുന്ന എന്നുള്ളതുകൊണ്ടു പബ്ലിക്ക് സർവ്വീസിൽ പ്രവേശിക്കുന്നതിന് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന അസൗകര്യങ്ങളെയും മാറ്റാനുദ്ദേശ്യമോ?

MR. P. BALAKRISHNAN TAMPI: Certainly. That is what I have said in Anglo Saxon language. Sir, I must emphasise once again that birth should not be a hindrance for a man entering public service; and the question of birth should never be put forward as a claim to appointment.

MR. P. S. MAHOMMED: ഇപ്പോൾ ചില സമുദായങ്ങൾക്കു ഉദ്യോഗപ്രാതിനിധ്യം സംബന്ധിച്ചു ഉണ്ടായിരിക്കുന്ന അസമത്വത്തെ പരിഹരിക്കുന്നതുവരെയും അവർക്കു ചില പ്രത്യേക സൗജന്യങ്ങൾ ചെയ്തുകൊടുക്കേണ്ടതല്ലേ?

MR. P. BALAKRISHNAN TAMPI: Now I will say that Government may decide hereafter that no such considerations will weigh with them in the matter of recruitment in public service, because this communal matter with regard to public service is only a figment of imagination. No man is interested except myself if I am appointed as a Conservator of Forests. The Nair Community to which I belong may or may not be happy over my appointment. The only other individual who will feel happy over my elevation as Conservator will be the lady who keeps company with me. If a man who wants a job, buttresses his claim by saying that if he is appointed a large section of his people will be happy it is not to be taken into account.

LIBRARY ARCHIVES Kerala Legislative Assembly

MR. P. NANOO: എഫിഷ്യൻസിയും ഇൻഎഫിഷ്യൻസിയും എല്ലാ സമുദായത്തിലുമില്ലേ?

MR. P. BALAKRISHNAN TAMPI: I have never visualised a community that I know Mr. Nanoo and Mr. P. S. Mahomed. I have never tried to group all these things and attempt an anthropological study.

MR. U. K VASUDEVAN ACHARI (*Kottayam III—Kammala*): എഫിഷ്യൻസി നിശ്ചയിക്കുന്നതാരാണെന്നു പറയുമോ?

MR. P. BALAKRISHNAN TAMPI: Efficiency is always determined by men who has the power of right thinking.

MR. N. D. JOSE: Is there any absolute standard of right thinking?

MR. P. BALAKRISHNAN TAMPI: Now that is a very smart question. I believe that the Public Service Commissioner, if he satisfies the standard that will suffice for the purpose. I am in entire agreement with Mr. Nesamony who said that it is not a good policy of Government to adopt this communal representation in the appointment of Judges and Law Officers of Government. I am also for giving greater freedom in the matter of appointment of Judges. Sir, when you appoint a Musician you are not going on communal grounds. When you call for a Doctor you do not necessarily think of the caste or the community to which he belongs. You only go in for the best man possible. In the same way in the matter of appointment of Judges and Law Officers of the Government, Government should consider only whether a particular man has got ability and character for the job Political sacrifices of a very high order do not necessarily connote a knowledge of law. A man might have gone to Jail half a dozen times and might have taken out a black flag procession at a critical juncture in the history of Travancore. These things will not make him competent to hold a Law Officer's post which require a thorough knowledge in the law of banking or insolvency. But this does not drive me to the fact that it would be very unwise to recruit men who have not earned the confidence of the party in power. Recently I happened to read that even in more progressive countries like America and Great Britain the Government always see that only people who are loyal to them are given high appointments. If the Labour Government is in power in England men who have earned the confidence of that Government get appointments. I cannot expect the executive to function successfully unless they are given complete freedom n the matter of appointment. Therefore, I believe, as somebody stated here, the rules should be very flexible so that when recruitment is effected Government work should not be unduly hampered. With these words I welcome the introduction of this Bill.

MR. ABDUL RAZAK: Sir, I warmly congratulate the Honourable Minister of Law for his brilliant initiative in providing for a Public Service Commission. But Sir, I deeply regret that the saving clause formerly designed to suit the artful designs of a Dewan, *viz.*, sub-section (2) of Clause 4 is still retained. For one

LIBRARY ARCHIVES Kerala Legislative Assembly

thing, Sir, the Public Service Commission is only to be a consultative body which shall not advise except when consulted. The clause states thus:—

> "Our Government may by rules or orders specify the matters on which either generally or in any particular circumstances it shall not be necessary for the Public Service Commission to be consulted"

This saving clause renders the Public Service Commission a toothless body. Finally, the exclusion of the subordinate services of the Police Force from the purview of the Public Service Commission altogether makes it ineffective. To enable the House to have a clear and correct view of the purpose and importance of the Public Service Commission, I may be permitted to read a brief passage from the work of a master mind.

"The Administration must be not only amenable to public opinion, but also honest, impartial, efficient and economical. While the first quality is ensured through the collective direction and control of elected persons, the second requires proper departmental organization as well as the efficiency and good morale in public servants. Morale is a spirit which expresses itself in enthusiasm, loyalty, co-operation to duty, pride in the service. Its growth is promoted by the sentiment of justice, fairplay and square deal. The sense of justice is sustained and promoted by the recruitment on merit basis, the security of tenure, equal pay for equal work, recognition of meritorious services, and absence of advancement of favourites on grounds other than merit.....All this can be secured to public services only through a permanent Public Service Commission free from the influence and pressure of politicians and political parties."

In short, Sir, the Public Service Commission must be capable of securing justice to the citizens and an efficient service to the State, and for that matter it is imperative that it should be free of any political pressure either from Ministers or members of the legislature. Therefore, Sir, I suggest that the rules referred to in Section 4, sub-section (2) *viz.*, shall only be framed with the concurrence of the legislature. With these observations I commend the Bill to the acceptance of this House.

MR. V. MADHAVAN : സർ, ഈ ബില്ലിനെ പരാമർശിച്ച് രണ്ടു വാക്കു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിൽ ഒരു പബ്ലിക്ക് സർവ്വീസ് കമ്മിഷൻ ആവശ്യമാണെന്നുള്ളതിൽ അഭിപ്രായ വ്യത്യാസത്തിനിടകാണുകയില്ല എന്നെ സ്നേഹിതൻ മി. തമ്പി ആദ്ദേഹത്തിന്റെ സ്വതസിദ്ധമായ ഫലിതരൂപത്തിൽ നിർദ്ദയമായ ചില അഭിപ്രായങ്ങൾ ഇവിടെ പ്രകടിപ്പിച്ചു, മദ്രാസിൽ നോൺ ബ്രാമൻ മൂവ്മെന്റ് തുടങ്ങിയതിനുശേഷം തൊക്കെ ഇൻഡ്യയിലെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. Madhavan.]

പബ്ലിക്ക് സർവീസിന്റെ വളരെ അധഃപതനം സംഭവിച്ചിട്ടുണ്ടെന്ന അദ്ദേഹം അഭിപ്രായപ്പെട്ടു. ഞാൻ അതിനെനിഷേധിക്കുകയാണ് ചെയ്യുന്നത്. തെക്കെ ഇൻഡ്യ എന്നു പറയുമ്പോൾ തിരുവിതാംകൂറിനെയും സംബന്ധിക്കും. തിരുവിതാംകൂറിലും ഈ അധഃപതനം സംഭവിച്ചു എന്ന നിലയിൽ അദ്ദേഹം അഭിപ്രായപ്പെട്ടു. സർ, ഞാൻ ചോദിക്കുന്നു, തിരുവിതാംകൂറിനെസംബന്ധിച്ചിടത്തോളം അല്പം പിമ്പോട്ടുപോയിനോക്കിയാൽ ബ്രാഹ്മണർ പബ്ലിക്കുസർവീസിൽ അധികമായ പ്രാതിനിധ്യം വഹിച്ചുകൊണ്ടിരുന്ന കാലത്തു് തിരുവിതാംകൂറിൽ ഒരു മലയാളിമെമ്മോറിയൽ കൊടുത്തിട്ടില്ലെന്നു്. ആ വസ്തുത അധികമാരും വിസ്മരിച്ചിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ബ്രാഹ്മണർ വളരെയധികം ഇവിടുത്തെ സർവീസിൽ ഉണ്ടായിരിക്കുകയും മറുസമുദായക്കാർക്കു് പ്രാതിനിധ്യം കിട്ടാതിരിക്കുകയും ചെയ്തതിനെ അടിസ്ഥാനമാക്കി മലയാളിമെമ്മോറിയൽ കൊടുക്കയും അതിന്റെ ഫലമായി തിരുവിതാംകൂറിൽ മറുചില ജാതിക്കാർക്കു പബ്ലിക്കുസർവീസിൽ കായ്മയായ ഒരു പങ്കുലഭിക്കുകയും അതു് ഇന്നും നിർബാധം തുടർന്നു പോരികയും ചെയ്യുന്നു. അന്നു ബ്രാഹ്മണർ ഈ വാദം കൊണ്ടുവന്നു. മറുള്ളവർക്കു പബ്ലിക്കുസർവീസിൽ ശരിയായ കായ്ക്ഷമതയോ സാമർത്ഥ്യമോ ഇല്ലെന്നും ഉദ്യോഗം വഹിക്കാൻ സാമർത്ഥ്യമുള്ളവർ ബ്രാഹ്മണർ ആണെന്നും മറുസമുദായക്കാർ സാമാന്യേന ബുദ്ധിശക്തി കുറവുള്ളവരാണെന്നും പടിപടിയായി ഉദ്യോഗങ്ങളും നിർവഹിക്കുവാൻ പരമ്പരയുത്തിന്റെ കുറവ് ഇവർക്കുണ്ടെന്നും അന്നു ബ്രാഹ്മണർ വാദിച്ചു മലയാളി മെമ്മോറിയൽ പ്രക്ഷോഭണം ആരംഭിച്ചതിനുശേഷം അനേകനാളത്തെ പ്രക്ഷോഭണത്തിന്റെ ഫലമായി ബ്രാഹ്മണരുടെ സ്ഥാനത്തു പല വർഗ്ഗക്കാർക്കും തിരുവിതാംകൂർ സർവീസിൽ പ്രാതിനിധ്യം കിട്ടിയിട്ടുണ്ടു്. അതുകൊണ്ടു് ഇവിടത്തെ സർവീസിനു് ഏതെങ്കിലും ന്യൂനത സംഭവിച്ചിട്ടുണ്ടോഎന്നു ഞാൻ ചോദിക്കുന്നു. അങ്ങനെ സംഭവിച്ചിട്ടുള്ളതായി എന്റെ സ്നേഹിതൻ തമ്പിപോലും പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല. അങ്ങനെ കിട്ടിയിട്ടുള്ള സന്ദർഭം എല്ലാ സമുദായക്കാർക്കും ഒരുപോലെ പ്രയോജനപ്പെടേണ്ടതാണെന്നുള്ള വാദം ഇന്നു് ഏറ്റവും ശക്തിപ്രാപിച്ചിട്ടുണ്ടു്. ഈ പ്രാതിനിധ്യം ഇന്നു ലഭിക്കുന്നതുതന്നെ, പബ്ലിക്കുസർവീസിന്റെ ഏറ്റവും താഴ്ന്ന പടിയിൽ മാത്രമേയുള്ളൂ. ഉയർന്നനിലയിലുള്ള ഉദ്യോഗങ്ങളെ സംബന്ധിച്ചു് ഇന്നും പല സമുദായക്കാരുടെ ഇടയിലും വലിയ പരാതിയുണ്ടു്. എന്റെ അഭിപ്രായത്തിൽ ഈ കായ്ക്ഷമതയുണ്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നവരുടെ വാദത്തിൽ യാതൊരടിസ്ഥാനവുമില്ലെന്നാണ്. ഈ കായ്ക്ഷമതതന്നെ എന്താണ്. ഒരുകൂട്ടർക്ക് കിട്ടിയ അവസരം ഉപയോഗിച്ച് അവരവരുടെ ആളുകളെ സർവീസിൽ പ്രവേശിപ്പിക്കുന്നതിനും രാഷ്ട്രീയമായി എന്തെല്ലാം അധികാരങ്ങൾ കൈവശം ഉണ്ടോ അതെല്ലാം പരമാവധി വിനിയോഗിച്ച് സ്വന്തമാളുകളെ സഹായിക്കുവാൻ കൊള്ളാമെന്നല്ലാതെ ഈ കായ്ക്ഷമതാവാദം കൊണ്ട് പ്രയോജനമൊന്നും കാണുന്നില്ല. തിരുവിതാംകൂർ വളരെയധികം സമുദായങ്ങളുള്ള ഒരു രാജ്യമാണ്. കായ്ക്ഷമത കൂടുതലായി അവകാശപ്പെടുന്ന സമുദായങ്ങളേക്കാൾ കൂടുതൽ ജനസംഖ്യയുള്ളതു മറ്റു സമുദായങ്ങളാണ്. അങ്ങനെയുള്ള സമുദായങ്ങളിൽപ്പെട്ടവരെയെല്ലാം കൂടി ബാധിക്കത്തക്കവണ്ണം ഒരു നിയമനവ്യവസ്ഥയുണ്ടാക്കുന്നതാണ് എല്ലാംകൊണ്ടും നല്ലത്. ചിലസമുദായങ്ങളിൽ കായ്ക്ഷമതയെന്നു പറയുന്നത് പാരമ്പര്യത്തിന്റെ പേരിലാണ് ഈ പാരമ്പര്യം എങ്ങനെയുണ്ടായി.

MR. P. BALKRISHNAN TAMPI : വല്ലവരും പാരമ്പര്യത്തിന്റെ കാര്യം ഇവിടെ പറഞ്ഞോ? Sir, I want to make a personal explanation,

MR. PRESIDENT : You will be given a chance.

MR. V. MADHAVAN : വളരെയധികം നാടാർ തെക്കേഇൻഡ്യയിൽ തിരുവിതാംകൂറിൽ ഉടനീളം പലവർഗ്ഗക്കാർക്കും ഉദ്യോഗം കൊടുക്കാതിരുന്നു. അതു കായ്ക്ഷമതയുടെ പേരിലാണെന്നു പരോക്ഷമായി മി. തമ്പി പറഞ്ഞു.

MR. P. BALAKRISHNAN TAMPI : കായ്ക്ഷമതയില്ലാത്തവർക്കു ഉദ്യോഗംകൊടുക്കരുതെന്നല്ലേ ഞാൻ പറഞ്ഞത്.

MR. V. MADHAVAN : മിസ്റ്റർ തമ്പിപറയുന്ന ഈ കായ്ക്ഷമതയില്ലാതെപോയതു് എന്തുകൊണ്ടാണ്. തിരുവിതാംകൂറിലെ വിദ്യാഭ്യാസരീതിയുടെ മുമ്പുള്ള ചരിത്രം നോക്കിയാൽ ബ്രാഹ്മണർക്കും അതുപോലെയുള്ള സമുദായക്കാർക്കും മാത്രമേ വിദ്യാലയങ്ങളിൽ പ്രവേശനംപോലും അനുവദിച്ചിരുന്നുള്ളുവെന്നുകാണാം. ചിലസമുദായക്കാർക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്നു. ഈ അടുത്തകാലത്തു മാത്രമാണ് തിരുവിതാംകൂറിലെ എല്ലാ വിദ്യാലയങ്ങളും സർവജാതിമതസ്ഥർക്കുമായി തുറന്നുകൊടുത്തതു്. തലവടിയിലെ ഒരു പള്ളിക്കൂടം മി. എം. എ. പരമപിള്ള ഇൻസ്പെക്ടർ ആയിരുന്നകാലത്തു് എല്ലാ ജാതിക്കാർക്കുമായി തുറന്നുകൊടുത്തപ്പോൾ അവിടത്തെ സർവവിദ്യാർത്ഥികളും സ്കൂൾ വിട്ടിറങ്ങിപ്പോയി ഇതു പരിതാപകരമായ ഒരു ചരിത്രമാണ് നമ്മുടെ ബാല്യകാലത്തു നടന്നിട്ടുള്ളതു്. ആ സ്കൂളിൽനിന്നും എല്ലാ വിദ്യാർത്ഥി

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. Madhavan.]

കളും പുറത്തിറങ്ങിയപ്പോൾ ആ ഇൻസ്പെക്ടരുടെ നഷ്ടപക്ഷബുദ്ധി കൊണ്ടു എല്ലാവക്കും വിദ്യാഭ്യാസസ്വാതന്ത്ര്യം അനുവദിക്കാത്ത സ്ഥിതി നിറുത്തിക്കളയുമെന്നു പറയുകയും അതിനെ ഭയന്നു എല്ലാവരുംകൂടി ആലോചിച്ചു നിറുത്തുന്നതു് അബദ്ധമാണെന്നു വിചാരിച്ചു വീണ്ടും പഠിക്കാനാരംഭിക്കുകയും ചെയ്തു. ഇതായിരുന്നു അന്നത്തെ നില. ഇങ്ങനെ വിദ്യാഭ്യാസസൗകര്യം കൊടുക്കാതെ പലരേയും ഒഴിച്ചുനിറുത്തിയിട്ടു് ആ സൗകര്യങ്ങളെയെല്ലാം ദീർഘകാലമായി ഒരുകൂട്ടർതന്നെ അനുഭവിച്ചതിന്റെശേഷം ഇപ്പോൾ ഇതുമാതിരി പാരമ്പര്യത്തെക്കുറിച്ചു പറയുന്നതു് ശരിയല്ല. ഇപ്പോൾ കുറെക്കാലമായിമാത്രം കിട്ടിയവിദ്യാഭ്യാസസൗകര്യത്തെ പൂർണ്ണമായി ഉപയോഗിച്ചു് ഇപ്പോഴുണ്ടായിരുന്ന അസമത്വങ്ങളെയും മാറ്റിക്കഴിഞ്ഞപ്പോയി ഉന്നതവിദ്യാഭ്യാസംചെയ്തുവന്നിട്ടുള്ള മറ്റുജാതിക്കാക്കു ഉദ്യോഗം കിട്ടാതെ വിഷമിക്കുന്ന ഒരു സ്ഥിതിയാണു്. ഇന്നും നിലവിലുള്ളതു്. ഇതു് ഒരിക്കലും ശരിയാല്ല ഈ ഏർപ്പാടു് ശരിയല്ലെന്നും ജാതിതിരിച്ചുള്ള ഒരു പരിഗണനവേണമെന്നും ഈ സഭമൂലം മുമ്പിരുന്ന ഗവണ്മെൻറിനെ നിർബന്ധിച്ചതിന്റെ ഫലമായിട്ടാണു് ഒരു പബ്ലിക്കു് സർവീസ് കമ്മീഷണരെ നിയമിച്ചിട്ടുള്ളതു. ഇതിനുശേഷം ഉയർന്ന ഉദ്യോഗങ്ങൾ എല്ലാംതന്നെ സർവ്വീസ് കമ്മിഷണരുടെ അധികാരപരിധിയിൽനിന്നു ഒഴിവാക്കിയിരിക്കുകയാണു്. ആ നിയമനങ്ങളിൽ ഇന്നും സമുദായനീതി ശരിയായി പാലിക്കുന്നില്ല. ജനകീയഗവണ്മെൻറ് വന്നതിനുശേഷം കുറെയെല്ലാം മാറ്റം വരുത്തിയിട്ടുണ്ടെന്നല്ലാതെ പബ്ലിക്കു് സർവീസ് ചട്ടങ്ങളെ അവഗണിച്ചു എന്തൊക്കെ ചിലരെയെല്ലാം ഒഴിവാക്കി ഇന്നും നിയമനങ്ങൾ ധാരാളം നടത്തുന്നുണ്ടു്. കായ്ക്ഷമതാവാദം ഉയർത്തിപിടിച്ചുകൊണ്ടു് ചില വിഭാഗക്കാർക്കു യോഗ്യതയില്ലെന്നു കൽപ്പിക്കുന്നതു് അരമഥശൂന്യമാണു്. സർവീസിലുള്ള ഈ മാതിരി അസമത്വങ്ങളെ പരിഹരിക്കാനാണു് ഇപ്പോൾ ഒരു പബ്ലിക്കുസർവീസ് കമ്മിഷനെ നിയമിക്കുവാൻ നിശ്ചയിച്ചിരിക്കുന്നതു്. ഇതുസംബന്ധിച്ചു രൂക്ഷകളൊന്നും വെളിയിൽ വന്നിട്ടില്ല. എങ്കിലും എല്ലാവക്കും ശരിയായ പ്രാതിനിധ്യം കിട്ടത്തക്കവണ്ണം രൂക്ഷകൾ ഉണ്ടാക്കുമെന്നാണു വിചാരിക്കേണ്ടതു ഗവണ്മെൻറിന്റെ ഒരു വലിയ ചുമതല ഈ നിയമംമൂലം ഒഴിവാക്കാൻ സാധിക്കുമെന്നാണു എനിക്കു പറയുവാനുള്ളതു്. ഉദ്യോഗനിയമക്കാര്യങ്ങളെപ്പറ്റി വേണ്ടപോലെ ആലോചിച്ചു് വ്യവസ്ഥചെയ്യാൻ ഗവണ്മെൻറിനു സൗകര്യമില്ലാത്തതുകൊണ്ടു് ഒരു കമ്മീഷനെ ആ ജോലി ഭരമേൽപ്പിക്കുന്നതുവരെ ഉചിതമായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബിൽ നാലാം വകുപ്പിലെ രണ്ടാം ഉപവകുപ്പിൽ പറയുന്നതുപോലെ മത്സരപ്പരീക്ഷകൾ നടത്തി നിയമനങ്ങൾ നടത്തേണ്ടതാവശ്യം ഞാൻ ഒന്നും കാണുന്നില്ല. ഇതേ സംബന്ധിച്ചുള്ള ശരിയായ രൂപകളൊന്നും ഉണ്ടാക്കികഴിഞ്ഞിട്ടില്ലായെങ്കിലും പബ്ലിക്കുസർവീസ് കമ്മിഷന് ഒരു പരീക്ഷ നടത്തുന്നതിനുള്ള അധികാരം കൊടുത്തിരിക്കുന്നു. സാധാരണയുള്ള ഇപ്പോഴത്തെ പരീക്ഷ ജയിച്ചാൽപിന്നെ പബ്ലിക്കുസർവീസ് കമ്മിഷന്റെ പരീക്ഷ പാസാകണമെന്നു പറയുന്നതു് എന്തിനാണു്. അതുകൊണ്ടു് അങ്ങനെ ഒരു പരീക്ഷ ആവശ്യമില്ലെന്നാണു് എന്റെ ദൃഢമായ അഭിപ്രായം. എന്തുകൊണ്ടെന്നാൽ മെഡിക്കൽ കാളേജിലേക്കും ഇൻജിനീയറിംഗ് കാളേജിലേക്കും മറ്റും തിരഞ്ഞെടുപ്പു നടത്തുന്നതു വളരെ യോഗ്യന്മാരാണെങ്കിലും തിരഞ്ഞെടുപ്പിനെപ്പറ്റി അപവാദം ഉണ്ടാക്കാൻ, ഈ മാതിരി പരീക്ഷ നടത്തുന്നവർ അവരോടു ചേർന്നിട്ടുള്ളവരും നില്ക്കുന്നവരേയും ബന്ധുക്കളേയും സഹായിക്കുവാൻ ഇടയുണ്ടു്. അതിനു സൌകര്യം കൊടുക്കാൻ തക്കവണ്ണം ഒരു നിയമം ഉണ്ടാക്കരുതു്. ഞാൻ ഒരു ഈഴവനാണു്. ഒരിഴവനെക്കൂടി കമ്മീഷനിൽ പ്രവേശിപ്പിക്കുന്നപക്ഷം ഈഴവരുടെ താല്പര്യം രക്ഷിക്കുമെന്നും പരീക്ഷയെ സംശയിക്കേണ്ടതുണ്ടെന്നും പറഞ്ഞാൽ അതു ശരിയല്ല. അവിടെയും നീതിപാലിക്കപ്പെടുകയില്ല. അതുകൊണ്ടു് ബി. എ. എം. എ. മുതലായ പരീക്ഷ പാസായിട്ടുള്ളവക്കു വീണ്ടും ഒരു പരീക്ഷയുടെ ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ഒരു പ്രത്യേക പരീക്ഷ നടത്താനുള്ള അവകാശം ഈ കമ്മിഷനു കൊടുക്കണമെന്നു എനിക്കു് അഭിപ്രായമില്ല. ഓരോ ഉദ്യോഗത്തിനും ഇന്ന പരീക്ഷായോഗ്യത വേണമെന്നു നിശ്ചയിച്ചാൽ ആ യോഗ്യതയുള്ളവരെ നിയമിക്കുന്നതിൽ തെറ്റില്ല. കുറെക്കാലത്തേക്കുകൂടി സാമുദായപ്രാതിനിധ്യത്തെ അനുസരിച്ചുതന്നെ നിയമനങ്ങൾ നടത്തണമെന്നാണു് എന്റെ അഭിപ്രായം. അല്ലെങ്കിൽ സൌകര്യവും സാഹചര്യവുമുള്ളവർ ഉദ്യോഗങ്ങൾ തട്ടിക്കൊണ്ടുപോകും. മാത്രമല്ല, ഈ പഴയ പാരമ്പര്യം പോകാൻ വേണ്ടിയും ഇതാവശ്യമാണു്. ഇന്ന പാരമ്പര്യത്തിന്റെയും കായ്ക്ഷമതയുടെയും പേരിൽ പലരേയും ഒഴിച്ചു നിറുത്തുന്നുണ്ടു്. അതു മാറണമെങ്കിൽ സമുദായ പ്രാതിനിധ്യ വ്യവസ്ഥ കുറെനാളത്തേക്കുകൂടി തുടരണം. പാരമ്പര്യം മറ്റു സമുദായങ്ങൾക്കും ഉണ്ടാകുന്നതുവരെ ഓരോ സമുദായത്തിനും അവരുടെ ജനസംഖ്യാനുപാതികമായ അംശം കൊടുക്കണം. ഇവിടെ വരാൻ പോകുന്ന പബ്ലിക്കുസർവീസ് കമ്മിഷൻ വ്യവസ്ഥയിൽ ഇതു ഉൾപ്പെടുത്തണമെന്നാണു് എനിക്കു ഗവണ്മെന്റിനേയും സഭയേയും അറിയിക്കുവാനു

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. Madhavan.]

ള്ളതു്. അതുകൊണ്ടു് ഇങ്ങനെയുള്ള ചില വ്യത്യാസങ്ങൾ വരുത്താൻ വേണ്ടി ഇതു് ഒരു സെലക്ടു് കമ്മറ്റിക്കു് അയച്ചു് വേണ്ട വ്യത്യാസങ്ങൾ വരുത്തി എത്രയും വേഗത്തിൽ നിയമമാക്കണമെന്നു പക്ഷിച്ചുകൊണ്ടു ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

MR. P. BALAKRISHNAN TAMPI: I want to give a personal explanation. Sir. I wish tomake it very clear that my friend Mr. Madhavan misunderstood me. I did not directly or indirectly state that any section of the people is entitled to any special consideration in public service. I made it very plain that no community as such is entitled to any voice and he has mistaken that I wanted applications from individuals should be considered on their merits. I have never entered into a state of heredity. I am not going to do it. I do not want to say anything about the composition of the legislature. I do not want to say anything about it because those considerations are irrelevant to the issue. I come from a constituency where there are people belonging to all communities and I speak for the Ezhavas also.

MR. P. S. MOHAMMED: സർ, ഒരു പായൻറ് ഓഫ് ഓഡർ. ഒരു മെംബർ ഒരു വിഷയത്തെക്കുറിച്ചു പ്രസംഗിച്ചു കഴിഞ്ഞതിനു ശേഷം വീണ്ടും ആ വിഷയത്തെക്കുറിച്ചു പ്രസംഗിക്കാമോ?

MR. P. BALAKRISHNAN TAMPI: ഞാൻ പ്രസംഗിക്കുന്നില്ല.

Therefore I represent all communities in that particular area. There they believe that they do not have any inferiority complex. Any man from my constituency, whether he is a Pulaya or Paraya, come up by open competition. There is no inferiority feeling any where in my constituency.

Therefore, Sir, I have also stated that there have been complaints in the past and hereafter such difficulties ought to be overcome and impartial Public Service Commissioners should be appointed.

MR. A. K. PATCHU PILLAI (*peermade—General*): സർ, ഈ ബില്ലിനെ സ്വാഗതം ചെയ്യുവാനല്ല ഞാൻ ഇവിടെ നിൽക്കുന്നതു്. ഇന്നലെയും ഇന്നും ഈ സഭയിൽ നടന്ന പല പ്രസംഗങ്ങളും സശ്രദ്ധം ഞാൻ കേട്ടു. ആ പ്രസംഗങ്ങളിൽനിന്നും ഈ ബില്ലിനെ വാനോളം പുകഴ്ത്തുന്നതായി കണ്ടു. ആദ്യമായി ഈ ബില്ലു് ഈ സഭയിൽ വന്നപ്പോൾ ഇതു് ഒരു ഗുണപ്രദമായ ബില്ലായിരിക്കും എന്നു ഞാൻ ധരിച്ചിരുന്നു. അതിനുശേഷം ഈ സഭയുടെ നടപടി നല്ലവണ്ണം ഗ്രഹിച്ചതിനുശേഷം ഈ ബില്ലിനെ നല്ലവണ്ണം പരിശോധിക്കയും പഠിക്കയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ല് ഇപ്പോൾ പരിശോധിച്ചതിൽ ഇതുകൊണ്ട് യാതൊരു ഗുണവും കാണാൻ ഇടയില്ലെന്ന മനസ്സിലായി. അനാവശ്യമായ ഒരു അനാവശ്യ ശിശുവായി ഞാൻ ഇതിനെ കരുതുന്നു. ഇതിന് പല കുറവുകളും ഉണ്ട്. ഇതു കഴമ്പില്ലാത്ത ഒരു പൊതു ബില്ലാണ്.

ആദ്യമായി ഈ ബില്ല് അനുസരിച്ച് അതിന്റെ പ്രവർത്തനത്തിനായി ഒരു കമ്മിഷനെ ഏർപ്പെടുത്താൻപോകുന്നതായി കാണുന്നു. ആ കമ്മിഷൻ വേണമോ? അതിന്റെ പ്രവർത്തന പരിധിക്കൊരു സുസ്ഥിരത വേണ്ടേ? ഇവ യാതൊന്നും ഇതിൽ കാണുന്നില്ല. ഇവക്ക് ശമ്പളം കൊടുക്കേണ്ടതു് ഗവണ്മെന്റു റെവന്യൂവിൽ നിന്നാണെന്നു പറയുന്നു. ഇവിടെ മി. ശിവരാമപിള്ള അവർകൾ പറയുകയുണ്ടായി അദ്ദേഹത്തിന്റെ ബഡ്ജറ്റു പ്രസംഗത്തിൽ ഇവിടത്തെ ബഡ്ജറ്റ് ഒരു നഷ്ട ബഡ്ജറാണെന്ന്. അതു ഏകദേശം അങ്ങനെതന്നെയാണെന്ന് ധനകാര്യമന്ത്രിയും അടുത്തദിവസം സമ്മതിച്ചു. ആ നിലയ്ക്ക് ഈ കമ്മിഷന്റെ പ്രവർത്തനത്തെ എങ്ങിനെ നിർവഹിക്കാൻ സാധിക്കും. ഒരു കമ്മിഷനെ നിയമിക്കണമെങ്കിൽ അവരുടെ യോഗ്യതയ്ക്കും സ്ഥിതിയ്ക്കും അനുസരിച്ചുള്ള ശമ്പളം കൊടുക്കേണ്ടിയിരിക്കുന്നു. അതിനുള്ള പണം എവിടെ നിന്നെടുക്കണം എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ഇതിലേക്ക് ഇതിനകം സപ്ലിമെന്ററി ഗ്രാന്റ് ഹാജരാക്കിക്കഴിഞ്ഞിട്ടില്ല. ഇനിയും ഹാജരാക്കി ധനാഗമന മാർഗ്ഗങ്ങൾ, എവിടെ എന്നു നോക്കേണ്ടിയിരിക്കുന്നു. കമ്മിഷന്റെ സ്ഥിതി, അതിലേക്കുള്ള ധനാഗമനമാർഗ്ഗം, ഇന്നത്തെ നമ്മുടെ ധനസ്ഥിതി, ഈ വക സംഗതികൾ വച്ചു നോക്കുകയാണെങ്കിൽ നാം ഇന്ന് അതുത്തോളം എത്തിയിട്ടില്ല.

ഇന്നത്തെ ഇവിടത്തെ വർഗ്ഗീയ ഭിന്നതയെപ്പറ്റി പല മെമ്പറന്മാരും ഇവിടെ പ്രസംഗിച്ചുകേട്ടു. വർഗ്ഗീയ ഭിന്നതയോടുകൂടിയ നമ്മുടെ ചിന്തയുടെ ഫലമാണ് ഈ ബില്ല് എന്നു ഞാൻ കാണുന്നു. ഇന്നത്തെ നില അനുസരിച്ചു നോക്കിയാൽ ഓരോ സമുദായത്തിനേയും പ്രാതിനിദ്ധ്യം ഈ കമ്മിഷനു വേണം. തീർച്ചയായും ഓരോ സമുദായത്തിനും അതായത് നായർക്കും ക്രിസ്ത്യാനിക്കും ഈഴവനും മുസ്ലീമിനും പിന്നോക്ക സമുദായത്തിനും തമിഴ് നാട്ടുകാർക്കും എല്ലാം ഇന്നത്തെ നിലയ്ക്ക് പ്രാതിനിദ്ധ്യം കൊടുക്കേണ്ടിയിരിക്കുന്നു. ആ വാദം സ്വീകരിച്ച് അതു ന്യായമായ വാദമാണെന്നു നാം സമ്മതിച്ചുകൊടുക്കുകയും ചെയ്യണം. അങ്ങിനെ നോക്കുകയാണെങ്കിൽ ഇന്ന് ഈ വരാൻ പോകുന്ന കമ്മിഷനിൽ അതോ ഏഴോ പേരെ എടുക്കേണ്ടിവരും. അപ്പോൾ ഈ കമ്മിഷനിൽ ഉള്ളവർക്ക് അവരുടെ സ്ഥിതി നോക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Patchu Pillai.]

ണെങ്കിൽ ഹൈക്കോടതി ജഡ്ജിയുടെ സ്റ്റാറ്റസ് ആണെന്നും പറയുന്നു. ആ ശമ്പളവും പദവിയും അതിൽ ഓരോ അംഗത്തിനും കൊടുക്കേണ്ടതായി വരും. അങ്ങനെ ഒരു ഭീമമായ ചെലവാണ് ഇതിൽനിന്നും ഉണ്ടാകുന്നത്. ഈ ഭീമമായ ചെലവു ചെയ്യുന്ന കമ്മീഷനെ നിയമിച്ചാൽ തന്നെ അതിനനുഗുണമായി യാതൊന്നുംതന്നെ ഈ നിയമനം പരിശോധിച്ചതിൽ കാണുന്നില്ല. ഈ കമ്മിഷന്റെ ജോലികളെപ്പറ്റി പറയുന്ന ഭാഗം പരിശോധിച്ചതിൽ ഇവർക്ക് പരീക്ഷകൾ നടത്തുക, ഗവണ്മെന്റിന് ആവശ്യമുള്ള ഉപദേശങ്ങൾ നൽക, എന്നതുമാണ് കാണുന്നത്. ഇവിടെ റവ. സി. എസ്സ്. എന്നൊരു പരീക്ഷ കുറെ ആണ്ടുകളായി നടന്നു വരുന്നതും നാം അറിഞ്ഞിട്ടുള്ളതാണ്. ആ പരീക്ഷ നടത്തിയ കാലത്തു കാഴ്ചക്കുമതയെപ്പറ്റിയോ സമുദായ പ്രാതിനിധ്യത്തെ പറ്റിയോ യാതൊരു പരാതികളും നാം കേട്ടിരുന്നില്ല. ഇതെല്ലാം ആലോചിച്ചു നോക്കിയാൽ ഇത്ര ഭീമമായ സംഖ്യ ചെലവുചെയ്യുന്ന കമ്മിഷനെ സൃഷ്ടിക്കേണ്ട ആവശ്യം എന്താണെന്നു ഞാൻ ചോദിക്കുന്നു. ഉപദേശം നൽകുന്നതിനാണെങ്കിൽ ഈ കമ്മിഷന്റെ ആവശ്യം ഗവണ്മെൻറിനില്ല. അതിനുവേണ്ടി ഇത്ര ഭീമമായ ഒരു സംഖ്യ ചെലവു ചെയ്യുന്ന ഒരു കമ്മിഷനെ നിയമിക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

ഇവിടെ ഇന്നലേയും ഇന്നും പല മെംബറന്മാരും സംസാരിച്ചു കേട്ടു. ഇന്നത്തെ പബ്ലിക്ക് സർവീസിൽ എല്ലാവർക്കും ശരിയായ ഒരു പ്രാതിനിധ്യം കിട്ടുന്നില്ല, ചില സമുദായക്കാർ മാത്രം ഉദ്യോഗങ്ങൾ കരസ്ഥമാക്കിയിരുന്നു എന്നെല്ലാം. എന്നാൽ ഈ കമ്മിഷനെ നിയമിച്ചാൽ ഇന്നു സംജാതമായിരിക്കുന്ന എന്നു പറയുന്ന അനീതിക്ക് ഒരു പരിഹാരം ഉണ്ടാകുമോ എന്നു ഞാൻ ചോദിക്കുന്നു. ഇപ്പോഴത്തെ നിയമിക്കാൻപോകുന്ന കമ്മീഷൻ തന്നെ നാം തെരഞ്ഞെടുക്കുന്നതാണ്.

The House adjourned for lunch at 1 P. M. and reassembled at 2 P. M. with the President in the Chair.

MR. A. K. PATCHU PILLAI : കഴിഞ്ഞ ഒരു ദിവസം നീതിന്യായവകുപ്പിനെ വിമർശിച്ചുകൊണ്ട് ഒരു പ്രമേയം ഹാജരാക്കിയ ബഹുമാനപ്പെട്ട മെമ്പർ മി. നാണു പറയുകയുണ്ടായി, നമ്മുടെ ജുഡിഷറിയിൽ 90 ശതമാനവും കൈക്കൂലിയും അഴിമതിയുംകൊണ്ട് ദുഷിച്ചുപോയി എന്ന്. അങ്ങിനെയാണെങ്കിൽ അല്ലെങ്കിൽ അതിൽ ഒരു ഭാഗമെങ്കിലും ശരിയാണെങ്കിൽ—ഒരു പബ്ലിക്കുസർവീസ് കമ്മീഷന്റെ നിയമനം

LIBRARY ARCHIVES Kerala Legislative Assembly

മൂലം എങ്ങനെ ഈ വക പരാതികൾ പരിഹരിക്കുമെന്നാണ് ഞാൻ ചോദിക്കുന്നത്. കോടതികളിൽ കേസുകൊടുക്കുന്നതിനായിട്ട് കക്ഷികൾ സജാതീയരെ സമീപിക്കുന്നു. അതുപോലെതന്നെ കേസു ജയിക്കുന്നതിനായിട്ട് വക്കീലന്മാരും സജാതീയ ജഡ്ജിയെ സമീപിക്കുന്നു. ഇതാണ് ഇന്നു കാണുന്ന വ്യസനകരമായ അവസ്ഥ. ഇതിന്റെ എല്ലാം രഹസ്യം നമ്മുടെ സമുദായഗാത്രത്തിൽ എന്തോ വലിയ ഒരു രോഗം പിടിപെട്ടിരിക്കുന്നു എന്നാണ്. ആ രോഗത്തെ സമൂലം നിവാരണം ചെയ്യുകിലല്ലാതെ നമ്മുടെ പബ്ലിക്ക് സർവ്വീസ് ശുദ്ധമാകയില്ല. ഉദ്യോഗവിതരണകാര്യത്തിൽ നിഷ്പക്ഷത പാലിക്കത്തക്കവണ്ണമുള്ള ഒരന്തരീക്ഷമാണ് നമുക്കിന്നാവശ്യം. എന്നു വിചാരിച്ച് കാര്യക്ഷമതനോക്കി ഉദ്യോഗം കൊടുക്കരുതെന്നല്ലാ ഞാൻ പറയുന്നത്. കാര്യക്ഷമതയെ അടിസ്ഥാനപ്പെടുത്തിതന്നേവേണം ഉദ്യോഗംകൊടുക്കേണ്ടത്. പക്ഷെ, സ്വസമുദായത്തിന്റെപേരിൽ അല്ലെങ്കിൽ സ്വജാതിയുടെ പേരിൽ എന്തെങ്കിലും ഒരു പ്രത്യേകത ഉദ്യോഗസ്ഥന്മാർ കാണിക്കുന്നതായാൽ എത്ര പബ്ലിക്ക് സർവീസ് കമ്മീഷൻതന്നെ വന്നാലും ഇവിടെ നീതിലഭിക്കുമെന്നു തോന്നുന്നില്ല. മറെറാരു കാര്യം പറയുന്നതായാൽ മന്ത്രിമാർ ഏറെറടുത്തിരിക്കുന്നതായ ഈ ഉദ്യോഗവിതരണം എന്തിനാണ് വേറൊരു സമിതിയുടെ ഉത്തരവാദിത്വത്തിൽപോകുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. മന്ത്രിസഭയുടെ സ്ഥാനത്തു് ഒരു ഉപമന്ത്രിസഭയെ ഇതുകൊണ്ടു സൃഷ്ടിക്കുകയായിരിക്കും. നീതിബോധത്തോടും ഉത്തരവാദിത്വത്തോടും കൂടിയുള്ള ഗവണ്മെൻറിൽനിന്നും തെരഞ്ഞെടുത്തു നിയമിക്കുന്ന പക്ഷം പബ്ലിക്ക് സർവീസിനെപ്പററി യാതൊരു പരാതിയും ഉണ്ടാകയില്ലെന്നാണ് എന്റെ അഭിപ്രായം. പക്ഷെ, ഇന്നത്തെ ഗവണ്മെൻറ് അതിന് തയ്യാറാകണം. അതിനുള്ള മനഃസ്ഥിതി ഇത്തത്തെ ഗവണ്മെൻറിന് ഉണ്ടാകണം അങ്ങനെ സന്മാർഗ്ഗബോധമുള്ള ആളുകളെ ഉദ്യോഗത്തിൽ പ്രവേശിപ്പിച്ച് രാജ്യസേവനം നടത്തുന്നതുതന്നെ രാജ്യത്തിനും രാജ്യവാസികൾക്കും ക്ഷേമകരമാണ്. ഇങ്ങനെ വളരെക്കാലമായി ദുഷിച്ചുകിടന്ന നമ്മുടെ പബ്ലിക്ക് സർവീസിന്റെ ഇന്നത്തെ വ്യസനകരമായ അവസ്ഥ നശിപ്പിക്കുന്നപക്ഷം പബ്ലിക്ക് സർവീസിനെ സംബന്ധിച്ചിടത്തോളവും പൊതുജനങ്ങളുടെ ഇടയിൽ ശാന്തിയും സമാധാനവും ഉണ്ടാകുന്നതാണ്. അതല്ലാതെ പബ്ലിക്ക് സർവീസ് കമ്മീഷൻബില്ല കൊണ്ടുവന്നതുകൊണ്ടോ, അങ്ങനെ ഒരു കമ്മീഷനെ നിയമിച്ചതുകൊണ്ടോ പബ്ലിക്ക് സർവീസ് പരിശുദ്ധമാകുന്നില്ല. ഈ ബിൽ ഈ രാജ്യത്തെ സമുദായഭിന്നതയുടെ നിത്യമായ ഒരു മുദ്രയായിരിക്കും. ഇന്നു നാട്ടിൽ സമുദായങ്ങൾ തമ്മിലുള്ള ഭിന്നിപ്പാണ് ഈ കുഴപ്പങ്ങളെല്ലാം ഉണ്ടാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Patchu pillai]

അതുകൊണ്ട് നാട്ടിൽ സമുദായസൗഹാർദ്ദം പുലർത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ ഗവണ്മെൻറിനെടുക്കാമോ സൗഹാർദ്ദം വളർത്തുന്നതിനു സമുദായപ്രമാണികൾക്കു ഈ സഭയുടെ അകത്തും പുറത്തും എന്തെല്ലാം ചെയ്യാമോ അതൊക്കെ എടുക്കുകയുംചെയ്ത് അങ്ങിനെ ജാതിമതചിന്തകൾക്കതീതമായ ഒരന്തരീക്ഷം സൃഷ്ടിക്കയും ചെയ്യണം. അങ്ങിനെ വരുമ്പോൾ ഇന്നുകാണുന്ന മത്സരങ്ങളും ഭിന്നിപ്പുകളും മാറി, ജനങ്ങൾക്ക് ഐക്യവും സൗഹാർദ്ദതയും ഉണ്ടാകുകയും അതോടുകൂടി ഉദ്യോഗം സംബന്ധിച്ചുണ്ടാകാവുന്ന സകല പരാതികൾക്കും ശമനം ഉണ്ടാകുകയുംചെയ്യും. അതല്ലാതെ പബ്ളിക്ക് സർവീസ് കമ്മീഷനെ നിയമിച്ചതുകൊണ്ട് കാര്യമായില്ല. ഇന്നത്തെനില അതു അഭിവൃദ്ധിപ്പെടുത്താനും പോകുന്നില്ല. ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

MR. KANNARA GOPALA PANICKAR: സർ, ഈ ബില്ലിനെ എതിർത്തുകൊണ്ട് ഒന്നുരണ്ട് മാന്യസ്നേഹിതന്മാർ ഇവിടെ സംസാരിക്കയുണ്ടായി. അതിൽ ഒരു മാന്യസ്നേഹിതൻ പറഞ്ഞതു് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതു്, അനാവസരത്തിലാണെന്നും ക്രൂരമായതെ അനാവശ്യമാണെന്നുമാണ്. സർ, ഫ ഫ ഫ ക-ന മുമ്പ് ഉദ്യോഗങ്ങൾക്കുവേണ്ടി പല സമുദായങ്ങളും തമ്മിൽ മത്സരങ്ങളും ഭിന്നിപ്പുകളും ഉണ്ടായിട്ടുണ്ടെന്നുള്ള വിവരം നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണ്. എന്നാൽ അങ്ങനെയുള്ള സമുദായമത്സരങ്ങൾക്കും (ഉദ്യോഗങ്ങളെ സംബന്ധിച്ച്) ഭിന്നിപ്പിനും ഒരു ഉപശാന്തി ഉണ്ടായതു് നിലവിലിരിക്കുന്ന ഇന്നത്തെ പബ്ളിക്ക് സർവീസ് കമ്മിഷണരുടെ നിയമനം മൂലമാണ്. എന്നാലും ഗവണ്മെൻറു് ഈ നിയമനങ്ങളെ നാവിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. ഉത്തരവാദഭരണം കിട്ടുന്നതിനു മുമ്പു് അതായതു് സ്വേച്ഛാധിപത്യഭരണം നിലവിലിരുന്ന കാലത്തു് പബ്ളിക്ക് സർവീസ് കമ്മീഷണർ ഉണ്ടായിരുന്നിട്ടും പല നിയമനങ്ങളിലും അന്നത്തെ ഗവണ്മെൻറു കൈകടത്തിയിട്ടുണ്ട്. ഇപ്പോഴും ന്യായരഹിതമായി ഉദ്യോഗവിതരണം നടത്തുന്നുവെന്നു പറഞ്ഞു പരാതികൾ ഉണ്ടായിട്ടുണ്ട്. സ്വേച്ഛാധിപത്യഭരണം നടന്നുകൊണ്ടിരുന്ന അവസരത്തിൽ ഈമാതിരി കാര്യങ്ങൾ നടന്നിട്ടുണ്ടെങ്കിലും, ജനായത്ത ഗവണ്മെൻറിൻെറ ഭരണകാലത്തു ഇതു ഒരിക്കലും അനുവദിക്കാൻ പാടില്ല. അതുകൊണ്ടു ഉദ്യോഗവിതരണകാര്യം കാര്യക്ഷമമായി നടക്കണമെങ്കിൽ അതിലേക്കു ഒരു പ്രത്യേക കമ്മിഷനെത്തന്നെ നിയമിക്കേണ്ടതാണ്. അതിലേക്ക് ആവശ്യമുള്ള പണം ഗവണ്മെൻറു് അനുവദിക്കുകതന്നെവേണം. ആവശ്യമുള്ള കാര്യങ്ങൾക്കു പണമില്ലെന്നു പറയുന്നതു ഒരിക്കലും ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

എനിക്കു മറെറാന്നു പറയാനുള്ളതു്, ഈ ബില്ലിൽ സെക്ഷൻ 2 ക്ലാസ്സ് 2-ൽ പറഞ്ഞിരിക്കുന്നതു്, ഈ കമ്മിഷനിലെ ചെയർമാൻ ഉദ്യോഗകാലാവധികഴിഞ്ഞാൽപിന്നെ അദ്ദേഹത്തിനു മറെറാരു ഉദ്യോഗവും സ്വീകരിക്കാൻ അർഹതയില്ലെന്നും എന്നാൽ അതിലെ മാറംഗങ്ങൾക്കു മഹാരാജാവുതിരുമനസ്സിലെ അനുമതിയുണ്ടെങ്കിൽ ഉദ്യോഗം കൊടുക്കാമെന്നുമാണു്. എന്നാലും അതിലെ ചെയർമാൻ ഉദ്യോഗത്തിൽ പ്രവേശിക്കാൻ പാടില്ലെന്നു പറഞ്ഞിരിക്കുന്നതു കഷ്ടമാണു്. അതിൽ അല്പം ഭേദഗതി വരുത്തേണ്ടതുണ്ടു്. കമ്മിഷനറുടെ കാലാവധികഴിഞ്ഞാലും ഉദ്യോഗത്തിനു അർഹതയുള്ളവർക്കെല്ലാം ഉദ്യോഗംകൊടുക്കേണ്ടതാണു്. സർ, ഇങ്ങനെ ഒരു കമ്മിഷനെ നിയമിക്കുന്നതോടുകൂടി തിരുവിതാംകൂറിലുള്ള സകല ഡിപ്പാർട്ടുമെൻറുകളിലേയും നിയമങ്ങളെസംബന്ധിച്ചുള്ള അധികാരം ഈ കമ്മിഷനുടെ പരിധിയിൽ ആക്കിത്തീർക്കണം. അടുത്തതായി എനിക്കു പറയുവാനുള്ളതു് സെക്ഷൻ 2, ക്ലാസ്സ് 4-ൽ പറഞ്ഞിരിക്കുന്ന, സർവ്വീസു കമ്മിഷനേയും അതിലെ അംഗങ്ങളേയും ഗവണ്മെൻറു് നിയമിക്കുന്നതാണെന്നു്. ആ നിയമനത്തിൽ ഉദ്യോഗസ്ഥന്മാരെയാണൊ നിയമിക്കുന്നതു്, അതോ അനുദ്യോഗസ്ഥന്മാരെയാണൊ നിയമിക്കുന്നതെന്നു് ഇവിടെ വ്യക്തമാക്കിയിട്ടില്ല. ക്ലാസ്സ് 8-ൽ പറഞ്ഞിരിക്കുന്നതനുസരിച്ചു് കമ്മിഷനോടു ആലോചിക്കാതെ ചില ഉദ്യോഗം നടത്തുന്നതാണെന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് ഇന്നത്തെപ്പോലെയുള്ള ന്യായരഹിതമായ പ്രവർത്തികൾ അന്നും നടക്കുമെന്നു വിചാരിക്കാൻ സാധിക്കയുള്ളു. അതുകൊണ്ടു് അവിടേയും ഒരു ഭേദഗതിയുടെ ആവശ്യമുണ്ടു്. ചുരുക്കിപ്പറയുന്നപക്ഷം യാതൊരു നിയമനങ്ങളെസംബന്ധിച്ചിടത്തോളവും ഗവണ്മെൻറു് അതിൽ കൈകടത്താൻ ഉദ്യമിക്കരുതു്. അങ്ങിനെയായാൽ വളരെ കാര്യക്ഷമതയോടുകൂടി ഈ കമ്മിഷൻ ഉദ്യോഗവിതരണം നടത്തിക്കൊള്ളും.

MR. P. CHACKO (*Thiruvalla V—General*): സർ, ഈ ബില്ലിനെ സ്വാഗതം ചെയ്തുകൊണ്ടു ചില കാര്യങ്ങൾ ബഹുമാനപ്പെട്ട സഭയുടെ മുമ്പാകെ കൊണ്ടുവരണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ഒരു ജനസമുദായത്തിൻറെ മൗലികാവകാശങ്ങളിൽ അതിപ്രധാനമായിരിക്കുന്ന ഒന്നാണു പബ്ലിക്കു് സർവീസിലെ പ്രാതിനിധ്യം. തിരുവിതാംകൂറിൽ ഇന്നു് അനുവധി ജനസമുദായങ്ങൾ ഉണ്ടെന്നുള്ളതു് കേവലം പരമാർത്ഥമത്രെ. പബ്ലിക്കു് സർവീസിലേക്കു പ്രാതിനിധ്യം അനുവദിക്കുന്നതിനു് ആവശ്യമായ പ്രധാന സംഗതി വിദ്യാഭ്യാസമാണു്. ഈ സഭയിലെ അവശ സമുദായ മെമ്പറന്മാരിൽ പലരും അവരുടെ സമുദായ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Chacko]

ത്തിലെ അധികമാളുകളും വിദ്യാഭ്യാസ പരമായി വളരെയധികം അവശതകൾ അനുഭവിച്ചിട്ടുണ്ടെന്നുള്ളതു് സ്മരണീയമാണു്. എന്റെ മാന്യസ്നേഹിതൻ മി. ടി. ടി. കേശവൻ ശാസ്ത്രി, അദ്ദേഹത്തിനായി ഒരു ഗവണ്മെൻറ് സ്കൂളിൽ പ്രവേശനം ലഭിക്കുന്നതിനു് അന്നു് എത്രമാത്രം വൈഷമ്യങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു എന്നു് ഇവിടെ പ്രസ്താവിക്കയുണ്ടായി. അന്നത്തെ അളുകൾ അവശസമുദായ വിദ്യാർത്ഥികളെ വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുക എന്നതു് വലിയ വിപ്ലവകരമായ ഒരു കാര്യമായിത്തന്നെ വീക്ഷിച്ചിരുന്നു. പിന്നോക്ക സമുദായങ്ങളിലെ അളുകൾക്കു് ഗവണ്മെൻറ് സ്കൂളുകളിൽ പ്രവേശനം അനുവദിച്ചിട്ടു് ഇപ്പോൾ ഒരു നാൽപ്പതു കൊല്ലത്തിലധികമായിട്ടില്ല. അങ്ങനെ വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന സമുദായങ്ങളെ വിദ്യാഭ്യാസ വിഷയത്തിൽ വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള മറ്റു സമുദായങ്ങളെപ്പോലെതന്നെ പരിഗണിച്ചു് മൽസര പരീക്ഷകൾമൂലം ഉയർന്ന ഉദ്യോഗങ്ങളിൽ പ്രവേശിപ്പിക്കുന്നതിനുള്ള ഒരു വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അതിനെ ശക്തിയായി പിൻതാങ്ങിക്കൊണ്ടു് ശ്രീമാൻ ബാലകൃഷ്ണൻതമ്പി അവർകൾ ഇവിടെ പ്രസംഗിക്കയുണ്ടായി. യാതൊരു സമുദായത്തേയും പരിഗണിക്കേണ്ടതില്ലെന്നും പരീക്ഷ മാത്രം നോക്കി ഉദ്യോഗങ്ങൾ കൊടുക്കുന്നതാണു് നല്ലതെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ഇൻഡ്യൻ ഡ്രാഫ്റ്റു് കാൺസ്റ്റിറ്റ്യൂഷൻ മൂന്നാം വകുപ്പു് ഏ-ാം ഉപവകുപ്പിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ടു്:

"Nothing in this article shall Prevent the State from making any provision for the Reservation of Appointments or Posts in favour of any Backward Class of Citizens who in the opinions of the state are not adequately represented in the Services under the state."

ഇൻഡ്യൻ കാണ്സ്റ്റിറ്റ്യൂഷനിലെ വ്യവസ്ഥ ഇങ്ങനെയിരിക്കുമ്പോൾ ഇതുപോലുള്ള വ്യവസ്ഥകൾക്കു വിധേയമായി സംസ്ഥാനങ്ങളിലും ഒരു വ്യവസ്ഥ സ്വീകരിക്കുന്നതിനു് പൂർണ്ണമായ അവകാശമുണ്ടു്. ശ്രീമാൻ തമ്പി അവർകളുടെ അഭിപ്രായം അനുസരിച്ചാണെങ്കിൽ വിദ്യാഭ്യാസത്തിൽ പുരോഗമിച്ചിട്ടില്ലാത്ത അവശ സമുദായങ്ങളിലെ അംഗങ്ങൾക്കും ഒരു ഡിപ്പാർട്ടുമെൻറിലേയും പ്രധാനപ്പെട്ട ഉദ്യോഗങ്ങൾ വഹിക്കുന്നതിനു് സാധിക്കുകയില്ല. ഇന്നു് വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന അളുകൾ എത്രമാത്രം കഷ്ടതകളും ദുരിതങ്ങളും അനുഭവിച്ചാണു് അവരുടെ വിദ്യാഭ്യാസം നടത്തിക്കൊണ്ടുപോകുന്നതെന്നു് നാം ആലോ

LIBRARY ARCHIVES Kerala Legislative Assembly

ച്ചിക്കണം. ഒരു നേരത്തെ ആഹാരം കഴിക്കുന്നതിനുപോലും നിവൃത്തി യില്ലാത്ത ആളുകളാണ് പിന്നോക്ക സമുദായങ്ങളിൽ അധികവുമുള്ളത്. ഉച്ചഭക്ഷണത്തിനു വകയില്ലാത്തതിനാൽ ബുദ്ധിശക്തിയും ആരോഗ്യവും ക്ഷയിച്ചാണ് ഒരു പ്രകാരത്തിൽ അവരിൽ ചിലർ സ്കൂൾഫൈനലോ ബി. എ. യോ പാസാകുന്നത്. അങ്ങിനെയുള്ളവർക്ക് പബ്ളിക്ക് സർവീസിൽ ഒരു മത്സരപരീക്ഷവച്ചാൽ മറ്റുള്ള ആളുകളോട് കിട പിടിക്കത്തക്കവണ്ണം മാർക്ക് ലഭിക്കുവാൻ സാധിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. ഈ ബില്ലിലും ഇൻഡ്യൻ ഡിറാഫ്റ്റ് കാൺസ്റ്റിറ്റ്യൂഷനിലെ നാം വകുപ്പിലെ വ്യവസ്ഥയനുസരിച്ച് പിന്നോക്ക സമുദായാംഗങ്ങൾക്ക് ശരിയായ സംരക്ഷണ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചില്ലെങ്കിൽ അവരെ സംബന്ധിച്ചിടത്തോളം അതു വളരെ വിഷമകരമായിരിക്കും.

ഇവിടത്തെ പബ്ളിക്ക് സർവീസിലെ അനാശാസ്യമായ നടപടികളെപ്പറ്റി ഉണ്ടായിട്ടുള്ള പരാതികൾ തീർക്കുന്നതിനായി ട്രാൻസ്-ൽ ഒരു പബ്ളിക്ക് സർവീസ് കമ്മിഷണർ ഉദ്യോഗം സൃഷ്ടിച്ചിട്ടുണ്ട്. ആ പബ്ളിക്ക് സർവീസ് കമ്മീഷണരുടെ നിയമനങ്ങൾക്ക് അടിസ്ഥാനമായി എടുത്തിട്ടുള്ളത് ട്രാൻസ്-ലെ സെൻസസ് അനുസരിച്ചുള്ള കണക്കുകളാണ്. എന്നാൽ ട്രാൻസ്-ലെ സെൻസസ് അനുസരിച്ച് ട്രാവൻകൂർ അതായത് ഉദ്ദേശം ഒന്നര ലക്ഷത്തിനുമേൽ ജനസംഖ്യയുണ്ടായിരുന്ന ഈ രാജ്യത്തെ അവശ സമുദായങ്ങളിൽ ഒന്നായ ചേരമർ ക്രിസ്ത്യൻ സമുദായത്തെയും ട്ര ലക്ഷത്തോളം ജനസംഖ്യയുണ്ടായിരുന്ന സാംബവർ ക്രിസ്ത്യൻ സമുദായത്തെയും അവഗണിച്ചുകൊണ്ടാണ് അന്നത്തെ രാജകാര്യം ഉണ്ടാക്കിയിരിക്കുന്നത്. അങ്ങിനെ ചെയ്തിരിക്കുന്നതു ഏതു ന്യായത്തെ അടിസ്ഥാനമാക്കിയാണെന്നു ആ സമുദായത്തിലെ ആളുകളെ ധരിപ്പിക്കുന്നതിനു ഗവണ്മെൻറു ഇതുവരെ ശ്രമിച്ചിട്ടില്ല എന്നമാത്രമേ എനിക്കു മനസിലാക്കാൻ സാധിച്ചിട്ടുള്ളൂ.

MR. PRESIDENT: മെമ്പർ ബില്ലിനെപ്പറ്റി മാത്രം പരാമർശിച്ചാൽ കൊള്ളാം.

MR. P. CHACKO: യാതൊരു ന്യായവുംകൂടാതെ അന്നു് അങ്ങിനെ ഒഴിവാക്കപ്പെട്ടിട്ടുള്ള ആ സമുദായങ്ങളേക്കൂടി ഉൾക്കൊള്ളിക്കുന്നതിനായിട്ടു ഞാൻ ആ സംഗതി ഈ സഭയെ ധരിപ്പിച്ചു എന്നമാത്രമേയുള്ളൂ. അന്നു് പബ്ളിക്ക് സർവീസ് റൂൾസ് ഉണ്ടാക്കിയപ്പോൾ അതു മുന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Chacko]

കൊല്ലം കഴിഞ്ഞു റിവൈസ് ചെയ്യുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു എന്നു ഞാൻ അറിയുന്നു. എന്നാൽ ഇപ്പോൾ അനേകം മൂന്നു വർഷങ്ങൾ കഴിഞ്ഞിട്ടും അതു റിവൈസ് ചെയ്തിട്ടില്ല. ഈ പുതിയ ബില്ല് പാസാക്കിക്കഴിഞ്ഞാൽ ആ നിയമന വ്യവസ്ഥകളെ പുനഃപരിശോധന ചെയ്ത് അന്ന് വിട്ടുപോയിട്ടുള്ള സമുദായങ്ങളെകൂടി ഉൾപ്പെടുത്തി റൂളുകൾ ഉണ്ടാക്കാൻ ഗവണ്മെൻറു ശ്രമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതിനും പുറമെ മറ്റൊരു കാര്യംകൂടി എനിക്കു പറയുവാനുണ്ട്. ഇന്നു ഇവിടെതന്നെ വലിയ വാദപ്രതിവാദത്തിനും വിമർശനങ്ങൾക്കും ഇടയാക്കിയിട്ടുള്ള നിയമനങ്ങൾ തീർച്ചയായും ഇങ്ങനെ ഒരു കമ്മിഷൻ ഉണ്ടായിരുന്നുവെങ്കിൽ ഇവിടെ നടക്കുകയില്ലായിരുന്നു. നിയമനങ്ങൾ പബ്ളിക്കു സർവീസ് കമ്മിഷൻ മുഖേന നടത്തുകയാണെങ്കിൽ ഇങ്ങനെയുള്ള പരാതികൾക്കോ അനാശാസ്യ സംഭവങ്ങൾക്കോ ഇടയാകുകയില്ലെന്നുള്ളതു് ഏറ്റവും വലിയ ഒരു പരമാർത്ഥമത്രെ. ഇനിയൊന്നു പറയുവാനുള്ളതു് ഏതെങ്കിലും ഒരു പരീക്ഷ പാസായ രണ്ടുപേരിൽ ഒരാൾ സെക്രട്ടേറിയറ്റിലും മറ്റെയാൾ മറ്റേതെങ്കിലും ഡിപ്പാർട്ട്മെൻറിലും പ്രവേശിച്ചു എന്നിരിക്കട്ടെ. സെക്രട്ടേറിയറ്റിൽ പ്രവേശിക്കുന്ന ആൾക്കു് വലിയ വിഷമംകൂടാതെതന്നെ വലിയ ഉദ്യോഗങ്ങളിലേക്കു് ഉയർന്നു പോകുന്നതിനു് ധാരാളം സാദ്ധ്യതകൾ ഉണ്ടു്. എന്നാൽ മറ്റു ഡിപ്പാർട്ട്മെൻറിൽ പ്രവേശിക്കുന്ന ആളിനു് സെക്രട്ടേറിയറ്റിൽ പ്രവേശിച്ച ആളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ പറയത്തക്ക യാതൊരു ഉയർച്ചയുള്ളും വഴിയില്ല. പെൻഷൻ പറ്റുന്ന അവസരത്തിൽ സെക്രട്ടേറിയറ്റിൽ പ്രവേശിച്ച ഉദ്യോഗസ്ഥനു ലഭിക്കുന്നതിൻെറ പകുതി പെൻഷൻപോലും മറ്റു ഡിപ്പാർട്ട്മെൻറിൽ പ്രവേശിച്ച ആളിനു് വാങ്ങാൻ സാധിക്കുന്നില്ല. ഇതെല്ലാവർക്കും അറിയാവുന്ന ഒരു പരമാർത്ഥമാണു്. ഇങ്ങിനെ ഉദ്യോഗനിയമനക്കാര്യത്തിൽ നിലവിലിരിക്കുന്ന അസമത്വങ്ങളും അനീതികളും പരിഹരിച്ചു ശരിയായ രീതിയിൽ നിയമനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനു് ഒരു പബ്ളിക്കു് സർവീസ് കമ്മിഷനുണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു്. അതുപോലെതന്നെ പബ്ളിക്കു സർവീസിലേക്കുള്ള നിയമനങ്ങളിൽ ഇന്നു കാണുന്ന അനാശാസ്യമായിട്ടുള്ള നടപടികളെ ദൂരീകരിക്കുന്നതിനും ഓരോ സമുദായത്തിൻെറയും മൗലികമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പബ്ളിക്കു സർവീസിൽ ഓരോ സമുദായത്തിൻെറയും

LIBRARY ARCHIVES Kerala Legislative Assembly

പ്രാതിനിധ്യം ശരിയായി സംരക്ഷിച്ചു കൊണ്ടുപോകുന്നതിനും ഇതുപോലുള്ള ഒരു നിയമം അത്യന്താപേക്ഷിതമാണ്. ഞാൻ പറഞ്ഞ ഈ ക്കാര്യങ്ങൾകൂടി ശ്രദ്ധിച്ചു് ബില്ലിൽ അവശ സമുദായങ്ങൾക്ക് വേണ്ട സംരക്ഷണവ്യവസ്ഥകൾ ഉൾപ്പെടുത്തി ഇതു് നിയമമാക്കിത്തീർക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. KRISHNAN AYYAPPEN (*Sherthalai III—General*): സർ. ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയും ഇങ്ങനെ ഒരു ബിൽ അവതരിപ്പിച്ചതിൽ ബഹുമാനപ്പെട്ട ഗവണ്മെൻറിനെ ഹാർദ്ദമായി അനുമോദിക്കുകയും ചെയ്യുന്നു. പബ്ലിക്ക് സർവീസിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിനു് ഒരു കമ്മിറ്റിയെ അധികാരപ്പെടുത്തുക എന്നുള്ളതുമാത്രമാണ് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്. ഉദ്യോഗനിയമന കാര്യത്തിൽ ഗവണ്മെൻറിനെ ഉപദേശിക്കുകയാണ് ഈ കമ്മിഷന്റെ ജോലിയെന്നും ബില്ലിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അങ്ങനെ ഒരു കമ്മിഷനെ നിയമിക്കുന്ന കാര്യത്തിൽ യാതൊരു എതിർപ്പും ഉണ്ടാകേണ്ട ആവശ്യമില്ലെന്നാണ് എനിക്കു തോന്നുന്നതു്. തിരുവിതാംകൂർ ഗവണ്മെൻറിനെ ആരും ഉപദേശിക്കണ്ട, അവർ എല്ലാം ശരിയായി നടത്തിക്കൊള്ളും, അതിനുവേണ്ട പ്രാപ്തി .അവർക്കുണ്ട് എന്നുള്ള അഭിപ്രായക്കാർക്ക് മാത്രമേ ഇതിനെ എതിർക്കേണ്ട ആവശ്യം കാണുന്നുള്ളൂ. അല്ലെങ്കിൽ ഇങ്ങനെ ഒരു കമ്മിഷനെ നിയമിച്ചാൽ ചെലവു കൂടാൻ ഇടയാകുമെന്നുള്ളതുകൊണ്ടു് അക്കാര്യം പറഞ്ഞു് എതിർത്തു എന്നുവരാം. എന്നാൽ തിരുവിതാംകൂറിൽ അധിവസിക്കുന്ന ആളുകളിൽ ഒരു വലിയ വിഭാഗക്കാർ (അവരുടെ ജാതിയോ സമുദായമോ എനിക്ക് ഇവിടെ പറയണമെന്നു് ആഗ്രഹമില്ല.) പബ്ലിക്ക സർവീസിലുള്ള നിയമനങ്ങളെ ശരിപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനും ഒരു കമ്മിഷനെ നിയമിക്കേണ്ടതു് വളരെ അത്യാവശ്യമാണെന്നുള്ള അഭിപ്രായക്കാരാണ്. അവരും മറ്റുള്ളവരെപ്പോലെ ആദായനികുതി, ഭൂനികുതി, മറ്റുനികുതികൾ എന്നിവ കൊടുത്തു ഭണ്ഡാരത്തെ പോഷിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതിനു് യാതൊരു തർക്കവുമില്ല. അങ്ങിനെയുള്ള ഒരു വലിയ ജനവിഭാഗത്തിനു് പബ്ലിക്ക് സർവീസിൽ അവർ അർഹിക്കുന്നതായ പ്രാതിനിധ്യം കിട്ടുന്നില്ലെന്നുള്ളതിനു് കാരണം അവരുടെ കാര്യങ്ങളെപ്പറ്റി ഗവണ്മെൻറിനെ ശരിയായി ഉപദേശിക്കാൻ ആളില്ലാത്തതാണ്. അല്ലെങ്കിൽ ഉദ്യോഗനിയമനം നടത്തുന്ന സ്ഥാനങ്ങളിൽ അവരുടെ കാര്യങ്ങൾ ശരിയായി നോക്കുന്നതിനു് ആളില്ലാത്തതാണ് എന്നുള്ള മറ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Krishnan Aiyyappan]

വിളിയുടെ പരിഹാരത്തിനായിട്ടും ഈ രാജ്യത്തു സമുദായ സൗഹാർദ്ദം പരിപാലിച്ചു കൊണ്ടുപോകുന്നതിനായിട്ടും ഇങ്ങനെ ഒരു കമ്മിഷനെ നിയമിക്കേണ്ടതു ഈ രാജ്യത്തെ എല്ലാ ജനവിഭാഗങ്ങളുടേയും ആവശ്യമാണു. സർ, ഈ അവസരത്തിൽ ഒരു കാര്യം എനിക്കു പ്രത്യേകം പറയാനുണ്ടു്. എന്തുകൊണ്ടാണു് ഈ പബ്ലിക്കു് സർവീസു് നിയമനക്കാര്യത്തിൽമാത്രം എല്ലാവരും ഇത്ര നിർബ്ബന്ധം പിടിക്കുന്നതെന്നു ചോദിക്കുന്നവരുണ്ടു്. സാമ്പത്തികമായും, സാമുദായികമായും, രാഷ്ട്രീയമായുമുള്ള പുരോഗതി പബ്ലിക്കു സർവീസിലുള്ള പ്രാതിനിധ്യത്തെ ആശ്രയിച്ചിരിക്കുന്നുവെന്നുള്ളതു് ആർക്കും നിഷേധിക്കാൻ കഴിയാത്ത ഒരു പരമാർത്ഥമാണു്. ഒരു ഉദാഹരണം പറയാം. ഫറൂൻ 0-ൽ ഞാൻ ഒരു വക്കീലായി ചേർത്തലയിരുന്ന അവസരത്തിൽ ചേർത്തലമുൻസിഫ കോടതിയുടെ മുൻവശത്തുള്ള കവലയിൽ ഈഴവർ തുടങ്ങിയ ജാതിക്കാർ ആ വഴിയേ പോകരുതെന്ന ഒരു പലക എഴുതിവച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടു് അതിലേ പോകുന്നതിനു് എനിക്കും അൽപം സംശയമുണ്ടായിരുന്നു. എന്നാൽ ഒരാഴ്ച കഴിഞ്ഞപ്പോൾ ചിറയിൻകീഴനിന്നും മാർത്താണ്ഡൻ എന്നപേരുള്ള ഒരു എക്സൈസ് ഇൻസ്പെക്ടർ യാതൊരു സങ്കോചവും കൂടാതെ ആ വഴിയേ പോകുന്നതു കണ്ടതിൽ പിന്നീടാണു് മറ്റു ഈഴവർ നിർഭയമായി ആ വഴിക്കു സഞ്ചരിച്ചുതുടങ്ങിയതു്. സാമുദായികമായ അസമത്വങ്ങൾ പരിഹരിക്കുന്നതിനു് ഗവണ്മെൻറുദ്യോഗം എത്രമാത്രം പ്രയോജനപ്പെടുമെന്നു അപ്പോഴാണു എനിക്കു് മനസിലാക്കാൻ സാധിച്ചതു്. സാമുദായികമായ അസമത്വങ്ങൾ പോക്കുന്നതിനു് ഗവണ്മെൻറു് ഉദ്യോഗം ചെലുത്തുന്ന സ്വാധീനം ചില്ലറയൊന്നുമല്ല. തിരുവിതാംകൂർ പബ്ലിക്കു് സർവീസിലിരിക്കുന്ന ആളുകളുടെ ശമ്പളം, അഡ്വൻസ്, പെൻഷൻ എന്നിവകൾക്കായി നമ്മുടെ കോടിയിൽ ചിലപ്പോൾ മുപ്പതു ചിലവാകുന്നുണ്ടെന്നു എന്റെ ഒരു ചോദ്യത്തിനുത്തരമായി ഇവിടെ പറയുകയുണ്ടായി ഇങ്ങനെ ചെലവാകുന്ന സംഖ്യ അതു കിട്ടുന്ന ആളുകളുടെ കുട്ടികളുടെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും അവരുടെ മറ്റു വിധത്തിലുള്ള പുരോഗതിക്കുംവേണ്ടി ഉപയോഗിക്കുന്നുണ്ടു്. അതുകൊണ്ടു് പബ്ലിക്കുസർവീസ് എന്നു പറയുന്നതു കേവലം ഒരു നിസ്സാരമായ സംഗതിയായി തള്ളിക്കളയാൻ പാടുള്ളതല്ല. ഒരു സമുദായത്തിന്റെ രാഷ്ട്രീയമായും, സാമ്പത്തികമായും, സാമുദായികമായുമുള്ള ഉയർച്ചക്കു് കാരണമായിരിക്കുന്ന ഒരു പ്രധാന സംഗതിയാണു് പബ്ലിക്കു് സർവീസിലെ പ്രാതി

LIBRARY ARCHIVES Kerala Legislative Assembly

നാധ്യം എന്ന ന്യായമായി വിചാരിക്കാവുന്നതാണ്. സർ, ഈ ബില്ലിനു സരിച്ച് രൂപീകൃതമാകുന്ന കമ്മിഷന്റെ ജോലികളിൽ ഒന്ന് പരീക്ഷകൾ നടത്തുകയാണെന്നു പറഞ്ഞിട്ടുണ്ട്. ഈ പരീക്ഷ വയ്ക്കുന്നകാര്യത്തിൽ എന്നെപ്പോലെയുള്ള പലയാളുകളും എതിർപ്പുള്ളവരായി ഉണ്ടായിരിക്കാം. ഈ ബില്ലിൽനിന്നും ആ വകുപ്പ് എടുത്തുകളയണമെന്നാണ് ഞാൻ പറയുന്നത്. ഇവിടെ സർ സി. പി. രാമസ്വാമിഅയ്യരുടെ കാലത്ത് ബ്രാഹ്മണസമുദായത്തിൽപെട്ട ഒരു മാന്യൻ അക്കൗണ്ടന്റ് ജനറലായിവന്നു. അദ്ദേഹത്തിന്റെ സമുദായത്തിൽപെട്ട പലരും അന്ന് അക്കൗണ്ടന്റ് ജനറലാഫീസിൽ ഡ ഭ—ന ം സ്കെയിലിലും ന ം-ർ ഭ സ്കെയിലിലും ക്ലാർക്കന്മാരായി ഉണ്ടായിരുന്നു. അവരെ ഉയത്തിക്കൊണ്ടുവരുവാൻ അദ്ദേഹം ഒരു വിദ്യ പ്രയോഗിച്ചു. ഒരാഴ്ച കൊണ്ട് ഒരു പരീക്ഷ നടത്തി ഡ ഭ-ന ം-ൽ ഇരുന്നവരേയും ന ം-ർ ഭ ൽ ഇരുന്നവരേയും ഫ ം ം—ഫ ഡ ഭ സ്കെയിലും ഫ ഡ ഭ—ഫ ന്യ ഭ സ്കെയിലിലും പ്രമോഷൻ കൊടുത്തു നിയമിച്ചു. ഇങ്ങനെ ഒരാഴ്ചകൊണ്ട് ഇഷ്ടമുള്ളവർക്കെല്ലാം പ്രമോഷൻ കൊടുക്കുന്നതിനു ആ പരീക്ഷ സൗകര്യം നൽകി. അതുപോലെ പല കാര്യങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. പരീക്ഷ ഏർപ്പെടുത്തുന്നതിൽ അക്കും അയുക്തി ഉണ്ടായിരിക്കുകയില്ല. പക്ഷെ ഈ മാതിരിയുള്ള പരീക്ഷകൾ നടത്തി ഇഷ്ടമുള്ളവർക്ക എന്തും ചെയ്തുകൊടുക്കുന്നതിന് സൗകര്യം നൽകുന്ന ഏർപ്പാടുകളെ എതിർക്കാതെ തരമില്ല. തിരുവിതാംകൂറിലെ സ്ഥിതികൾ എന്താണെന്നു നാം നോക്കണം. വിവിധ സമുദായങ്ങളും വർഗങ്ങളും ഇവിടെയുണ്ട്. ഓരോ സമുദായവും അതാതു സമുദായത്തിൽപ്പെട്ട ആളുകളുടെ ഉയർച്ചക്കുവേണ്ടി വാസ്തവത്തിൽ ശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. സമുദായങ്ങൾ സമുദായങ്ങളായി നിൽക്കുന്നിടത്തോളം അവരവരുടെ സമുദായത്തിന്റെ ഉയർച്ചക്കുവേണ്ടി ശ്രമിക്കുന്നതു ശരിയില്ലെന്ന അഭിപ്രായം എനിക്കില്ല. എന്റെ സ്നേഹിതന്മാർ ശ്രീമാൻ ബാലകൃഷ്ണൻതമ്പി അവർകളേയും ശ്രീമാൻ പാച്ചുപിള്ള അവർകളേയും പറ്റി എനിക്ക വലിയ മതിപ്പാണുള്ളതു്. എന്തെന്നാൽ അവരുടെ സമുദായത്തിന്റെ ഉൽക്കർഷത്തിൽ അവക്ക് വലിയ ആഗ്രഹമുണ്ട്. അതുകൊണ്ടാണ് അവർ ബില്ലിനെ പ്രതിക്കുന്നതു. അതിൽ അവരെ അഭിനന്ദിക്കാതിരിക്കാൻ തരമില്ല. അതുപോലെ മറ്റു എല്ലാ സമുദായങ്ങളിലും ഉള്ളവർക്ക അവരവരുടെ സമുദായത്തിൽപ്പെട്ട ആളുകളുടെ ഉൽക്കർഷത്തിൽ അകാംക്ഷയുണ്ട്. പബ്ലിക്ക സർവീസ് കമ്മിഷന്റെ നിയമനത്തെപ്പറ്റി അനുക്രമവിച്ചും പ്രതിക്രമവിച്ചും ഇവിടെ പ്രസംഗിച്ചിട്ടുള്ള ആളുകളാരെല്ലാമാണെന്നു തരം തിരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

നോക്കിയാൽതന്നെ ഇങ്ങിനെയൊരു കമ്മിഷന്റെ നിയമനം എത്രയും അത്യാവശ്യമാണെന്ന് ബോദ്ധ്യമാകുന്നതാണ്. തങ്കേംക്ക് ശരിയായ പ്രാതിനിധ്യം കിട്ടുന്നില്ല, കിട്ടിയിട്ടില്ല, അതു കിട്ടണമെങ്കിൽ തങ്ങളുടെ കാര്യത്തിൽ ഗവണ്മെന്റിനെ ഉപദേശിക്കാൻ ഒരു കമ്മിഷനെ നിയമിക്കേണ്ടതു് ആവശ്യമാണു എന്ന് അഭിപ്രായമുള്ള ആളുകളാണ് ഈ ബില്ലിനെ അനുകൂലിച്ചിട്ടുള്ളതു്. കൂടുതൽ പ്രാതിനിധ്യം കിട്ടിയിട്ടുള്ളവരും, കിട്ടിക്കൊണ്ടിരിക്കുന്നവരും മേലാൽ അതു ഉപേക്ഷിക്കാൻ തയാറില്ലാത്തവരുമായ ആളുകളാണു ഈ കമ്മിഷന്റെ നിയമനത്തെ എതിർത്തിട്ടുള്ളതു്. ആ ഒരൊറ്റ കാര്യംകൊണ്ടുതന്നെ ഇങ്ങനെയൊരു കമ്മിഷന്റെ നിയമനം ഏറ്റവും അത്യാവശ്യമാണെന്നു വ്യക്തമാകുന്നുണ്ടെന്നാണ് ഞാൻ പറയുന്നതു്. അതുകൊണ്ടു ഏറ്റവും അത്യാവശ്യവും ഉപയോഗപ്രദവും ആയ ഈ നിയമം തിരുവിതാംകൂറിൽ സമാധാനവും ജനങ്ങളുടെ ക്ഷേമവും സൗഹാർദ്ദവും കാംക്ഷിക്കുന്ന എല്ലാവർക്കും സ്വീകാര്യമായിരിക്കുമെന്നുള്ളതിനു് സംശയമില്ല. അതിനാൽ ഈ ബിൽ ഉടൻ തന്നെ നിയമമാക്കിക്കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു.

MR. THARIATHU KUNJITHOMMAN : സർ, ഈ ബില്ലിന്റെ തത്വത്തോടു ഞാൻ യോജിക്കുന്നു. ഇതു് ഏറ്റവും അത്യാവശ്യമായ ഒരു കാര്യത്തെ സംബന്ധിച്ചു് മേലാൽ ക്രമമായും നീതിയായും കാര്യങ്ങൾ നിർവഹിക്കുന്നതിലേക്കായിട്ടു കൊണ്ടുവന്നിട്ടുള്ള ഒരു പദ്ധതിയാണു്. അതായതു് പബ്ലിക്ക് സർവീസ് മേലാൽ എങ്ങനെയെല്ലാം നിയമനങ്ങൾ നടത്തണമെന്നുള്ള കാര്യമാണു് ഈ ബില്ലിൽ അടങ്ങിയിരിക്കുന്നതു്. പബ്ലിക്ക് സർവീസു് എന്നു പറയുന്നതു കേവലം ആദായത്തിനുള്ള ഒരു മാർഗ്ഗമായിട്ടാണു് സാധാരണ വ്യവഹരിക്കപ്പെട്ടുവരുന്നതു. മുന്നു കോടിയിൽപ്പരം രൂപാ ശമ്പളം, അലവൻസ് മുതലായ ചെലവുകൾക്കായി വേണ്ടിവരുന്നുണ്ടു്. അതൊരു വലിയ കാര്യമാണെന്നു എന്റെ ഒരു മാന്യസ്നേഹിതൻ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. എന്നാൽ കാര്യക്ഷമതയാണു് സർവപ്രധാനമായി കണക്കാക്കേണ്ടതെന്നും മറ്റു ചില സ്നേഹിതന്മാർ പറയുകയുണ്ടായി. യാതൊരു ആവശ്യവുമില്ലാത്ത ഒരു ബാല്യാണിയു്, ഇതുകൊണ്ടു ഒരു വമ്പിച്ച തുക വ്യയമുണ്ടാകും എന്നു ചില ബഹുമാനപ്പെട്ട മെമ്പറന്മാർ പ്രസ്താവിക്കുകയുണ്ടായി. ഇതിൽ എല്ലാം ഓരോ ഭാഗം സത്യം അടങ്ങിയിട്ടുണ്ടു്. എന്നാൽ പബ്ലിക്കു സർവീസ് എന്താണെന്നു് ക്രമേണക്ഷമായി ഇവിടെ വ്യവഹരിക്കേണ്ട ആവശ്യമില്ല. എല്ലാവർക്കും അറിയാം ഈ രാജ്യത്തെ സകല കാര്യങ്ങളും നിർവഹിക്കുന്നതു് പബ്ലിക്കുസർവീസാണെന്നു്. എട്ടരകോടി രൂപായോളം നികുതി

LIBRARY ARCHIVES Kerala Legislative Assembly

പിരിക്കുന്നതും മൂന്നുകോടി രൂപായോളം ശമ്പളം പറ്റുന്നതു ജനങ്ങളെ രക്ഷിക്കുകയും, ശിക്ഷിക്കുകയും എല്ലാം ചെയ്തുകൊണ്ടിരിക്കുന്നതും പബ്ലിക്കുസർവീസാണ്. അന്തരീക്ഷത്തിൽ വായു എന്നപോലെ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനരംഗം സർവത്ര വ്യാപിച്ചിരിക്കുന്നു. നിലങ്ങളിലും പുരയിടങ്ങളിലും പണിയെടുക്കുന്ന കൃഷിക്കാരുടേയും, കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടേയും, വ്യവസായശാലകൾ നടത്തുന്ന വ്യവസായികളുടേയും പിന്നാലെ നിയമങ്ങൾ എത്തുന്നുണ്ട്. ആ നിയമത്തിന്റെ ചരടുവലിയിൽപ്പെടാത്തവരായി യാതൊരുത്തരുമില്ല. അങ്ങിനെ നിയമത്തിന്റെ ചരടുപിടിച്ചു അവയെ ചലിപ്പിക്കുന്നതു ഉദ്യോഗസ്ഥന്മാരാണ്. എല്ലാ മനുഷ്യർക്കും സ്വജനപ്രതിപത്തി എന്നൊന്നുണ്ട്. അതു ചിലപ്പോൾ അതിരു കടന്നുപോയിയെന്നും വരാം. തങ്ങൾക്കുമാത്രം അനുകൂലമായും മറ്റുള്ളവർക്കു പ്രതികൂലമായുമാണ് നിയമത്തിന്റെ ചരടു വലിക്കുന്നതെങ്കിൽ ഈ രാജ്യത്തു ഒരിക്കലും നീതിയും ന്യായവും നടക്കുകയില്ല. ഉദ്യോഗസ്ഥന്മാർ ന്യായമായി പ്രവർത്തിക്കുന്നവരും സത്യസന്ധതയും കൃത്യനിഷ്ഠയുമുള്ളവരും അല്ലെങ്കിൽ എന്തിന് അവരെ സർവീസിൽ വച്ചിരിക്കുന്നു. അവരെ ഉടനെ ബഹിഷ്ക്കരിക്കുകയല്ലേ വേണ്ടതു, എന്തിനാണ് സമുദായപ്രാതിനിധ്യം വേണമെന്നു പറയുന്നതു, എന്നിങ്ങനെയുള്ള വാദങ്ങൾ ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഈ കമ്മിഷന്റെ നിയമനം അതിനു ഒരു നല്ല പരിക്ഷണമാണെന്നാണ് എനിക്കു തോന്നുന്നതു. ഇപ്പോൾ ഓരോ സമുദായത്തിൽനിന്നും നടത്തുന്ന നിയമനങ്ങളുടെ പട്ടിക വരുമ്പോഴാണ് ഭീമമായ അനീതിയും അക്രമവും അധർമ്മവും നടന്നിട്ടുണ്ടെന്നു കാണുന്നതു. ഇതുപോലെയുള്ള കാര്യങ്ങളിൽ, അതായതു് ഒരു വിധത്തിലും മറച്ചുവയ്ക്കാൻ സാധിക്കാത്ത കാര്യങ്ങളിൽ ഇത്ര ഭീമമായ അനീതിയാണ് നടക്കുന്നതെങ്കിൽ മറ്റു കാര്യങ്ങളിൽ എത്രമാത്രം അനീതി ചെയ്യുന്നുണ്ടായിരിക്കും. ഒരു ഉദ്യോഗസ്ഥന്റെ മുമ്പാകെ സ്വജനങ്ങളും അന്യന്മാരും വരുമ്പോൾ ഏതു തരത്തിലായിരിക്കും തീരുമാനിക്കുന്നതെന്നു് നമുക്കെല്ലാം ഊഹിക്കാവുന്നതാണ്. കണക്കുള്ള കാര്യങ്ങളിൽ ഇങ്ങിനെയാണെങ്കിൽ മറ്റുകാര്യങ്ങളിൽ നിശ്ചയമായും കൂടുതൽ അനീതിയും അധർമ്മവും നടക്കുന്നുണ്ടായിരിക്കണം. പരീക്ഷായോഗ്യതയില്ലാതെ കാര്യക്ഷമതക്കു് മറ്റൊന്നും മാനദണ്ഡമായി കണക്കാക്കാൻ പാടില്ലെന്നു പണ്ടേതന്നെ ഞാൻ വാദിച്ചിട്ടുണ്ട്. പരീക്ഷായോഗ്യതയില്ലാതെ കാര്യക്ഷമതയ്ക്കു് മറ്റുവല്ല മാനദണ്ഡവുമുണ്ടായെന്നു മുമ്പിലത്തെ നിയമസഭകളിൽതന്നെ ഞാൻ പലപ്പോഴും ചോദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിനെല്ലാം മറവു യാതൊരു മാനദണ്ഡവുമില്ലെന്നാണ് മറുപടി കിട്ടിയിട്ടുള്ളതു്. പരീക്ഷായോഗ്യതയില്ലാത്ത ആരെയെങ്കിലും ഉദ്യോഗത്തിൽ നിയമിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതു് തെറ്റാണു്. പിന്നെ സാമുദായ പ്രാതിനിധ്യം നോക്കുന്നതുകൊണ്ടു കായ്ക്ഷമത കുറഞ്ഞുപോകുന്നു എന്നു പറയുന്നതു കേട്ടു. ഒരു വൃക്ഷത്തിന്റെ പല ശാഖകളും എടുത്തു നോക്കിയാൽ ചിലതിൽ ചിലപ്പോൾ മുഴുത്തതും പഴുത്തതും ആയ ഫലങ്ങൾ കാണും. അതേ സമയത്തു് മറ്റു ചില ശാഖകളിൽ പഴുക്കാത്തതും ചെറുതുമായ ഫലങ്ങളും നാം കാണുന്നില്ലേ. നേരെമറിച്ചു് എല്ലാ സമുദായങ്ങളുമുൾക്കൊള്ളുന്ന ശാഖകളിൽനിന്നും യോഗ്യന്മാരായ ആളുകളെ തെരഞ്ഞെടുക്കുകയാണെങ്കിൽ കായ്ക്ഷമത കുറഞ്ഞുപോകാൻ ഇടയുണ്ടോ? അങ്ങിനെ എല്ലാ സമുദായങ്ങളിൽനിന്നും എടുക്കുന്നതുകൊണ്ടു യാതൊരു ദോഷവും വരാൻപോകുന്നില്ല. ദോഷങ്ങൾ കുറഞ്ഞു കുറഞ്ഞു വരുന്നതായും കാണാൻ കഴിയും. എന്നാൽ പല പടികളിലും ഒരു സമുദായത്തിൽപ്പെട്ട ആളുകൾതന്നെ ഇരിക്കുന്നിടത്താണു് കയ്ക്കുലിയും അഴിമതിയും കൂടുതൽ നടക്കുന്നതു്. താഴെയുള്ളവർ ചെയ്യുന്ന പ്രവൃത്തി അനീതിയായാലും മുകളിലുള്ളവർ കണ്ണടച്ചുകൊള്ളും. ഇങ്ങിനെ ആയാൽ സത്യവും ധർമ്മവും എങ്ങിനെ പരിപാലിക്കും. അതുകൊണ്ടാണു് ഞാൻ എല്ലാ നടപടികളിലും വിവിധസമുദായങ്ങളിൽപ്പെട്ട ആളുകളെ നിയമിക്കണമെന്നു വാദിച്ചുകൊണ്ടിരിക്കുന്നതു്. എന്റെ സ്നേഹിതൻ മി. പാച്ചുപിള്ള പറഞ്ഞപോലെ ഈ കമ്മിഷൻകൊണ്ടു പ്രയോഗമില്ലെന്നു വന്നേക്കാം. ഉപദേശം നൽകുക, പരീക്ഷ നടത്തുക, ഇതു രണ്ടുമാണു് ഈ കമ്മിഷന്റെ ജോലിയെങ്കിൽ വലിയ പ്രയോജനമൊന്നും ഉണ്ടാകുകയില്ല. എന്തിനാണു് ഈ പരീക്ഷ നടത്തുന്നതെന്നു ഞാൻ ചോദിക്കുന്നു. ഓരോ തരത്തിലുള്ള ഡിഗ്രികളും യൂണിവേഴ്സിറ്റിയിൽനിന്നും വാങ്ങിയിട്ടുള്ള ആളുകൾക്കു് പിന്നെ എന്തൊരു പരീക്ഷ നടത്തിയാണു് യോഗ്യത നിശ്ചയിക്കാൻ പോകുന്നതു്. ഇന്നയിന്ന ഉദ്യോഗങ്ങൾക്കു് ഇന്നയിന്ന പരീക്ഷകളും വേണമെന്നു നിശ്ചയിക്കാമല്ലോ. ഫൈനാൻസു് ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗം ലഭിക്കണമെങ്കിൽ ധനതത്വശാസ്ത്രത്തിൽ ഇന്ന പരീക്ഷ പാസായിരിക്കണം, അക്കൗണ്ട്സ് വകുപ്പിലാണെങ്കിൽ കണക്കുശാസ്ത്രത്തിൽ ഇന്ന പരീക്ഷ ജയിച്ചിരിക്കണം, മെഡിക്കൽ വകുപ്പിലാണെങ്കിൽ വൈദ്യശാസ്ത്രത്തിൽ ഇന്നയിന്ന പരീക്ഷകളും ജയിച്ചിരിക്കണമെന്നെല്ലാം വ്യവസ്ഥ ചെയ്യാമല്ലോ. ആ പരീക്ഷായോഗ്യതകളും ഇല്ലാത്തവർക്കു് ഉദ്യോഗം കൊടുക്കേണ്ടായെന്നും വയ്ക്കാമല്ലോ. അതു പോരാ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞിട്ട രണ്ടാമതു ഒന്നുകൂടി പരീക്ഷിക്കണമെന്നു പറയുന്നതു് വളരെ അഴിമതികൾക്കും, അക്രമങ്ങൾക്കും, അനീതികൾക്കും കാരണമാകും. അതുകൊണ്ടു പരീക്ഷ നടത്തണമെന്ന വ്യവസ്ഥ ഈ ബില്ലിൽനിന്നും എടുത്തുകളയുന്നതു നല്ലതാണെന്നാണു് എന്റെ അഭിപ്രായം.

മുമ്പു് പബ്ലിക്സർവീസ് വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനായി രൂപീകരിച്ച ഒരു കമ്മറിയിൽ ഞാനും അംഗമായിരുന്നു. അന്നിക്കന്റ പ്രസിഡന്റു് ലാ സുബ്ബയർ അവർകളായിരുന്നു. അന്നു് ഞങ്ങൾ കുറെ ചോദ്യങ്ങൾ അയച്ചു. അക്കൂട്ടത്തിൽ മത്സരപരീക്ഷയാണോ വേണ്ടതു് അതല്ല സമുദായപ്രാതിനിധ്യം അംഗീകരിക്കുകയാണോ വേണ്ടതു് എന്നും ചോദിച്ചിരുന്നു. ഞങ്ങൾക്കു് കിട്ടിയ ഉത്തരങ്ങളിൽ മഹാഭ്രൂരിപക്ഷവും മത്സരപരീക്ഷ വേണ്ടായെന്നും സമുദായപ്രാതിനിധ്യതത്വം അംഗീകരിച്ചാൽ മതിയെന്നുമുള്ളതായിരുന്നു. അന്നു് ഞങ്ങൾക്കു കിട്ടിയ ഉത്തരങ്ങളിൽ പലതിലും പ്രാതിനിധ്യം കുറഞ്ഞ സമുദായക്കാർക്കു നിയമനക്കാര്യത്തിൽ മുൻഗണന നൽകണമെന്നും പറഞ്ഞിരുന്നു. എന്നിട്ടും ഞങ്ങൾ ജനസംഖ്യാനുപാതികമായി നിയമനങ്ങൾ നൽകണമെന്നാണു് തീരുമാനിച്ചതു്. ഇങ്ങിനെയെല്ലാം ഇരുന്നിട്ടും ഞങ്ങളുടെ കമ്മിറ്റിറിപ്പോർട്ടിനു വിപരീതമായി മത്സരപരീക്ഷകൂടി ഉൾപ്പെടുത്തുകയുണ്ടായി. വളരെക്കാലമായി ആ വ്യവസ്ഥകൾ നടപ്പിലിരിക്കുന്നുണ്ടെങ്കിലും സാരമായ പ്രയോജനം ഒന്നും അതുകൊണ്ടു ഉണ്ടായിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിന്റെ അല്ലെങ്കിൽ ഞാനുൾപ്പെടുന്ന സമുദായത്തിന്റെ അഭിപ്രായംകൂടി പരിഗണിക്കണമല്ലോ. അതുപോലെതന്നെ സർവീസിൽ പ്രാതിനിധ്യം കുറഞ്ഞു പോയ്കൊണ്ടിരിക്കുന്നു എന്നുള്ള അഭിപ്രായക്കാരും ഉണ്ടു്. ഇപ്പോൾതന്നെ നാന്നൂറിൽശിഷ്ടം പ്രവർത്തികാരന്മാർ ഉള്ളതിൽ സിറിയൻകത്തോലിക്കരിൽനിന്നും ഒരു കൈവിരലിൽ എണ്ണാനുള്ള പ്രവർത്തികാരന്മാർ മാത്രമേയുള്ളു. ജനസംഖ്യയിൽ മൂന്നാമത്തെ വിഭാഗമാണു് ഞങ്ങൾ. റവന്യൂ ഡിവിസ്പം വിഭജനം വന്നിട്ടതന്നെ ഇപ്പോൾ എത്രയോ കാലമായി. എനിക്കു് അറിയാമെന്നുള്ളതുകൊണ്ടാണു് ഈ ഒരു സമുദായത്തിന്റെ കാര്യം ഞാൻ ഇവിടെ ഉദ്ധരിച്ചതു്. ഈ മാതിരി അഴിമതികളേയും അനീതികളേയും ബഹിഷ്കരിക്കുകതന്നെ വേണം. സർവീസിലുള്ള പ്രാതിനിധ്യവ്യത്യാസമാണു് സാമുദായിക ഭിന്നതകൾക്കും അതിനെ അടിസ്ഥാനമാക്കിയുള്ള വാദങ്ങൾക്കും കാരണമായിരിക്കുന്നതു്. വ്യത്യാസമാണു് വസ്തുബോധത്തിനു് അധിഷ്ഠാനമെന്നു് ഒരു താത്വികസിദ്ധാന്തമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

കുറച്ചു വ്യത്യാസം വന്നാലും തരക്കേടില്ല. ആറു വേണമെങ്കിൽ അറു പതായിക്കൊള്ളട്ടെ, എന്നാൽ ആറ് തുറാകുന്ന അവസ്ഥ ഒരിക്കലും ഉണ്ടാകരുതു്. സാമുദായികതത്പരം അംഗീകരിക്കാതെ സാമുദായികവാദം പാടില്ലെന്നു പറഞ്ഞാൽ അതിന് എന്തർത്ഥമാണുള്ളതു്. കാരണത്തെ തടുക്കാതെ കാര്യത്തെ തടുക്കാൻ സാധിക്കുമോ? വെളിച്ചം കൊണ്ടുവരാതെ ഇരുട്ടിനോടു വാർവീശി സമരം ചെയ്യാമെന്നു വയ്ക്കുന്നതു അബദ്ധമല്ലേ? അതുപോലെ പബ്ലിക്കുസർവീസ് നിയമനക്കാര്യത്തിലും ന്യായം നോക്കി, നീതി നോക്കി, എല്ലാ സമുദായങ്ങളുടേയും താൽപ്പര്യങ്ങൾ നോക്കി ചെയ്യുമെങ്കിൽ ഈ സാമുദായികവഴക്കുകളെല്ലാം പോകുകതന്നെ ചെയ്യും. കമ്മിഷന് യാതൊരധികാരവും കൊടുക്കാതെ മത്സരപരീക്ഷ നടത്താനും ഉപദേശം നൽകാനും മാത്രമായി ഒരു പദ്ധതിയുണ്ടാക്കിയതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. സമുദായപ്രാതിനിദ്ധ്യതത്പരം അംഗീകരിക്കുന്നോ ഇല്ലയോ എന്നതാണു പ്രധാന പ്രശ്നം ഈ ബില്ലിൽ വ്യക്തമാക്കിയിട്ടില്ല. എന്നാൽ മത്സരപരീക്ഷവേണമെന്ന വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. അതാണ് വരുന്നതെങ്കിൽ പബ്ലിക്കുസർവീസിൽ അസമത്വം അനുഭവിക്കുന്നവരുടെ ശക്തിയായ പ്രതിഷേധം ഇതിനുണ്ടാകുന്നതാണ്. ഞാൻ സാഹചര്യങ്ങളെ നല്ലപോലെ ചിന്തിച്ചിട്ടുണ്ട്. എന്തെന്നാൽ ദീർഘകാലമായി ഞാൻ ഇവിടെകൊണ്ടുവന്നുകൊണ്ടിരിക്കുന്ന ഒരു വാദമാണല്ലോ ഇതു്. മത്സരപരീക്ഷയിൽ ചില സമുദായങ്ങൾക്കു് വളരെ ദോഷങ്ങൾ ഉണ്ടാകാനിടയുണ്ട്. വിദ്വേഷത്തിന്റെയും പക്ഷപ്രതിപക്ഷബുദ്ധിയുടെയും അന്തരീക്ഷത്തിൽ നമ്മുടെ മനസ്സിനെ വികാരരഹിതമാക്കി വീക്ഷിക്കുകയാണെങ്കിൽ കാര്യങ്ങളുടെ യഥാർത്ഥസ്വഭാവം മനസ്സിലാക്കാൻ സാദ്ധ്യമല്ലെന്നു വരുന്നതാണ്. വിദ്വേഷത്തിലല്ല സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും വെളിച്ചത്തിലാണ് കാര്യങ്ങൾ ആലോചിച്ചു് നീതിപൂർവകമായ ഒരു തീരുമാനം ഗവണ്മെന്റു തുടർന്നുകൊണ്ടുപോകണമെന്നാണ് ഇൻഡ്യയുടെ രാഷ്ട്രപിതാവായ ഗാന്ധിജി ഉപദേശിച്ചിട്ടുള്ളതു്. എന്നാൽ ഇവിടെ എന്താണ് നടക്കുന്നതു്? വിദ്വേഷവും, അസൂയയും, എതിർപ്പുംകൊണ്ടു നാം ജനങ്ങൾക്കു് ചീത്ത ദൃഷ്ടാന്തങ്ങൾ കൊടുക്കുന്നതു ശരിയല്ല. നാം ആണ് എല്ലാവക്കും മാതൃകയായി പെരുമാറേണ്ടവർ. ഒരു വ്രണമുണ്ടെങ്കിൽ അതിനെ തങ്കത്തകിടുകൊണ്ടു മറച്ചുവച്ചാലും വേദനയും ദുർഗന്ധവും മാറുകയില്ല. അതുകൊണ്ടു സംഗതികളുടെ യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിച്ചു് നീതിക്കും ജനക്ഷേമത്തിനും പറ്റിയ വിധത്തിൽ പ്രവർത്തിക്കുകയാണു വേണ്ടതു്. എല്ലാ ജനവിഭാ

LIBRARY ARCHIVES Kerala Legislative Assembly

ഗങ്ങളിലേയും ആളുകൾ സർവീസിൽ ധാരാളമായി ഉണ്ടായിരുന്നില്ലെന്നു വരാം. ഇന്നു് സവർണ്ണരാണു് അധികവും ഉദ്യോഗത്തിലിരിക്കുന്നതെന്നുള്ളതു് ഒരു പരമാർത്ഥമാണു്. അവരും നമ്മുടെ സഹോദരന്മാരാണെന്ന വിചാരം നമുക്കുണ്ടായിരിക്കണം. അവർ അവരുടെ വസ്തുവകകളും കൈവിട്ടു ഉദ്യോഗത്തെമാത്രം ആശ്രയിച്ചു് ജീവിക്കുന്നവരാണു്. അവരുടെ മേലാൽ എന്തു മാറ്റമാണുള്ളതെന്നു ഞാൻ വളരെ ചുരുക്കി ചിന്തിക്കുന്നുണ്ടു്. ഉദ്യോഗത്തിനെ മാത്രം ആശ്രയിച്ചതിന്റെ ഫലമായി അവർക്കു് കൃഷി ചെയ്യാൻ സ്ഥലമില്ലാതെയും അതിനുള്ള ത്രാണിയില്ലാതെയും വന്നിട്ടുണ്ടെന്നുള്ള വേദനാജനകമായ ഒരു വാസ്തവം നാം വിസ്മരിക്കരുതു്. അതിനും ഒരു പ്രതിവിധി നാം ചിന്തിക്കേണ്ടതുണ്ടു്. എല്ലാവശങ്ങളെപ്പറ്റിയും ഗാഢമായി ചിന്തിച്ചു് രാജ്യത്തിന്റെ ശ്രേയസ്സിനും സകല ജനവിഭാഗങ്ങളുടേയും പുരോഗതിക്കും വേണ്ട പദ്ധതികൾ നാം സ്വീകരിക്കണം. വിദ്വേഷപരമായി ചിന്തിക്കുന്നതുകൊണ്ടു നമുക്കു ദോഷമല്ലാതെ ഗുണമൊന്നും വരാൻ പോകുന്നില്ല. ഇതുകൂടി പറഞ്ഞുകൊണ്ടു ഞാൻ ഈ ബില്ലിന്റെ തത്വത്തെ അനുകൂലിച്ചുകൊള്ളുന്നു. (ബെൽ)

MR. K. SIVARAMA PILLAI (*Thovala—General*): Sir, there may not be any difference of opinion as regards the desirability or the necessity of a Public Service Commission. But I fear much that the provisions of this Bill are quite inadequate so far as that purpose is concerned. The Bill closely follows Sections 285 to 287 of the Draft Constitution of India. But there are certain important additions and omissions, which make the Bill not only inadequate, but make the work of the Public Service Commissioner also impossible. Sir, in Section 4 (3) of the proposed Bill, the recruitment to subordinate services of the Police is exempted, and the Public Service Commission has nothing to do with it. That means, that department is reserved for the blessed and the favoured few. I refer to another important omission from the Draft Act. I refer to Section 286 (4), i. e., "Nothing in this Article shall require a Public Service Commission to be consulted as respects the manner in which appointments and posts are allocated as between the various communities in the Union or a State". That Section is omitted in our Bill Sir, it is added in the Indian Bill because communal justice and allocation of various appointments in the communal ratio or any other ratio is the primary responsibility of the Government and Government should on no account shirk it. If that also is given to the Public Service Commission the work of the Public Service Commission becomes impossible. The Public Service Commission should not be thought as an organisation to distribute seats according to population or appointments according to population. It is the Government to decide in what proportion, from what communities and with what qualification persons are

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Sivarama Pillai.]

to be selected for each of the appointments and they must ask the Public Service Commission to select the best hands. The Public Service Commission is only to see that the best available hands of whatever denomination asked by the Government, are selected in the best way possible and their names recommended. Otherwise if communal representations are also to be administered by the Public Service Commission, then the members who adorn the Treasury Bench can say whenever a question comes, "we are not responsible and it is the Public Service Commission who has recommended and we have appointed; we have nothing to do with it." And the Public Service Commissioner will not be available before us to answer our questions. So in the matter of distribution of posts and justice to the communities the primary responsibility is that of the Ministers and they must take the responsibility and answer our questions. Otherwise the Public Service Commission must be composed of at least thirty members giving representation to each of the communities, so that our communal interests may not be overlooked.

Though it should not be taken that I oppose the introduction of the Bill at present, the Hon'ble Law Member owes an explanation why it is introduced when we are sure that in the model constitution that is to be framed, there will be a statutory provision for the appointment of a Public Service Commission. Sir, when we were sitting in another capacity as members of the Representative Body to frame a constitution for Travancore, it was said that there was a model constitution to come and so no objective resolution must be passed and we postponed it.

Section 286 in the Draft Constitution of India is a guarantee that so far as States are concerned if a model constitution is to come there will be a provision in that for a Statutory Public Service Commission. So why the necessity to introduce hastily this bill is what I was not able to understand and I require an explanation from the Hon'ble Law Member. My friend Mr. Patchu Pillai raised a question whether we have provision in the Budget. If this measure is an important one and if this must be given first preference we must find provision. I would only request the Hon'ble Finance Minister to state what are the methods he has thought of for financing this. Or atleast an inclination may be given in that respect. Sir, with these words I welcome the Bill.

MR. K. K. CHELLAPPAN PILLAI : ഈ ഗവണ്മെൻറു കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിൻെറ തത്വത്തോട് ഞാൻ അനുകൂലിക്കുകതന്നെ ചെയ്യുന്നു. പക്ഷെ, ഇവിടെ നടന്ന വാദപ്രതിവാദങ്ങളിൽ നിന്നും എനിക്ക് അറിയുവാൻ സാധിച്ച ചില ചിന്താഗതികളുമായുള്ള അല്പം വ്യത്യാസം കൊണ്ടു മാത്രമാണ് ഞാൻ ഇതിനെപ്പറ്റി സംസാരിക്കണമെന്നുദ്ദേശിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗകാര്യം തിരുവിതാംകൂറിൽ വളരെ വാദപ്രതിവാദങ്ങൾക്കും അവകാശവാദങ്ങൾക്കും ഇടയായിട്ടുണ്ടെന്നുള്ളതു് ഫാൻ മുതൽ തന്നെ നാം കാണുന്നുണ്ടു്. അതിനു കാരണം ഉദ്യോഗത്തിനു് ഒരു സ്ഥിരതയുണ്ടു; അതിനുള്ള ആദായത്തിനു സ്ഥിരതയുണ്ടു്; അൻപതത്തഞ്ചോ അറുപതോ വയസ്സാകുമ്പോൾ പെൻഷൻ ഉണ്ടു്, ഇതിനെല്ലാം പുറമേ സാധാരണക്കാരന്റെ നോട്ടത്തിൽ സ്ഥാനമഹിമയും അധികാരവും ഉണ്ടു്. ഇതെല്ലാം ആസ്പദമാക്കിയാണു് എല്ലാ ജനവിഭാഗങ്ങൾക്കും ഉദ്യോഗനിയമനം സംബന്ധിച്ചു് ആകാംക്ഷയും അതേസംബന്ധിച്ചു് അവകാശവാദവും ഉള്ളതു്. ഇന്നു തിരുവിതാംകൂറിലെ മുതലെടുപ്പിന്റെ ഏകദേശം പകുതിയോളം അതായതു് ര കോടിയിൽ കവിഞ്ഞുള്ള രൂപാ ഉദ്യോഗസ്ഥന്മാരുടെ ശമ്പളമായി പോകുന്നു എന്നാണു് എന്റെ അറിവു്. ഏകദേശം നാൽപ്പതിനായിരത്തിനും അൻപതിനായിരത്തിനും ഇടയ്ക്കുള്ള ഉദ്യോഗങ്ങൾ ഇപ്പോൾ തിരുവിതാംകൂറിലുണ്ടെന്നാണു് ഇപ്പോഴത്തെ കണക്കുകൊണ്ടു് കാണുന്നതു്. ഈ നാൽപ്പതിനായിരം അല്ലെങ്കിൽ അൻപതിനായിരം പേർ ഏകദേശം നാലുകോടി രൂപാ ശമ്പളം എടുക്കുന്ന സ്ഥിതിക്കു് എന്തുകൊണ്ടു് എല്ലാ സമുദായവിഭാഗങ്ങൾക്കും അതു കിട്ടിക്കൂടാ എന്നുള്ളതു് ന്യായമായ അവകാശവാദം തന്നെ എന്നുള്ളതു് ഞാൻ സമ്മതിക്കുന്നു. എങ്കിലും ചരിത്രപരമായ കാരണങ്ങളാൽ ചില സമുദായങ്ങൾ ഒരു കുത്തകയെന്നവണ്ണം അതിന്റെ ക്രൂതൽ ഓഹരി പറ്റിക്കൊണ്ടിരിക്കുവാൻ ഇടയായിട്ടുണ്ടു്. അതുകൊണ്ടു് കഴിയുമെങ്കിൽ ബാക്കിയുള്ള സമുദായങ്ങൾക്കുകൂടി സുരക്ഷിതമായ ആദായത്തിന്റേയും അധികാരത്തിന്റേയും ഒരംശംകൊടുക്കേണ്ടതാണെന്നുള്ളതു സമ്മതിച്ചു കൊടുക്കേണ്ട ഒരു വസ്തുമാണു്. അതിൽ യാതൊരുത്തരും പരിഭവിച്ചിട്ടാവശ്യമില്ല ചെറുതരവും ഇടത്തരവുമായ ഉദ്യോഗങ്ങൾ എല്ലാ വിഭാഗക്കാർക്കുമായി വിതരണം ചെയ്യുന്നതുകൊണ്ടു കാര്യക്ഷമതയ്ക്കും പരിശുദ്ധിക്കും കുറവുവരുന്നതുമല്ല. ഇന്നു തിരുവിതാംകൂറിൽ ഫൻ.ർ ഫ-ലെ സെൻസസ് അനുസരിച്ചു (സാമ്പത്തിക സർവ്വേ ശരിയായി നടത്തിയിട്ടില്ലെങ്കിലും) തിരുവിതാംകൂറിൽ ഒരാൾക്കു് – അതായതു് വേല ചെയ്യുന്ന ഒരാൾക്കു് മാസം ഒന്നുക്കു് ശരാശരി ആദായം നാലുരൂപാ നാലണയും, വേല ചെയ്യാത്തവരെക്കൂടി ഉൾപ്പെടുത്തി ശരാശരി ആദായം രണ്ടുരൂപാ നാലണയും ആണെന്നു കണക്കാക്കപ്പെട്ടിട്ടുണ്ടു്.

MR. P. BALAKRISHNAN THAMPI : ഈ സ്റ്റാറ്റിസ്റ്റിക്സ് എവിടെ നിന്നു കിട്ടി?

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI : എക്കണോമിക്കു് സർവ്വെ എടുത്തിട്ടുള്ളതിൽ നിന്നും കിട്ടിയ അറിവാണു്. സെൻസസ് ശരിയായി എടുത്തിട്ടില്ല എങ്കിലും ഉള്ള കണക്കുകൾ കൊണ്ടു് നമുക്കു കാണാൻ കഴിയുന്നതു് ഇതാണു്. ഈ കണക്കുകൾ വച്ചുകൊണ്ടു നോക്കുമ്പോൾ ഇപ്പോഴത്തെ ആളോയം വച്ചു കോടി രൂപായിൽ നിന്നും, ഞങ്ങളുടെ അംശം ഉദ്യോഗങ്ങൾ വഴിയായി ഞങ്ങൾക്കും തരേണ്ടതു് അത്യാവശ്യമാണെന്നു് ബാക്കി സമുദായങ്ങൾ പറയുന്നതിൽ തെറ്റില്ല. എന്നാൽ ഒരു കാര്യം കൂടി ആലോചിക്കണം. ഉദ്യോഗത്തിനു അർഹരായിത്തീർന്നിട്ടുള്ളവരെ തിരിച്ചയയ്ക്കാൻ സാധ്യമല്ല. എല്ലാവർക്കും ഏതെങ്കിലും തരത്തിൽ ആളോയമാർഗ്ഗം ഉണ്ടായേ തീരൂ. അതിനു് രാജ്യത്തിലെ വിഭവങ്ങളെല്ലാം തന്നെ എല്ലാവർക്കുമായി കൊടുക്കണമെന്ന വാദം സമ്മതിച്ചുകൊടുക്കുകതന്നെ വേണം. അപ്പോൾ മാത്രമേ ഉദ്യോഗവാഞ്ഛയ്ക്കു കൂടുതൽ യോഗ്യതയും, യോജ്യതയും സിദ്ധിക്കുകയുള്ളൂ. എല്ലാവർക്കും ഒരു സ്ഥിരമായ ആളോയം കിട്ടണമെന്നു ഞാൻ പറഞ്ഞു. അതിനു പോംവഴി ഉണ്ടാകണമെങ്കിൽ രാജ്യത്തിലെ ആളോയമാർഗ്ഗങ്ങളെ മുഴുക്കെ വീതിക്കുക, രാജ്യത്തുള്ള ധനാഗമമാർഗ്ഗങ്ങളെല്ലാം തന്നെ സ്റ്റേറ്റിന്റെ വകയാക്കുക, ആളോയം വീതിക്കുക ഇതൊക്കെ ചെയ്യേ തീരൂ. ഉദ്യോഗത്തിനു ഫ൪ രൂപാ മുതൽ ൧൦൦ രൂപാവരെ കൊടുക്കുക എന്നുള്ള അവസ്ഥ മാറ്റി ൩൦ രൂപാ മിനിമം വച്ചുകൊണ്ടു ൪൦൦ രൂപാ മാക്സിമം ആക്കി അങ്ങനെ ഉദ്യോഗങ്ങൾക്കുള്ള ശമ്പളക്രമം ക്രമീകരിക്കുകയും അതുപോലെ തന്നെ രാജ്യത്തിലെ വിഭവങ്ങൾ വീതിക്കുകയും ചെയ്യേണ്ടതാണു്.

MR. P. BALAKRISHNAN THAMPI : Is the discussion on streetcorner socialism relevant to the Bill?

MR. K. K. CHELLAPPAN PILLAI : അതുകൊണ്ടു് ഞാൻ പറയുന്നതു് രാജ്യത്തെ എല്ലാ വിഭവങ്ങളും, വിഭവങ്ങളുടെ ഉൽപ്പാദനത്തിനും വിതരണത്തിനും നിദാനങ്ങളായ എല്ലാ ജോലികളും. രാജ്യത്തെ ഭരണത്തിനു അത്യാവശ്യമായ എല്ലാ ഉദ്യോഗങ്ങളെപോലെതന്നെ എല്ലാ ജനവിഭാഗങ്ങളുടേയും പൊതു ഉടമയിലാക്കുക എന്നാണു്. കൃഷി ചെയ്യുന്നതും കച്ചവടം നടത്തുന്നതും, യന്ത്രങ്ങൾ ഓടിക്കുന്നതും, വ്യവസായം നടത്തുന്നതും, ട്രാൻസ്പോർട്ട് നടത്തുന്നതും എല്ലാം എല്ലാവർക്കു വേണ്ടിയും അതിൽപ്പെട്ട എല്ലാ ജോലികളും ഗവണ്മെൻറുജോലികളായി എല്ലാവരുടേയും ആയിത്തീരുമ്പോൾ മാത്രമേ ഇന്നത്തെ ഉദ്യോഗത്തിനു വേണ്ടിയുള്ള അവകാശവാദം നിലക്കുകയുള്ളൂ, എന്നാണു് ഞാൻ പറയുന്നതു്. അതുപോലെ തന്നെ അധികാരവും. അധികാരം ഇന്നു സ്വന്തക്കാ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനും സ്വന്തക്കാർക്കും സ്വന്തസമുദായക്കാർക്കു വേണ്ടിയും ഉർവിനി യോഗിക്കപ്പെടുന്നുള്ളതാണ് വാസ്തവം. അതിനു വേണ്ടിയുള്ള വടംവലി ഉപ്പുഹവും ജുഗുപ്സാവഹവും ആയിത്തീർന്നിട്ടുണ്ട്. ഇതി നെല്ലാം പ്രധാന പരിഹാരം അധികാരവികേന്ദ്രീകരണം മാത്രമാണ്. ഈ കേന്ദ്രീകൃതമായ അധികാരങ്ങളെല്ലാം വികേന്ദ്രീകരിച്ച് ഗ്രാമവാസി കളുടെ കയ്യിൽ കൊടുക്കുക. ഗ്രാമീണസ്വയംഭരണസമിതികൾക്ക് ഈ അധികാരങ്ങൾ മിക്കതും വന്നുചേരുന്ന അവസരത്തിൽ-കേന്ദ്രസ്ഥാന ങ്ങൾ മേൽനോട്ടസ്ഥാനങ്ങളായി പരിണമിക്കുമ്പോൾ-ഈ വടംവലിയും വഴക്കും അവസാനിക്കുന്നതായി കാണാം. ഇവയെല്ലാം ആദർശപരവും ശോഭനവുമായ ഒരു ഭാവി കെട്ടിപ്പടുക്കുവാനുള്ള നിർദ്ദേശങ്ങൾ മാത്ര മാണ്. ഇന്ന് നാം ഇന്നത്തെ യാഥാർത്ഥ്യങ്ങളെയാണ് നേരിടേണ്ടി യിരിക്കുന്നത്. ഞാൻ പറഞ്ഞ കാര്യങ്ങളെ മനസ്സിൽ വച്ചുകൊണ്ടു വേണം യാഥാർത്ഥ്യങ്ങളെ നേരിടേണ്ടതെന്നുള്ളതാണ് എന്റെ വിനീത മായ അഭിപ്രായം.

MR. D. GNANASIGAMONY: Is the Hon'ble Member of the view that the Cabinet also should be composed on this method?

MR. K. K. CHELLAPPAN PILLAI: Certainly not,

ക്യാബിനറ്റ്, ജനസേവനാദർശം, സ്വഭാവശുദ്ധി, കാര്യക്ഷമത ഇവയെ മാത്രം അടിസ്ഥാനപ്പെടുത്തി രൂപീകരിക്കപ്പെടേണ്ടതാണ്. ആദായവിതരണതത്ത്വത്തിന് അവിടെ സ്ഥാനമേ ഇല്ല.

MR. P. BALAKRISHNAN THAMPI May I remind the Hon'ble Member of the Shakespearian saying Oh Judgement thou art fled to brutish beasts, men have lost their reason (Laughter)

MR. K. K. CHELLAPPAN PILLAI: സർ, മലയാളി മെമ്മോറിയലിനെ പ്പറ്റി മി. മാധവൻ പറഞ്ഞു. ഞാൻ ഇവിടെ പറഞ്ഞത് ഇന്നു കാണപ്പെടുന്നതുപോലെ ആദായാധികാരവിതരണം എന്ന ഒരു തത്ത്വ ത്തിൽ നിന്നു നോക്കുമ്പോൾ ഇന്നത്തെ അവകാശവാദങ്ങൾക്ക് പ്രസക്തി ഉണ്ടെന്നാണ്. പക്ഷെ, പബ്ലിക്ക് സർവീസ് ആദായ വിതരണം എന്ന തത്ത്വത്തിലല്ല, പ്രഥമവും പ്രധാനവുമായി വീക്ഷിക്ക പ്പെടേണ്ടതു്. വിശിഷ്യാ രാജ്യത്തിന്റെ നട്ടെല്ലായ ഉയന്ന ഉദ്യോഗ ങ്ങളെ സംബന്ധിച്ചിടത്തോളം ആ തത്ത്വത്തിനു പ്രസക്തിയില്ലെന്നു തന്നെയല്ല സ്വഭാവശുദ്ധിക്കും കാര്യക്ഷമതക്കും മാത്രമാണ് പ്രാധാന്യം കൽപ്പിക്കേണ്ടതെന്നുമുള്ള അഭിപ്രായത്തിലാണ് ഞാൻ ഉറച്ചുനിൽക്കു ന്നതു്. പബ്ലിക്ക് സർവന്റിന്റെ കാര്യക്ഷമതയും പരിശുദ്ധിയും മുൻനിറുത്തി മാത്രമാണ് ഇന്ന് രാജ്യത്തെ സ്നേഹിക്കുന്ന എല്ലാവരും അതേ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Chellappan Pillai]

സംബന്ധിക്കുന്ന പ്രശ്നങ്ങളെ സമീപിക്കേണ്ടതു്. മലയാളിമെമ്മോറിയൽകാർ ഈ തത്ത്വം മറന്നു് സമുദായവാദം ഉന്നയിച്ചതു മുതൽ ആ തത്ത്വം മറന്നുകഴിഞ്ഞിരിക്കുകയാണു്. അതുകൂടാതെ ദുഷിപ്പും അതിൽ വന്നു ചേർന്നിട്ടുണ്ടു്. സമുദായവാദം ഉന്നയിക്കാതെ കാര്യക്ഷമതയും ഔദ്യോഗിക നൈർമല്യവും മാത്രം ആസ്പദമാക്കി അന്നുണ്ടായിരുന്ന നിയമനങ്ങളിലെ സാമുദായികത്വത്തെ എതിർത്തിരുന്നെങ്കിൽ പബ്ലിക്ക് സർവീസിനെ ഇന്നു നൊടുങ്കം ബാധിച്ചിരിക്കുന്ന രോഗം പിടിപെടാതെ തന്നെ സൂക്ഷിക്കാമായിരുന്നു. സർ. സി. പി. യുടെ കാലത്താണു് രാഷ്ട്രീയനിറവും പ്രവർത്തനവും മാനദണ്ഡമാക്കി ഉദ്യോഗങ്ങൾ കൊടുക്കുവാൻ തുടങ്ങിയതു്. ഇതു പബ്ലിക്ക് സർവീസിനെ കൂടുതൽ ദുഷിപ്പിച്ചു. സമർത്ഥന്മാരും ഉത്തമന്മാരും ആയി സർവീസിൽ ഇരുന്നിരുന്നവരെ പേരുടെ അവകാശങ്ങളെ അവഗണിച്ചുള്ള ഇത്തരം നിയമനങ്ങൾ സർവീസിനെത്തന്നെ ദുഷിപ്പിക്കുന്നതിനു പര്യാപ്തമായി. തന്നെയല്ല വെളിയിൽ രാഷ്ട്രീയജീവിതത്തേയും അതു ദുഷിപ്പിച്ചു. ആ പാരമ്പര്യം ഏകദേശം പത്തുവർഷം തുടർന്നുകൊണ്ടിരുന്നു.

അങ്ങനെ പബ്ലിക്ക സർവ്വീസു മലീമസമാക്കപ്പെട്ടു എന്നു പറയാതെ നിവൃത്തിയില്ല. അക്കാര്യത്തിൽ ഒരു ശുദ്ധമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനു് ഇപ്പോഴെങ്കിലും ശ്രമിച്ചില്ലെങ്കിൽ കാര്യം വഷളാകും. വിശേഷിച്ചും സൂപ്പർവിഷൻ രീതിയിലുള്ളതും മറ്റുമായ ഉന്നത ഉദ്യോഗങ്ങൾ, ജുഡീഷ്യറി നിയമനങ്ങൾ, മുതലായവ ഈ സാമുദായികത്വത്തിനും രാഷ്ട്രീയാഭിപ്രായങ്ങൾക്കുമെല്ലാം അതീതമായിരിക്കണം. ഹൈക്കോടതിയിലെ ജഡ്ജിയുദ്യോഗം മാത്രമല്ല, എല്ലാഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷപദത്തിനും, സിക്രട്ടറിപദത്തിനും മാത്രമല്ല, മേൽനോട്ടപ്രധാനമായ എല്ലാ ഉദ്യോഗങ്ങൾക്കും പ്രധാനമായി നോക്കേണ്ടതു സ്വഭാവശുദ്ധിയും കാര്യക്ഷമതയും ആയിരിക്കണം. അങ്ങനെ നോക്കിയില്ലെങ്കിൽഇവിടത്തെ പബ്ലിക്ക് സർവ്വീസു പഴയതിനേക്കാൾ കൂടുതൽ മലീമസമാക്കപ്പെട്ടുമെന്നുള്ളതിനു് യാതൊരു തർക്കവുമില്ല.

MR. ABDUL AZIZ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഒരു മെംബർക്ക് പത്തുമിനിട്ടു സംസാരിക്കുവാൻ അനുവാദം കൊടുത്തിട്ടുണ്ടെങ്കിൽ, അതിൽ എത്ര മിനിട്ടു റിലവൻറ് മാറ്റേഴ്സിനെപ്പറ്റിയും എത്ര മിനിട്ടു ഇറിലവൻറ് മാറ്റേഴ്സിനെപ്പറ്റിയും സംസാരിക്കാം എന്നുകൂടി അറിഞ്ഞാൽകൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI : ഒരു മെംബർ സംസാരിക്കുന്നതു് റലവന്റോ, ഇറലവന്റോ എന്നു പ്രസിഡന്റു നിശ്ചയിച്ചുകൊള്ളും. ബഹുമാനപ്പെട്ട മെംബർക്കു് അതേപ്പറ്റി പറയേണ്ട കാര്യമില്ല.

അതുകൊണ്ടു ഇന്നത്തെ പബ്ളിക്കു് സർവ്വീസു പരിശുദ്ധമാക്കുകയാണു് അത്യാവശ്യമായി വേണ്ടതു്. അതിനു എന്തു വേണം? അതിനു ഇതുപോലെ ഒരു കമ്മീഷൻ വളരെ അത്യാവശ്യമാണെന്നു സമ്മതിക്കാതെ തരമില്ല. ഇതിനു ആവശ്യമുള്ള രൂളുകൾ ഗവണ്മെന്റു ഉണ്ടാക്കുമെന്നു മാത്രമേ ഇവിടെ പറഞ്ഞിട്ടുള്ളൂ. എന്തെല്ലാം രൂളുകളാണു് വേണ്ടതെന്നു വളരെ ചിന്തിച്ചു തീരുമാനിക്കേണ്ടതാണു്. നിശ്ചയമായും ജുഡിഷ്യറി ഏറ്റവും ഉന്നതമായ നിലയിൽത്തന്നെ ഇരിക്കണം. ബില്ലിൽ ചില കാര്യങ്ങളെപ്പറ്റി പബ്ളിക്കു സർവ്വീസു കമ്മീഷനോടു ചോദിക്കേണ്ടതാണു് എന്നു പറഞ്ഞിട്ടുണ്ടു. അതു ശരിയാണോ എന്നു ആലോചിച്ചു നോക്കേണ്ടതാണു്. ഏതായാലും ഗവണ്മെന്റു ഇതു സംബന്ധിച്ചു് രൂളുകൾ ഉണ്ടാക്കുമ്പോൾ കാര്യക്ഷമതയ്ക്കും സ്വഭാവശുദ്ധിക്കും പ്രഥമ സ്ഥാനം കൊടുത്തില്ലെങ്കിൽ ഞാൻ മുൻപു പറഞ്ഞതുപോലെ ഭരണകൂടത്തിനു തന്നെ കേടുപറ്റും. സെലക്ഷൻ ഉദ്യോഗങ്ങൾക്കു്, ബാബു ഗവണ്മെന്റു നിശ്ചയിച്ചിട്ടുള്ളതുപോലെ, അപേക്ഷകളിൽ അവരുടെ കാസ്റ്റോ, കമ്മ്യൂണിറ്റിയോ, റേസോ കാണിക്കേണ്ടതില്ലെന്നു വ്യവസ്ഥ ചെയ്യുന്നതും നന്നായിരിക്കും.

MR. P. BALAKRISHNAN THAMPI : The House is at sea.

MR. K. K. CHELLAPPAN PILLAI : പബ്ളിക്കു് സർവ്വീസു ശുദ്ധമാകണമെങ്കിൽ മുൻപറഞ്ഞ കാര്യങ്ങൾകൂടി മനസ്സിൽവച്ചുകൊണ്ടു വേണം ഗവണ്മെന്റു രൂളുകൾ ഉണ്ടാക്കേണ്ടതു്.

പബ്ളിക്കു സർവ്വീസു കമ്മീഷൻ ഒരു അഡ്വൈസറിയും കൺസൽട്ടേറ്റീവും ബാഡി അല്ലേ എന്നു ചിലർ ഇവിടെ ചോദിക്കുകയുണ്ടായി. അതു അങ്ങനെ ആയിരിക്കുന്നതിൽ വലിയ തെറ്റില്ല. പക്ഷെ പബ്ളിക്കു സർവ്വീസു കമ്മീഷൻ നൽകുന്ന ഉപദേശങ്ങൾ മാൻഡേറ്ററിയായിട്ടു സ്വീകരിക്കപ്പെട്ടാൽ മാത്രമേ അതുകൊണ്ടു ഗുണമുണ്ടാകുകയുള്ളൂ. ഗവണ്മെന്റു എല്ലാ നിയമനങ്ങളും പബ്ളിക്കു സർവ്വീസുകമ്മീഷന്റെ അഡ്വൈസു അനുസരിച്ചു മാത്രമേ നടത്തുകയുള്ളൂ എന്നുവയ്ക്കുണ്ടതാണു്.

ഇവിടെ ഒരു പബ്ളിക്കു് സർവ്വീസുകമ്മീഷൻ ഏർപ്പെടുത്തതക്കവിധം വേണ്ടത്ര ഫൈനാൻസു ഇല്ല എന്നു മി. പാപ്പുപിള്ള പറഞ്ഞു. അത്യാവശ്യ സംഗതികൾക്കു ഫൈനാൻസ് കണ്ടുപിടിക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Chellappan Pillai]

തന്നെ വേണം. എന്നാൽ ഇന്നത്തെ നിലയ്ക്ക് പബ്ളിക്ക് സർവ്വീസു കമ്മിഷനിൽ എത്രയും കുറച്ചു അംഗങ്ങളെ നിയമിച്ചാൽ മതിയാകുന്നതാണ്.

MR. P. T. CHACKO : ബഹുമാനപ്പെട്ട മെംബർ ഇവിടെ ഇതേപ്പറ്റി പ്രസംഗിച്ച് ആദരാടെങ്കിലും യോജിക്കാതിരിക്കുന്നുണ്ടോ ?

MR. K. K. CHELLAPPAN PILLAI : തീർച്ചയായും ഉണ്ട്. എന്റെ പ്രസംഗം ശരിയായി കേട്ടിരുന്നുവെങ്കിൽ മെംബർ ഈ ചോദ്യം ചോദിക്കുകയില്ലായിരുന്നു. ഒരു രാജ്യത്തിനു അത്യാവശ്യമുള്ള കാര്യങ്ങൾക്ക് നിശ്ചയമായും പൈസാൻസുണ്ടാകും. അതുകൊണ്ടു ബഡ്ജറ്റിൽ പ്രൊവിഷൻ ഉണ്ടായിട്ടുമാത്രമെ ഇതുമാതിരിയുള്ള ബിൽ കൊണ്ടുവരാവൂ എന്നു പറയുന്നതിനോട് ഞാൻ യോജിക്കുന്നില്ല. പക്ഷെ കഴിയുന്നതും കുറച്ചു അംഗങ്ങളെ മാത്രമെ പബ്ളിക്ക് സർവ്വീസുകമ്മീഷനിൽ നിയമിക്കാവൂ. ഇതുയും പറഞ്ഞുകൊണ്ടു ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

HON'BLE MR. A. J. JOHN: I move that the question be now put.

MR. P. BALAKRISHNAN THAMPI: On a point of order. It is not right that the mover of the bill should apply for closure. There is a convention which requires that a gentleman who has not spoken should move for closure.

MR. PRESIDENT: The rule is that he can move for a closure. The motion for closure was put and carried.

HON'BLE MR. A. J. JOHN: സർ, ഈ സഭയിൽ സംസാരിച്ച എല്ലാ മെമ്പറന്മാരും ഈ ബില്ലിന്റെ തത്വത്തോട് യോജിക്കുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മെമ്പർ മി. പാച്ചുപിള്ള മാത്രമാണ് ബില്ലിന്റെ തത്വത്തോട് വിയോജിച്ചതു്. അദ്ദേഹം പറഞ്ഞതു ഈ കമ്മീഷൻ നടപ്പിൽവന്നാൽ ഒരു വലിയ സംഖ്യ ചെലവിടേണ്ടി വരുമെന്നും അങ്ങനെ വരുമ്പോൾ നമ്മുടെ ഇക്കൊല്ലത്തെ ബഡ്ജറ്റ് ഒരു മിച്ച ബഡ്ജറല്ലാതെ വരുമെന്നും അതുകൊണ്ട് ബിൽ ഇപ്പോൾ നടപ്പിൽ വരുത്തരുതെന്നുമാണ്. തിരുവിതാംകൂറിലെ എല്ലാ ജനവിഭാഗങ്ങളും തമ്മിൽ ഏറ്റവും സൗഹാർദ്ദതയോടുകൂടി കഴിഞ്ഞുകൂടണമെങ്കിൽ ഇപ്രകാരം ഒരു പബ്ളിക്കുസർവ്വീസുകമ്മീഷൻ ഉണ്ടാകേണ്ടതു അത്യാവശ്യമാണെന്നു ഗവണ്മെൻറിനു ബോദ്ധ്യംവന്നതുകൊണ്ടാണ് ഈ ബിൽ ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതിലേക്ക് ആവശ്യമുള്ള പണം ഗവണ്മെൻറിനു ഉണ്ടാകുമെന്നാണ് ഗവണ്മെൻറിന്റെ ബോദ്ധ്യം.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MOHAMMED: ഇവിടത്തെ എല്ലാ ജനവിഭാഗങ്ങൾക്കും സൗഹാർദ്ദം ലഭിക്കുന്നതിനു അത്യാവശ്യമായ സമുദായന്തി ഉണ്ടാക്കാമെന്നു വല്ല വ്യവസ്ഥയും ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?

HON'BLE MR. A. J. JOHN: അതിലേക്കാണു ഇതു സംബന്ധിച്ച് ചില വ്യക്തത ഉണ്ടാകണമെന്നു വിചാരിക്കുന്നത്. അങ്ങനെയുള്ള വ്യക്തത ഉണ്ടാക്കുന്നതിനു ഗവണ്മെൻറിനു അധികാരമുണ്ടെന്നു പറഞ്ഞിരിക്കുന്നു.

MR. P. BALAKRISHNAN THAMPI: May I ask the honourable member whether the Government still continues to think in terms of communities?

HON'BLE MR. A. J. JOHN: തിരുവിതാംകൂറിൽ സമുദായങ്ങൾ ഉണ്ടെന്നും ഉദ്യോഗവിഷയത്തിൽ സാമുദായിക അവശതകൾ ഉണ്ടെങ്കിൽ അതു പരിഹരിക്കേണ്ടതാണെന്നും ആണു എന്റെ അഭിപ്രായം.

MR. P. BALAKRISHNAN THAMPI: May I point out, Sir, that it is fundamentally against the congress creed?

HON'BLE MR. A. J. JOHN: അങ്ങനെയല്ല.

MR. P. S. NATARAJA PILLAI: Is communal representation possible under the Fundamental Rights Resolution accepted by the Indian Constituent Assembly.

HON'BLE MR. A. J. JOHN: കാൺസ്റ്റിറ്റ്യൂഷൻ അക്ട് വ വ ർ-ാം വകുപ്പു ർ-ാം ഉപവകുപ്പാണു് ഞാൻ വായിക്കുന്നത്.

MR. P. S. NATARAJA PILLAI: I am referring to the Fundamental Rights adopted by the Constituent Assembly Article 10—

HON'BLE MR. A. J. JOHN: Draft constitution Bill ന്റെ വ ർ-ാം സെക്ഷൻ ർ-ാം സബ് സെക്ഷൻ ഇതിനെപ്പറ്റി പറയുന്നുണ്ട്. ഫണ്ടമെൻറൽ റൈറ്റല്ല നാമിപ്പോൾ ആലോചിക്കുന്നതു്. പബ്ലിക്ക് സർവ്വീസു കമ്മിഷനാണു്.

MR. P. S. NATARAJA PILLAI: May I point out it has not been adopted by the Constituent Assembly.

MR. ABDUL AZIZ: May I konw whether these honourable members have ceased to belong to any community.

HON'BLE MR. A. J. JOHN: അതു് അവരോടുതന്നെ ചോദിക്കേണ്ടതാണു്. Section 284, sub section 4-ൽ "Nothing in this Article shall require a Public Service Commission to be consulted as respects the manner in which appointments and posts are allocated as between the various communities in the Union or a state." എന്നാണു പറഞ്ഞിരിക്കുന്നതു. ഇതുപോലെയുള്ള സംഗതികൾകൂടി അതിൽ വരുത്തിയിട്ടുണ്ടെന്നാണു ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്.

MR. P. BALAKRISHNAN THAMPI: Does the community there mean a sociao religious community

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN : അതു കമ്മീണിറിയെപ്പറ്റി നിർവ്വചനം ചെയ്യുമ്പോൾ ആലോചിക്കുന്നതാണ്.

മി. നേശമണി അഭിപ്രായപ്പെട്ട, ഇതിന്റെ മൂലകാരം നേരത്തെ ഗസറ്റിൽ പരസ്യംചെയ്ത പൊതുജനാഭിപ്രായംകൂടി അറിഞ്ഞതിനു ശേഷം മാത്രമേ ഗവണ്മെന്റു അവസാനമായി പാസാക്കാവൂ എന്ന്. അതേപ്പറ്റി ഗവണ്മെന്റു ഗൗരവമായി ആലോചിക്കുന്നതാണ്. അതുപോലെ ഈ ബില്ലിലെ ചില വ്യവസ്ഥകളെപ്പറ്റി ചില ആക്ഷേപങ്ങൾ ബഹുമാനപ്പെട്ട ചില മെമ്പറന്മാർ പറയുകയുണ്ടായി. ബില്ലിലെ ഏതെങ്കിലും വ്യവസ്ഥകാരം മാറ്റുകയോ ഭേദഗതി വരുത്തുകയോ ചെയ്യേണ്ടതുണ്ടെങ്കിൽ അതു സെലക്ട്കമ്മിറ്റിയിൽവച്ചു ചെയ്യാവുന്നതാണ്. മി. ശിവരാമപിള്ള അഭിപ്രായപ്പെട്ട, ഇവിടെ ഒരു മോഡൽ കാൺസ്റ്റിറ്റ്യൂഷൻ വരുമ്പോൾ ഒരു പബ്ളിക്കുസർവ്വീസുകമ്മിഷനുകൂടി അതിൽ വ്യവസ്ഥയുണ്ടായിരിക്കുമെന്നും അതുകൊണ്ടു ഇപ്പോൾ ഇങ്ങനെ ഒരു ബിൽ ഇവിടെ പാസാക്കേണ്ട ആവശ്യമില്ലെന്നും, ഇൻഡ്യൻ യൂണിയന്റെ ഡ്രാഫ്ട് കാൺസ്റ്റിറ്റ്യൂഷനിൽ ചേർത്തിരിക്കുന്ന വ്യവസ്ഥകാരം തന്നെയാണ ഈ ബില്ലിലുമുള്ളത്. ഈ ഡ്രാഫ്റ്റു കാൺസ്റ്റിറ്റ്യൂഷൻ വ്യവസ്ഥകാരംതന്നെ ഫൻഡമെന്റൽ ഇൻഡ്യാ ആക്ടിലെ അതേ വ്യവസ്ഥകാരം ആണെന്നുകൂടി നാം ഓർമ്മിക്കണം. അതുകൊണ്ട് ഡ്രാഫ്ട് കാൺസ്റ്റിറ്റ്യൂഷൻ ബിൽ നടപ്പിൽ വന്നാലും ഈ വ്യവസ്ഥകാരംക്കു വലിയ വ്യത്യാസം വരുമെന്നു തോന്നുന്നില്ല. കൂടാതെ ബാംബെ, മദ്രാസ് മുതലായ പ്രാവിൻസുകളിലും പ്രധാനപ്പെട്ട ചില സ്റ്റേറുകളിലും ഇതുപോലെയുള്ള പബ്ളിക്കു സർവ്വീസുകമ്മീഷൻ ഏർപ്പെടുത്തിയിട്ടുമുണ്ട്. ആ നിലയ്ക്കു ഇപ്പോൾ ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതിൽ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല. ഈ ബില്ലിലെ വ്യവസ്ഥകാരംക്കു ഏതെങ്കിലും ഭേദഗതി വേണമെന്നുണ്ടെങ്കിൽ അതു സെലക്ട് കമ്മിറ്റിയിൽവച്ചു വരുത്താവുന്നതാണ്. അതിനാൽ,

I move that the bill be referred to a Select Committee consisting of the following members:—

1. Messers Abdul Razaak.
2. ,, Mannathu Padmanabha pillai.
3. ,, K. M. Chandy.
4. ,, Narayanan (Chittanpullan)
5. ,, K. Ramachandran
6. ,, Raphael J. Rodriguez.
7. ,, P. S. Muhammed
8. ,, Mrs, Devaki Gopidas
9. ,, K. S. Joseph
10. ,, K. A- Gangadhara Menon

The Quorum shall be 4.

LIBRARY ARCHIVES Kerala Legislative Assembly

MR. P. BALAKRISHNAN TAMPI : I propose two other names Mr. G. Ramachandran and Mr. K. P. Nilakanta pillai.

HON'BLE MR. A. J. JOHN : അവരെക്കൂടി ഉൾപ്പെടുത്തുന്നതാണ്.

MR. P. T. CHACKO : സർ, ഈ @ വകുപ്പുള്ള ബില്ലിനെപ്പറ്റി ആലോചിക്കാൻ പത്തോ പന്ത്രണ്ടോപേർ വേണമെന്നുള്ളതു നിർബന്ധമാണോ?

HON'BLE MR. A. J. JOHN : ഇതു വളരെ പ്രാധാന്യമുള്ള ഒരു ബില്ലാണ്. അതുകൊണ്ടു ഇതുസംബന്ധിച്ചു അഭിപ്രായം പറയാൻ കഴിവുള്ള എല്ലാവരുടെയും അഭിപ്രായം നിവൃത്തിയുള്ളിടത്തോളം ഈ സെലക്ട്കമ്മിറ്റിക്കു ഉണ്ടായിരുന്നാൽ കൊള്ളാമെന്നു ഗവണ്മെൻറു ആഗ്രഹിക്കുന്നു. മി. പി. റ്റി. ചാക്കോയുടെ പേർകൂടി സെലക്ട് കമ്മിറ്റിയിൽ ചേർത്തിരിക്കുന്നു.

MR. K. P. NILAKANTA PILLAI: May I suggest that in my place Mr. P. S. Nataraja Pillai may be taken in ?

MR. P. S. NATARAJA PILLAI; I will not be here.

MR. P. T. CHACKO: May I know whether a member is at liberty to withdraw ? If so, I withdraw.

The motion that the bill be referred to a Select Committee consisting of all the members mentioned above including Mr. P. T. Chacko was put and carried.

HON'BLE MR. A. J. JOHN: I also move that Standing Order 35 be suspended by the House and that the Committee be ordered to submit its report within one month.

MR. P. BALAKRISHNAN TAMPI; I oppose the motion. This is a very bad precedent. As a matter of course, without even an appology, the Minister gets up and asks for the relaxation of the rule. It is one of the fundamental provisions in the Act not to go in for hasty legislation. Therefore, I protest against this. I know the Ministry is never discourteous to this House, but I believe that it is out of sheer want of knowledge about parliamentary procedure that they have asked for the relaxation of this rule. Therefore, I again appeal to you, Sir, that it is not a matter which should be referred to this House but must be decided by the Chair.

HON'BLE MR. A. J. JOHN : പാർലമെൻറി പ്രൊസീഡ്യർ നിശ്ചയമുള്ളതുകൊണ്ടാണു ഈ അസംബ്ലിയുടെ അനുവാദത്തിനു ഞാൻ ഇങ്ങനെ ഒരു നിശ്ചയം അവതരിപ്പിച്ചിരിക്കുന്നതു്. മുമ്പിൽ പറഞ്ഞിരിക്കുന്നതു ഏതെങ്കിലും ഒരു ബിൽ മൂന്നുമാസത്തിനുമുൻപു സെലക്ട്കമ്മിറ്റിക്കു അയച്ചു റിപ്പോർട്ടുവരുത്തണമെന്നുണ്ടെങ്കിൽ അതിനു സഭയുടെഅനുവാദം

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. J. Jhon]

വേണമെന്നാണ്. ഈ ബിൽ കഴിയുന്നതും വേഗത്തിൽ പാസാക്കണമെന്ന ഗവണ്മെൻറിനു നിർബന്ധമുണ്ട്. അതുകൊണ്ടാണു ഞാൻ ഇങ്ങനെ ഒരു മോഷൻ അവതരിപ്പിച്ചതു്.

The Motion that standing order 35 be suspended was put and carried.

MR. PRESIDENT : ഈ അസംബ്ലിയിൽ ചർച്ച ചെയ്തു തീർക്കേണ്ടതായ പല ബില്ലുകളും ഇനിയും അജൻറായിൽ ബാക്കി കിടപ്പുള്ളതുകൊണ്ടു് ബുധനാഴ്ചയും വ്യാഴാഴ്ചയുംകൂടി ഈ സഭ തുടർന്നു സമ്മേളിക്കുന്നതാണു്.

MR. A. NESAMONY: Sir, may I know whether the business will stop by Thursday evening or there is going to be a further extension ?

MR. PRESIDENT : If the Hon'ble Members heartily co-operate, there may not be any room for extension beyond that day.

THE TRAVANCORE PREVENTION OF CORRUPTION BILL.

HON'BLE MR. A. J. JOHN: Sir, I beg to introduce the Travancore Prevention of Corruption Bill and in doing so I wish to offer certain remarks.

സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ അഴിമതിക്കും കൈപ്പറ്റലിക്കും ഉള്ള സാദ്ധ്യതകൾ അടുത്തകാലത്തു് വളരെ വർദ്ധിച്ചിട്ടുണ്ടു്. ഇതു് തടയുന്നതിനു് നിലവിലിരിക്കുന്ന നിയമങ്ങൾ മതിയാകയില്ലെന്നു കാണുന്നു. അതിനാൽ അവശ്യമായ ക്രിമിനൽ നടപടികൾ കൂടുതൽ ഊർജിതമായി നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ ബിൽ അവതരിപ്പിക്കുന്നതു്. ഇതു സംബന്ധിച്ചു് അന്വേഷണോദ്യോഗസ്ഥപക്ഷത്തുനിന്നു ഒരു ബിൽ അവതരിപ്പിക്കപ്പെട്ടു എങ്കിലും ഗവണ്മെൻറു തന്നെ ഇതിലേക്കു ഒരു ബിൽ അവതരിപ്പിക്കേണ്ടതാണെന്നു് ഗവണ്മെൻറിനു് ബോദ്ധ്യമായിരിക്കുന്നു.

ബില്ലിലെ ഏതാനും വ്യവസ്ഥകളെപ്പറ്റി ചില വിവരങ്ങൾ താഴെ പറയുന്നു. ബിൽ മൂന്നാംക്ലാസ് അനുസരിച്ചു് തി. ശി. നി. ഫ @ ന-ാംവകുപ്പുപ്രകാരമോ ഫ @ ൊ ാംവകുപ്പുപ്രകാരമോ ഉള്ള കുറ്റം ക്രിമിനൽ നടപടി നിയമപ്രകാരം പോലീസിനു് നടപടി തുടങ്ങത്തക്ക കുറ്റമായി ഗണിക്കപ്പെട്ടിരുന്നതാണു്. തി. ശി. നി. ഫ @ ന-ാം വകുപ്പുപ്രകാരമോ ഫ @ ൊ-ാംവകുപ്പിൻപ്രകാരമോ ഉള്ള ഒരു കേസിൽ പ്രതി എന്തെങ്കിലും സമ്മാനമോ വിലപിടിപ്പുള്ള സാധനമോ സ്വീകരിച്ചതായോ സ്വീകരിക്കാമെന്നു സമ്മതിച്ചതായോ തെളിഞ്ഞാൽ പ്രതി അങ്ങനെ ചെയ്തതു് ഉദ്യോഗസംബന്ധമായ എന്തെങ്കിലും പ്രവൃത്തി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിനൊ ചെയ്യാതിരിക്കുന്നതിനൊ പ്രതിഫലമായിട്ടോ കാരണമായിട്ടോ ആരെങ്കിലും കോടതി അനുമാനിക്കണം എന്ന് ബില്ലിന്റെ നാലാംക്ലാസിൽ വ്യവസ്ഥചെയ്തിരിക്കുന്നു. കുറ്റകരമായ നടപടിപ്പിശക് എന്ന ഒരു പുതിയ കുറ്റത്തെപ്പറ്റി ബിൽ 8-ാംക്ലാസിൽ പ്രതിപാദിച്ചിരിക്കുന്നു. ഉദ്യോഗസംബന്ധമായ പ്രവർത്തികൾ ചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ പതിവായി പ്രതിഫലം വാങ്ങിക്കുക, ഉദ്യോഗസംബന്ധമായി ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഏതെങ്കിലും വസ്തു അന്യായമായ് ലാഭം ഉണ്ടാകുത്തക്കവിധത്തിലൊ, ചതിയായിട്ടോ സ്വന്ത ആവശ്യത്തിനു ഉപയോഗിക്കുക, മുതലായ പ്രവർത്തികളാണ് കുറ്റകരമായ നടപടിപിശകായി ബില്ലിൽ വിവരിച്ചിരിക്കുന്നത്. ഈ കുറ്റത്തിന് ഏഴു വർഷത്തെ തടവിനോ പിഴക്കോ, രണ്ടിനുമോ, ഒരാളെ ശിക്ഷിക്കാവുന്നതാണ്. ഈ വകുപ്പിൻപ്രകാരമുള്ള കേസുകളിലും തി. ശി. നി. ക 161, ക 162 ഈ വകുപ്പുകളിൻപ്രകാരമുള്ള കേസുകളിലും പ്രതിയുടെ ആദായത്തേക്കാൾ വളരെ കൂടുതലായിട്ടുള്ള ധനം അയാളുടേയോ അയാളുടെ പേർക്ക് മറ്റാളുകളുടേയോ കൈവശമുണ്ടെന്നു തെളിയിക്കാവുന്നതും അങ്ങിനെ തെളിഞ്ഞാൽ പ്രതി ടി വകുപ്പുകളിൻപ്രകാരം കുറ്റക്കാരനാണെന്നു കോടതി അനുമാനിക്കേണ്ടതുമാണ്.

അഴിമതിനിരോധനത്തിനായി ഒരു കമ്മീഷനേയൊ, ഒരു സ്പെഷ്യൽ ആഫീസറേയൊ നിയമിക്കുന്നതിന് ബില്ലിന്റെ 10-ാംക്ലാസിൽ വ്യവസ്ഥചെയ്തിരിക്കുന്നു. ഈ ആക്ടു് അനുസരിച്ചോ, തി. ശി. നി. ക 161, ക 162 ഈ വകുപ്പുകളനുസരിച്ചോ ഉള്ള ഒരു വിചാരണക്ക് ആവശ്യമെന്നു തോന്നുന്നപക്ഷം, ഗവണ്മെൻറിനോ, ഈ ആക്ടിൻപ്രകാരം നിയമിക്കപ്പെടുന്ന കമ്മീഷനോ ഗവണ്മെൻറിനാൽ അധികാരപ്പെടുത്തിയിട്ടുള്ള മറ്റുദ്യോഗസ്ഥനോ ഏതു ഗവണ്മെൻറുദ്യോഗസ്ഥനോടും അയാളുടെ സ്വത്തുക്കളുടേയും ആദായത്തിന്റേയും കണക്കു ആവശ്യപ്പെടാവുന്നതാണ്. ആവശ്യപ്പെട്ടിട്ടുള്ള കണക്ക് ഹാജരാക്കാതിരിക്കുകയോ തെറ്റായ കണക്ക് ഹാജരാക്കുകയോ ചെയ്താൽ അങ്ങിനെ ചെയ്യുന്ന ആൾ ഒരുകൊല്ലത്തെ തടവിനൊ, പിഴക്കൊ, രണ്ടിനുമോ ശിക്ഷിക്കപ്പെടാവുന്നതാണ്. ഈ ആക്ടിന്റെ വ്യവസ്ഥകൾ ഉൗർജ്ജിതത്തിൽ വരുത്തുന്നതിന് ആവശ്യമായ ചട്ടങ്ങൾ ഗവണ്മെൻറു് ഏർപ്പെടുത്തുന്നതുമാണ്.

ഈ ആക്ടിലെ വ്യവസ്ഥകൾ സർക്കാരുദ്യോഗസ്ഥന്മാരേയും, നിയമസഭാംഗങ്ങൾ മുതലായ പബ്ലിക്ക് സർവീസിനേയും ബാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. SIVARAMA PILLAI: Sir, the Hon'ble Member began by saying that bribery and corruption have increased among Government servants and so may I know, have the Government taken steps against those officers under the existing Acts?

HON'BLE MR. A. J. JOHN : എട്ടുപത്തുപേരെ സസ്പെൻറു ചെയ്തിട്ടുണ്ട്; ചിലരുടെയെല്ലാം പ്രമോഷൻ തടഞ്ഞിട്ടുണ്ട്. വേറെ ചിലരെക്കുറിച്ചുള്ള അന്വേഷണങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

MR. D. GNANASIGAMONI: On a point of information before which court is such a complaint to be preferred?

HON'BLE MR. A. J. JOHN : ഇതിലേക്ക് ഒരു കമ്മീഷൻ ഉണ്ടായിരിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്.

MR. VARGHESE AUGUSTIN (*Ambalapuzha III—General*) : ഈ ബില്ലിന് റിട്രോസ്പെക്ടീവ് ഇഫെക്റ്റ് ഉണ്ടായിരിക്കുമോ? അതായത് പെൻഷൻപറ്റി പിരിഞ്ഞുപോയ ഉദ്യോഗസ്ഥന്മാരേയും ഈ ബില്ലിൽ ബാധിക്കുമോ?

HON'BLE MR. A. J. JOHN : പബ്ലിക്ക് സർവന്റ്സിനെ എന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്.

MR. THARIATHU KUNJITHOMMAN : പെൻഷൻപറ്റി പിരിഞ്ഞുപോയവരെ കൂടി ഇതിൽ ഉൾപ്പെടുത്തരുതോ?

MR. ABDUL RAZAK: May I ask will it be a regular commission sitting throughout the year?

HON'BLE MR. A. J. JOHN : അതു് അവരുടെ ജോലിയെ ആശ്രയിച്ചിരിക്കും. ധാരാളം ഉദ്യോഗസ്ഥന്മാർ കൈയക്രമക്കാർ ഉണ്ടെങ്കിൽ തുടർന്നു് ജോലി നടത്തേണ്ടിവരും.

MR. THARIATHU KUNJITHOMMAN : നിയമസഭാമെമ്പറന്മാരും ഇതിൽ ഉൾപ്പെടുമോ?

HON'BLE MR. A. J. JOHN : ഈ ബില്ലിൽ ഉൾപ്പെടും.

MR. EAPEN ARAKKAL : പെൻഷൻപറ്റിയവരെ ഉൾപ്പെടുത്തിയിട്ടില്ലേ?

HON'BLE MR. A. J. JOHN : ആ ചോദ്യത്തിനുമുമ്പു് ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞു.

MR. D. GNANASIGAMONI: Then am I to understand that it is before the Commission the offender is to be prosecuted?

MR. PONNARA G. SREEDHAR : പെൻഷൻപറ്റി പിരിഞ്ഞിട്ടുള്ളവരെ പിടിക്കാൻ ഇതിൽ ഏതു സെക്ഷനാണുള്ളതു്?

HON'BLE MR. A. J. JOHN : ഇതിൽ ഇല്ലെന്നാണു പറഞ്ഞതു്. വേണമെങ്കിൽ ഇനിയും ചേർക്കാം.

LIBRARY ARCHIVES Kerala Legislative Assembly

MR. D. GNANASIGAMONI: Under clause 10, is it before him the offender is to be prosecuted ?

HON'BLE MR. A. J. JOHN : ഫസ്റ്റ് ക്ലാസിൽ വന്നിട്ട പിന്നെ പോകണം.

MR. K. P. NILAKANTA PILLAI : സർ, ഇതുമാതിരി ഒരു ബില്ലോ അല്ലെങ്കിൽ അതിനു പകരം വേറെ എന്തെങ്കിലും ചട്ടമോ വേണമെന്നുള്ള ഒരു നിർദ്ദേശം ഈ അസംബ്ലിയുടെ ഭാഗത്തുനിന്നു ഉണ്ടായി. കൈയ്ക്കൂലിയും അഴിമതിയും ഇല്ലായ്മചെയ്യുന്നതിനു നല്ല ഒരു ദൃഢമായ ഏർപ്പാട് ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ നിർദ്ദേശം നാം കിയിട്ടുള്ളത്. ഈ ബില്ലിന്റെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞതുപോലെ കൈയ്ക്കൂലിയും അഴിമതിയും ഇല്ലായ്മ ചെയ്യുന്നതിനും കൈയ്ക്കൂലി വാങ്ങുന്നവരെ പ്രോസിക്യൂട്ടു ചെയ്യുന്നതിനും ഉള്ള വ്യവസ്ഥകളും ഇപ്പോൾതന്നെ പീനൽകോർട്ടിൽ ഉണ്ട്. ആ വകുപ്പുകൾ അനുസരിച്ച് കൈയ്ക്കൂലി കൊടുക്കുന്നവനും വാങ്ങുന്നവനും മറ്റുപോലെ പ്രാസിക്യൂഷന് വിധേയരാകും.

MR. P. T. CHACKO: ഈ പ്രാസ്ക്യൂഷൻ നടത്താൻ മുമ്പിലുള്ളവർ ആരാണ്?

MR. K. P. NILAKANTA PILLAI : അതുതന്നെയായിരുന്നാലും കൈയ്ക്കൂലി കൊടുക്കുന്നവനും പ്രാസിക്യൂഷനിൽ അകപ്പെടും. ഇപ്പോൾ നിലവിലിരിക്കുന്ന ചട്ടത്തിന്റെ ഒരു ന്യൂനതയാണ് അതു. ഇപ്രകാരം ഒരു പുതിയ ബിൽ കൊണ്ടുവന്നപ്പോൾ എങ്കിലും ആശിച്ചു ഈ കൈയ്ക്കൂലി കൊടുക്കുന്നവനെ പ്രാസിക്യൂഷനിൽനിന്നും ഒഴിവാക്കാൻ വേണ്ട വ്യവസ്ഥചെയ്യുമെന്ന്. കൈയ്ക്കൂലി കൊടുക്കുന്നവൻ അവന്റെ കാര്യസാധ്യത്തിനുവേണ്ടി എന്തും പ്രവർത്തിക്കും. ഒരു കൊലക്കേസിൽ തൂങ്ങാതെ ഇരിക്കണമെങ്കിൽ ൪ ൦ ൦ ൦ രൂപ കൊടുക്കണമെന്നു പറഞ്ഞാൽ അവന് പിന്നെ ചായിസ് ഒന്നുമില്ല. ഒന്നുകിൽ തൂങ്ങണം അല്ലെങ്കിൽ ൪ ൦ ൦ ൦ രൂപ കൊടുക്കണം. അങ്ങനെ കൊടുത്തു കേസിൽനിന്നും രക്ഷപ്പെടുന്നവൻ രണ്ടാമതു ഒരു പ്രാസിക്യൂഷനു ഉള്ള സാദ്ധ്യതയുണ്ടാകും അതെങ്കിലും ഈ ബില്ലിൽ ഒഴിവാക്കുമെന്നാശിച്ചു. അതൊന്നും തൊട്ടിട്ടില്ല. രണ്ടാമതു ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞു ഈയിടെ കൈയ്ക്കൂലി വളരെ കൂടിയിട്ടുണ്ടെന്ന്. ആ ഇടെ എവിടെവച്ചാണ് തുടങ്ങിയതെന്ന് അറിഞ്ഞാൽകൊള്ളാം. ജനകീയ ഭരണം തുടങ്ങിയതിനുശേഷമാണോ വാർടൈമിലാണോ, ഏതു കാലഘട്ടത്തിലാണെന്നു വ്യക്തമായി പറയണം. വാർടൈമിലാണെങ്കിൽ കൈയ്ക്കൂലിവാങ്ങിക്കുന്നതിനുള്ള പലവിധ സൗകര്യങ്ങളും ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai]

ആ കാല ക്രമം ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ അന്നു നടത്തിയ അഴിമതിയും കൈയ്ക്കൂലിയും കണ്ടുപിടിച്ചു ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരത്തക്കവണ്ണം എന്തെങ്കിലും വ്യവസ്ഥ ഇതിൽ കാണുമെന്നു വിചാരിച്ചു. അതും ഇതിൽ കാണുന്നില്ല. പിന്നീട് ഞാൻ മുമ്പു പറഞ്ഞതുപോലെ കൈയ്ക്കൂലിക്കാരായ ഉദ്യോഗസ്ഥന്മാരെ കണ്ടുകിട്ടിയാൽ അവരെ വേണ്ടവിധത്തിൽ ശിക്ഷിക്കാനുള്ള വ്യവസ്ഥയും ഇതിലില്ല. ഈ രാജ്യത്തിന്റെ പ്രത്യേക പരിതഃസ്ഥിതിയിലും വിവിധ സമുദായവാദങ്ങളുടെ വാദകോലാഹലങ്ങളിലും ഒരു കൈയ്ക്കൂലിക്കാരനായ ഉദ്യോഗസ്ഥന്റെ മേൽ വേണ്ട നടപടി നടത്തി ഉദ്യോഗത്തിൽനിന്നു വെളിയിൽ അയയ്ക്കാനുള്ള ശക്തിയും തന്റേടവും ഉള്ള ഗവണ്മെന്റില്ലെങ്കിൽ ഏതു ബിൽ കൊണ്ടുവന്നാലാണ് പ്രയോജനം ഉണ്ടാകുവാൻ പോകുന്നതെന്നു ഞാൻ ചോദിക്കുന്നു.

സർ, ഇപ്പോൾതന്നെ അറിയാം വലിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ പരസ്യമായി കൈയ്ക്കൂലിയും അഴിമതിയും ആരോപിച്ചുകൊണ്ടു ഈ രാജ്യത്തെ നിലയും വിലയുമുള്ള പത്രങ്ങൾ മുഖപ്രസംഗങ്ങൾ എഴുതുകയും പ്രാസിക്യൂഷനു ഗവണ്മെൻറിനെ വീണ്ടും വീണ്ടും ചലഞ്ചുചെയ്തിട്ടും അതിൽ ധൈര്യമായി പ്രവർത്തിക്കാൻ മുതിരാതെ ഗവണ്മെൻറിനെ വെല്ലുവിളിച്ച പത്രത്തെ ഇല്ലായ്മചെയ്കയെന്നുള്ളതായിരുന്നു ഗവണ്മെൻറ് എടുത്ത നടപടി. ഇതാണ് സർവ്വാധികാരങ്ങളും കേന്ദ്രീകരിച്ചിരിക്കുന്ന ഒരു ഗവണ്മെൻറിന്റെ അസുസ്ഥരമായ നിലയെങ്കിൽ ഈ ബില്ലുകൊണ്ടോ ഒരു കമ്മീഷനെ നിയമിച്ചതുകൊണ്ടോ യാതൊരു പ്രയോജനവുമില്ലെന്നാണ് എന്റെ അഭിപ്രായം. ഇപ്പോഴാണെങ്കിൽ ഒരു കോടതിയുടേയോ ഒരു കമ്മീഷന്റേയോ അഭിപ്രായം കൂടാതെതന്നെ ഒരു ഉദ്യോഗസ്ഥൻ കയ്ക്കൂലിക്കാരനും അഴിമതിക്കാരനും ആണെന്നു പ്രധാനമന്ത്രിക്കു ബോദ്ധ്യപ്പെട്ടാൽ ആ ഉദ്യോഗസ്ഥനെ ഡിസ്മിസ് ചെയ്യാനുള്ള അധികാരം ഇന്നു പ്രധാനമന്ത്രിക്കുണ്ട്. ഇങ്ങനെ രണ്ടുദ്യോഗസ്ഥന്മാരുടെ മേൽ പരസ്യമായ ആരോപണങ്ങൾ കൊണ്ടുവന്നിട്ട അവരുടെ മേൽ നടപടിനടത്താതെ ആ പത്രത്തിനെ നശിപ്പിക്കുകയായിരുന്നു ചെയ്തത്.

MR. A. NESAMONY: May I ask, who are those officers?

MR. K. P. NILAKANTA PILLAI: The Director of Public Instruction and the Chief Engineer of Electricity.

MR. A. NESAMONY: In which paper was that published?

MR. K. P. NILAKANTA PILLAI: In the "Malayali" and other papers also reproduced the very same article.

LIBRARY ARCHIVES Kerala Legislative Assembly

മലയാളി. മറ്റു ചില പത്രങ്ങൾ അതു പകർത്തിയിട്ടുണ്ട്. ഇതു ഞാൻ പറഞ്ഞതു എന്തിനാണെന്നുവച്ചാൽ ഗവണ്മെൻറ് ഈ മാതിരി നയംമൂലം കയ്ക്കൂലിയെ പ്രോത്സാഹിപ്പിക്കുന്നുവെന്ന് കാണിക്കാനാണ്. ഇന്നാരെല്ലാം കയ്ക്കൂലിക്കാരാണെന്ന പറയുമ്പോൾ അവരുടെമേൽ നടപടി എടുക്കാൻ ഉള്ള അധികാരവും ഈ സഭയുടെ വിശ്വാസവും ആർജ്ജിച്ചുവരുകയും ഒരു ഗവണ്മെൻറിനുശക്തിയില്ലെങ്കിൽ ആ ഗവണ്മെൻറ് നിയമിക്കുന്ന ഒരു കമ്മിഷനും—അതിലെ അംഗങ്ങൾ തമ്മിൽ അഭിപ്രായത്തിനു ഐക്യരൂപ്യമുണ്ടാക്കി ഗവണ്മെൻറിലേയ്ക്കു എഴുതിഅയച്ച് അനുവാദം വരുത്തി ശിക്ഷിക്കാം എന്നു വിചാരിക്കുന്നതിൻെറ മൗഢ്യത്തെപ്പറ്റി അഥവാ അന്തസ്സാരവിഹീനതയെപ്പറ്റി എനിക്ക് പരിതാപമാണ്ട് തോന്നുന്നതു്. രണ്ടാമതു വേറൊരു വകുപ്പുകൂടി ഉള്ളതിനെപ്പറ്റി ആലോചിക്കാം. ചില ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്കു ധാരാളം കയ്ക്കൂലിവാങ്ങാൻ സൗകര്യമുണ്ട്. അങ്ങനെ ധാരാളം പണവും വസ്തുവും അവരുടെ ഭാര്യമാരുടെയും കുട്ടികളുടെയും പേരിൽ സമ്പാദിച്ചിട്ട് ഈ ബിൽ അനുസരിച്ച് ആവശ്യപ്പെടുന്ന ഒരു സ്റ്റേറ്റുമെൻറ് ഗവണ്മെൻറിലേക്ക് കിട്ടി എന്നിരിക്കട്ടെ. ഈ ബിൽ അനുസരിച്ച് പറഞ്ഞിരിക്കുന്നതു് അങ്ങനെയുള്ള ആളുകളെ വിസ്തരിച്ചേ ശിക്ഷിക്കാവൂ എന്നാണ്. അങ്ങനെയുള്ള ആളുകളെ വിസ്തരിച്ചശേഷം ശിക്ഷിക്കുന്നതു് ഒരു പൈസ ആയാലും മതി എന്നാണ്. ൫൦൦൦ രൂപയുടെ വസ്തു സമ്പാദിച്ച ഒരാളെ വിസ്തരിച്ച് ൧൦൦൦ രൂപ പിഴ ശിക്ഷിച്ച് അയാളെ സൈരമായി ജീവിക്കാൻ അനുവദിച്ചാൽ ഈ ബില്ലുകൊണ്ടു ഉദ്യോഗസ്ഥലോകം നന്നാകുമോ എന്നു ഞാൻ ചോദിക്കുന്നു. അതുപോലെതന്നെ ഭാര്യയുടെ പേരിൽ ഒരുലക്ഷം രൂപ സമ്പാദിച്ച ഒരാളെ കണ്ടുപിടിച്ചു ശിക്ഷിക്കുന്നതു ൧൦൦൦ രൂപയാണ്. ഞാൻ ഈ ഉദാഹരണം മൂണ്ടിക്കാണിക്കുന്നതു് ഈ ബില്ലിൻെറ കർക്കശത്വത്തെ സഭക്കു ബോദ്ധ്യപ്പെടുത്തുവാനാണ്. ഈബിൽ നിയമമായിവന്നാൽ ഇതിനു എത്രമാത്രം അധികാരം ഉണ്ടായിരിക്കുമെന്നു നാം ഇപ്പോഴവസരത്തിൽ ചിന്തിക്കേണ്ടതാണ്. ഇപ്പോൾ നിലവിലിരിക്കുന്ന ചട്ടങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ മേൽ പറഞ്ഞ വകുപ്പു ഇതിൽ ഉള്ളിടത്തോളം കാലം ഒരു ഉദ്യോഗസ്ഥനു് ഒറ്റയടിക്കു രണ്ടോ മൂന്നോ ലക്ഷംരൂപാ കയ്ക്കൂലി വാങ്ങിയശേഷം അതുസംബന്ധിച്ച് കേസുണ്ടായാൽ ൧൦൦൦ രൂപ പൈസ ഒടുക്കി ഉദ്യോഗം വേണ്ടാ എന്നു പറഞ്ഞു വീട്ടിൽപോയി സുഖമായി ജീവിക്കാനുള്ള ഒരു വ്യവസ്ഥയും ഈ ബിൽമൂലം ഉദ്യോഗസ്ഥന്മാർക്കു ലഭ്യമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR, G. CHANDRASEKHARA PILLAI : ഇതിന്റെ ക്ലോസ് ഏഴിൽ പറയുന്നത് അങ്ങനെയല്ല.

MR. K. P. NILAKANTA PILLAI : അങ്ങനെയല്ലെങ്കിൽ വേണ്ടാ.

MR. P. T. CHACKO : അതിൽ പിഴ ഇടാമെന്ന ഒരു വ്യവസ്ഥ ഉണ്ടെന്നറിയാമോ?

MR. K. P. NILAKANTA PILLAI : ഫൈൻ ഇടാമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ അയാളുടെ വസ്തുവകകൾ കണ്ടുകെട്ടുവാനുള്ള വ്യവസ്ഥ ഇതിൽ ഇല്ല. കയ്ക്കൂലി വാങ്ങിച്ച് സമ്പാദിച്ച സ്വത്തു് കണ്ടുകെട്ടേണ്ടതിനുപകരം അതു് സുഖമായി അനുഭവിക്കത്തക്ക വ്യവസ്ഥയല്ലേ ഇതിലുള്ളതു്. മൂന്നാമതായി ഒരു കാര്യംകൂടി എനിക്കു പറയുവാനുണ്ടു്. ഇപ്പോൾതന്നെ ഒരു ഉദ്യോഗസ്ഥൻ കയ്ക്കൂലിക്കാരനാണെന്നു പറഞ്ഞാൽ ആ ഉദ്യോഗസ്ഥനെ പ്രോസിക്യൂട്ട് ചെയ്യണമെങ്കിൽ ഗവണ്മെൻറിന്റെ അനുവാദംവേണം. കയ്ക്കൂലിക്കാരായ പോലീസ് ഇൻസ്പെക്ടറന്മാരെ പ്രോസിക്യൂട്ട ചെയ്യുന്നതിനു അനുവാദം ചോദിച്ചുകൊണ്ടു് ഫ 0 0 0 -ൽപരം അപേക്ഷകൾ ഗവണ്മെൻറിലേക്കു ലഭിച്ചിട്ടുണ്ടെന്നും അതിൽ ഫർ എണ്ണം മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും ഗവണ്മെൻറുദ്യോഗത്തുനിന്നും മുമ്പൊരിക്കൽ പറയുകയുണ്ടായി. ഈ നിയമം ഭേദപ്പെടുത്താൻവേണ്ടി ഈ ബില്ലിൽ ഒന്നുംതന്നെ ചെയ്യുകാണുന്നില്ല. ഈ ബിൽ അനുസരിച്ചും ഗവണ്മെൻറിനേറയോ മറ്റുദ്യോഗസ്ഥന്മാരുടെയോ ഒക്കെ അനുവാദം വേണം. ഈ മാതിരി പല സംഗതികളെപ്പറ്റിയും ആലോചിച്ചുനോക്കിയതിൽ ഇപ്പോൾ നിലവിലിരിക്കുന്ന നിയമത്തിൽനിന്നും ഈ ബിൽകൊണ്ടു് കയ്ക്കൂലിയും അഴിമതിയും ഇല്ലായ്മചെയ്യാൻ എന്തു കൂടുതൽ അധികാരമാണ് ഗവണ്മെൻറു് ആഞ്ജിച്ചിട്ടുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. സർ, കയ്ക്കൂലിയും അഴിമതിയും വാങ്ങുന്നവരെ സാധാരണ നിയമങ്ങൾ അനുസരിച്ചു പ്രോസിക്യൂട്ടചെയ്തു ശിക്ഷിച്ചുകൊള്ളാം എന്ന തത്വമാണ് ഈ ബില്ലുകൊണ്ടു് അംഗീകരിക്കുന്നതെങ്കിൽ വളരെ ദോഷങ്ങൾ ഉണ്ടാകും. ഈ നിയമമനുസരിച്ചു് കയ്ക്കൂലി കൊടുക്കുന്നവനും പ്രോസിക്യൂഷനിൽ വരും. ആ സ്ഥിതിക്കു് കയ്ക്കൂലി വാങ്ങുന്ന ഒരു ഉദ്യോഗസ്ഥന്റെപേരിൽ തെളിവുകൊടുക്കുവാൻ അവൻ മുമ്പോട്ടു വന്നില്ലെങ്കിൽ എങ്ങനെയാണ് കയ്ക്കൂലി തെളിയിക്കാൻ സാധിക്കുക, എവിടൻസ് ആക്ടിലുള്ള അനുസരിച്ചുള്ള ചില അനുമാനങ്ങളെല്ലാം ഈ ബില്ലിൽ കൊണ്ടുവന്നിട്ടുണ്ടെങ്കിലും ഡയറക്ടായിട്ടു തെളിവുകിട്ടിയില്ലെങ്കിൽ കേസിന്റെ ഗതി എന്തായിരിക്കുമെന്നു ആലോചിക്കുക. ഇങ്ങനെ കയ്ക്കൂലി കൊടുക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നവൻ മുമ്പോട്ട വരാത്തപക്ഷം ഈ രാജ്യത്തെ സ്ഥിതിക്കു കയ്ക്കൂലി വാങ്ങുന്നവനെ ശിക്ഷിക്കുവാൻ സാധിക്കുമോ എന്നു എനിക്കു സംശയമാണു്. അതുകൊണ്ടു് കയ്ക്കൂലിയും അഴിമതിയും ഇല്ലായ്മചെയ്യേണ്ടതു് ആവശ്യമാണെന്നു വിചാരിക്കുന്നപക്ഷം അതിനു് ആവശ്യമായ ഊർജ്ജിത നടപടിതന്നെ സ്വീകരിക്കണം. ഇവിടത്തെ സ്ഥിതിക്കു ഒരു ഉദ്യോഗസ്ഥൻ കയ്ക്കൂലിക്കാരനാണെന്നു ഒരാൾ പറയുമ്പോൾ ഫലപേർ അല്ലെന്നു പറയും. ഒരു ജാതിയിൽപ്പെട്ട ഉദ്യോഗസ്ഥനു എതിരായി മറു ജാതിയിൽപ്പെട്ട ആളുകൾ ആഫീസ് ഫയലിലുള്ള രഹസ്യങ്ങൾപോലും പുറത്തുകൊണ്ടുവന്നു ബഹളം കൂട്ടുന്നതായി നാം കാണുന്നുണ്ടു്. ഈ മാതിരി കാര്യങ്ങൾ ഒന്നും നാം വിസ്മരിക്കാൻ പാടുള്ളതല്ല. ഒരു ഉദ്യോഗസ്ഥനെ സംബന്ധിച്ചു് കമ്മീഷൻ ഇൻവെസ്റ്റിഗേറ്റു് ചെയ്തു്, ഗവണ്മെൻറിലേക്കു് റിപ്പോർട്ടു് അയച്ചു് അതിന്റെ സാംഗ്ഷൻ വന്നതിനുശേഷം പ്രാസിക്യൂഷൻ നടത്താമെന്നു വരുന്നതു് മല എലിയെ പെറ്റതുപോലെ ആയിപ്പോകും. അതിനുവേണ്ടി ചെയ്ത പ്രയത്നം വെറുതേയായിപ്പോകും. അതിനെ നശിപ്പിക്കുവാൻ യമകാലന്മാരുടെ ഗവണ്മെൻറുതന്നെ വേണം.

MR. G. CHANDRASEKHARA PILLAI : മകാലനോ യമന്റെ കാലനോ?

MR. K. P. NILAKANTA PILLAI : യമകാലൻതന്നെ.

MR. P. T. CHACKO : ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെട്ട ഒരു ഗവണ്മെൻറു് ഉണ്ടാക്കിയാൽ അതു് യമകാലന്മാരുടെ ഗവണ്മെൻറാകുമോ?

MR. PRESIDENT : You need not answer that question.

MR. K. P. NILAKANTA PILLAI : ഏതായാലും കായ്യം മനസിലായല്ലോ അതുമതി. ശക്തിയും തന്റേടവും ചെയ്യാനുള്ള മനോദാർഢ്യമുള്ള ഒരു ഉദ്യോഗസ്ഥനെ അല്ലെങ്കിൽ കമ്മീഷനെ ഈ അധികാരങ്ങൾ ഏൽപ്പിച്ചാൽ മാത്രമേ കയ്ക്കൂലി ഇല്ലായ്മചെയ്യാൻ സാധിക്കുകയുള്ളു. ഈ മാതിരി അങ്ങുനിന്നും ഇങ്ങുനിന്നും എല്ലാമുള്ള നിയമങ്ങൾ കൊണ്ടുവന്നുനോക്കിയാൽ അതുകൊണ്ടു അഴിമതി നിരോധിക്കാൻ സാധ്യമല്ല. എനിക്കു കമ്പം കാണുന്നതു് ഇഷ്ടമാണു്. നല്ല പ്രസംഗം കേൾക്കുന്നതും ഇഷ്ടംതന്നെ പക്ഷെ ഈ ബില്ലിന്റെ തത്വം ശരിയായി മനസ്സിലാക്കാൻ പ്രാപ്തിയുള്ളവരാണു് ഈ ഉദ്യോഗസ്ഥന്മാർ. ഇതിന്റെ കുഴമ്പില്ലായ്മ മനസിലാക്കി കയ്ക്കൂലിയും അഴിമതിയും നിർബാധം അവർ തുടർന്നുകൊണ്ടുപോകും. അതുകൊണ്ടു നീതി നടക്കണമെന്നുണ്ടെങ്കിൽ ഇവിടെ കമ്മീഷനും എൻക്വയറിയും ഒന്നും ആവശ്യമില്ല. പ്രൊഡ്യൂപിനൽകോടിലെ (presumption) പ്രിസംഷനും മദ്രാസിലെ എവി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai].

ഡൻസ് ആക്കറും എല്ലാംകൂടി കൂട്ടിചേത്തു കുഴപ്പമുണ്ടാക്കരുത്: കുറ്റം ചെയ്തവൻ കുറ്റം ചെയ്യുവെന്നു തെളിയിക്കുന്നതുവരെ നിർദ്ദോഷിയാണെന്നാണ് തത്വം. ഇതെല്ലാംകൂടി ചിന്തിച്ചാൽ ഈ ബിൽ വെറും ഒരു ഫയർവർക്ക്സ് എന്നല്ലാതെ മറെറാന്നുമല്ലെന്നു മനസിലാക്കാൻ വിഷമമില്ല. അതുകൊണ്ടു ഈ ബിൽ വേണമെങ്കിൽ സെലക്ററ് കമ്മറിക്കു പോകട്ടെ ആവശ്യമെന്നു തോന്നുന്ന ഭേദഗതികളും വേണമെങ്കിൽ വരുത്തട്ടെ, എന്നുമാത്രം പറഞ്ഞുകൊണ്ടു തൽക്കാലം വിരമിക്കുന്നു.

MR. PONNARA G. SREEDHAR : ഈ ബില്ലു് ഇവിടെ ഹാജരാക്കിയതിലും മറു ബില്ലുകളെപ്പോലെ സെലക്ററുകമ്മറിക്കയച്ചു റിപ്പോർട്ടു വരുത്താൻ തീരുമാനിച്ചതിലും സന്തോഷിക്കുന്നു. ഈ ബില്ലു് ആവശ്യമായ ഭേദഗതികളോടുകൂടി നാളെത്തന്നെ നിയമമാക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. ഈ ബിൽ എന്തുദ്ദേശത്തോടുകൂടിയാണോ കൊണ്ടുവന്നിരിക്കുന്നതു് ആ ഉദ്ദേശം ഈ മാതിരി ഒരു ബില്ലുകൊണ്ടു സാധിക്കാൻ പോകുന്നില്ല. ഈ തരത്തിലുള്ള ഒരു ബില്ലല്ല നമുക്കിപ്പോൾ വേണ്ടതു്. ഈ ബില്ലിൽഉള്ള നിയമങ്ങളിൽ കൂടുതൽ കർശനമായ നിയമങ്ങളുള്ള ഒരു ബില്ലാണ് നമുക്കു വേണ്ടതു്. ഈ നിയമംകൊണ്ടു് ഫലം വേണമെന്നുണ്ടെങ്കിൽ, കൂടുതലായി പല ക്ലാസുകളും ഈ ബില്ലിൽ ചേർക്കേണ്ടതായിട്ടുണ്ടു്. യഥാർത്ഥത്തിൽ കൺട്രോൾ ആരംഭിച്ചതിൽ പിന്നെയാണു് കൈക്കൂലിയും അഴിമതിയും വളരെ കൂടീട്ടുള്ളതു്. ആ സ്ഥിതിക്കു് കൺട്രോൾ ഏർപ്പാടു തുടങ്ങിയകാലംമുതൽ ഉണ്ടായിട്ടുള്ള കൈക്കൂലിയും അഴിമതിയും മറും കണ്ടുപിടിച്ചു് ആ വിധപ്രവൃത്തികളിൽ ഏർപ്പെട്ടവരുടെ പേരിലും ശിക്ഷണനടപടികളും നടത്തുന്നതിനു വേണ്ട വ്യവസ്ഥകളും ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയാൽ മാത്രമേ കൈക്കൂലിയുംമറും നിൽക്കുകയുള്ളു. ഇന്നു് എല്ലാ ഡിപ്പാർട്ടുമെൻറിലും ഒരു തരത്തിലല്ല എങ്കിൽ മറെറാരു തരത്തിൽ കൈക്കൂലിയുണ്ടു്. ഇങ്ങനെയുള്ള കൈക്കൂലിമാത്രം തടയാൻ അല്ല ഈ ബില്ലിന്റെ ഉദ്ദേശം. വലിയ ഉദ്യോഗസ്ഥന്മാരെല്ലാവരും എതാണ്ടം അനുദ്യോഗസ്ഥന്മാരും പഴയ കൺട്രോൾ തുടങ്ങിയ കാലംമുതൽ ധാരാളം കൈക്കൂലി വാങ്ങിച്ചിട്ടുള്ളതായും ധാരാളം സ്വത്തുക്കൾ സമ്പാദിച്ചതായും മറും പല പരാതികളും ഉണ്ടായിട്ടുണ്ടു്. അവരിൽ ഏതാണ്ടം പേർ ഇപ്പോൾ പെൻഷൻപററി പിരിഞ്ഞുപോയിട്ടുള്ളവരും ഉണ്ടു്. അങ്ങിനെയുള്ളവരെ കൂടെ ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരേണ്ട ആവശ്യം ഉണ്ടു്. അപ്രകാരം അവരെയെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

കണ്ടുപിടിച്ച് അവരുടെ പേരിലും നടപടി നടത്തുന്നതിന് വേണ്ട വ്യവസ്ഥകളും ഈ ബില്ലിൽ ഉണ്ടാക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

MR. P. S. MUHAMMED : അക്കൂട്ടത്തിൽ നിയമസഭാ മെംബറന്മാർ ഉൾപ്പെട്ടുമോ ?

MR. PONNARA G. SREEDHAR : നിയമസഭാമെംബറന്മാർ മാത്രമല്ല, എല്ലാവരും ഉൾപ്പെട്ടും; എല്ലാവരേയും ഇതിൽ ഉൾപ്പെടുത്തേണ്ട ഒരു ആവശ്യവുമുണ്ട്. ഈയിടത്തന്നെ ഇതേ അസംബ്ലിയിൽ ഈ സെക്രട്ടറിയേറ്റിലെ ഒരു വലിയ കൈക്കൂലിക്കാരനായ ഒരു ഉദ്യോഗസ്ഥനെ വച്ചുകൊണ്ടിരുന്നതായി പറയുകയുണ്ടായിട്ടുണ്ട്. മറ്റൊരു വലിയ ഉദ്യോഗസ്ഥന്റെ പേരിൽ ഒരു മെമ്മോറിയൽ ഗവണ്മെൻറിൽ കൊടുത്തിട്ട് ഇപ്പോൾ ആറുമാസമായി, യാതൊരു നടപടിയും ഇതുവരെ നടത്തിയതായി കണ്ടില്ല. ആ ഉദ്യോഗസ്ഥൻ നാട്ടുകാർക്ക് വളരെ ഉപദ്രവം ചെയ്യുന്നതായ ഒരാളാണ്. അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരെ ഇതിൽനിന്നും ഒഴിവാക്കാം എന്നു പറയുന്നതു് ശരിയല്ല.. ഇതുപോലെ തന്നെയാണ് പെൻഷൻപറഞ്ഞുവിട്ടിട്ടുള്ളവരെയും ഇതിൽനിന്നും ഒഴിവാക്കുന്നതു്. അവരെയും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതു് ഏറ്റവും അത്യാവശ്യമാണ്. ഞാൻ മുമ്പു ഒരു ഉദ്യോഗസ്ഥന്റെ പേരിൽ ഒരു മെമ്മോറിയൽ കൊടുത്ത കാര്യം പറയുകയുണ്ടായി. അതിനു യാതൊരു നടപടിയും നടത്തിയില്ല. വീണ്ടും ഒരു മെമ്മോറിയൽ കൊടുത്തിരിക്കുന്നു. അദ്ദേഹം ഒരു അസിസ്റ്റൻറ് സെക്രട്ടറിയായിരിക്കുന്ന ഒരാളാണ്. എനിക്കു പറയാനുള്ള മറ്റൊരു വസ്തുത കേസു കൊടുക്കുന്ന രീതിയെ സംബന്ധിച്ചുള്ളതാണ്. ആ വസ്തുതയെ സംബന്ധിച്ച് ഈ ബില്ലിലുള്ള വ്യവസ്ഥകൾ പരിശോധിച്ചതിൽ ഇപ്പോളുള്ള വ്യവസ്ഥകൾകൊണ്ട് പറയത്തക്ക പ്രയോജനങ്ങൾഒന്നും ഉള്ളതായി തോന്നുന്നില്ല. ഈ സഭയുടെ മുൻപാകെയുള്ള ബിൽ വായിക്കുന്ന ഒരു ആളുടെ സ്റ്റേറ്റുകാൻഗ്രസ്സ് അവരുടെ പ്രകടനപത്രികയിൽ ഈ വസ്തുതയെ സംബന്ധിച്ചു ചിലതെല്ലാം പറഞ്ഞുപോയിട്ടുള്ളതുകൊണ്ടു മാത്രം ഇപ്രകാരം ഒരു ബില്ലുകൊണ്ടുവന്നിരിക്കുന്നതാണ് എന്നു തോന്നിപോകും. കടലാസിൽ കാണുന്ന ഉദ്ദേശം മാത്രമല്ല നമുക്കാവശ്യമായിട്ടുള്ളതു്. അതുകൊണ്ട് ഈ ബില്ലിൽ ആവശ്യമായ ഭേദഗതികൾ വരുത്തി വേണ്ട നടപടികൾ നടത്തേണ്ടതാണ്. ഏറ്റവും അത്യാവശ്യമായിട്ടുള്ള ഈ ബില്ല് ഇന്നുതന്നെ സെലക്ട് കമ്മറിക്കയക്കേണ്ടതാണെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. THARIATHU KUNJITHOMMAN : സർ, ഞാൻ ഈ അഴിമതിനി രോധന ബില്ലിന്റെ തത്വത്തോട് യോജിക്കുന്നു. എന്നാൽ മി. കെ. പി. നീലകണ്ഠപ്പിള്ള പ്രസ്താവിച്ചതുപോലെ, ഈ ബിൽ ഇതേ വാധത്തിൽ പാസ്സാകുന്നതുകൊണ്ട്, ബില്ലുകൊണ്ടുദ്ദേശിക്കുന്ന ഫലസിദ്ധിയുണ്ടാകുമെന്നു വിചാരിക്കാൻ ന്യായമില്ല. കൈക്കൂലിയും അഴിമതിയും നമ്മുടെ രാജ്യത്ത് കുറെ ഏറെ നാളായി നിലനിന്നുകൊണ്ടുവരുന്ന ഒരു ഇടപാടാണ്. ഇതിനെപ്പറ്റി പല മെമ്പറന്മാരും ഇതിനുമുൻപുള്ള അസംബ്ലികളിലും മറ്റും മുറവിളി കൂട്ടിയിട്ടുണ്ട്. ഏതായാലും അങ്ങിനെയുള്ള ഒച്ചപ്പാടിന്റെ ഫലമായിട്ട് ഒരു ബിൽ ഇപ്പോഴെങ്കിലും കൊണ്ടുവന്നതു് വളരെ ആശ്വാസകരമാണെന്നു. എന്നുവരികിലും ഈ ബില്ലിൽ സാരമായ ഭേദഗതികൾ ഇനിയും വരുത്തേണ്ടതായിരിക്കുന്നുവെന്നുള്ളതു് ഈ രാജ്യത്തെ സ്ഥിതിഗതികളെപ്പറ്റി അറിയാവുന്ന ഏതൊരാൾക്കും ഇതു വായിച്ചുനോക്കിയാൽ മനസ്സിലാകുന്നതാണ്. ഒരു പോലീസ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് അനുസരിച്ചല്ലാതെ കൈക്കൂലിയെ സംബന്ധിച്ച ഒരു കേസും കോടതിയിൽ കൊടുക്കാൻ പാടില്ലെന്നാണ് ഈ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നതു. ഔദ്യോഗികമായോ അനൗദ്യോഗികമായോ സംഭവിക്കാവുന്ന അഴിമതിയേയോ കൈക്കൂലിയെയൊപ്പറ്റി ഒരു കേസു കോടതിയിൽ കൊടുക്കേണ്ടിവന്നാൽ ഗവണ്മെൻറു് അനുവാദമില്ലാതെ, ഏതൊരാൾക്കും, ഏതൊരു പൗരനും പ്രവർത്തിക്കുന്നതിനുള്ള വ്യവസ്ഥകൾവേണം ഈ ബില്ലിൽ ഉണ്ടായിരിക്കേണ്ടതു്. കൈക്കൂലി വാങ്ങിച്ച ഒരു ഉദ്യോഗസ്ഥന്റെ പേരിൽ കേസു് കൊടുക്കുന്നതു് ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ചു് അതൊരു പോലീസ് ഉദ്യോഗസ്ഥൻ മുഖാന്തിരമേ പാടുള്ളുവെന്നു വന്നാൽ, രണ്ടു പേരും ഉദ്യോഗസ്ഥന്മാരായതുകൊണ്ടു്, മിക്കവാറും കേസു് തെളിവില്ലായെന്നുള്ള കാരണം പറഞ്ഞു തള്ളിക്കളയുന്നതിനാണ് എളുപ്പം. മാത്രവുമല്ല, ചിലപ്പോൾ മാനനഷ്ടത്തിനു പരാതിക്കാരന്റെ പേരിൽ കേസും ഉണ്ടായേക്കാം. അതുകൊണ്ടു്, ഈ വക അഴിമതികൾ പാടെ നശിപ്പിക്കണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുവെങ്കിൽ, അതിനു് ഒരു അനുദ്യോഗസ്ഥക്കമ്മിറ്റിയുടെ ആത്മാർത്ഥമായ പ്രവർത്തനമാണു നമുക്കാവശ്യം. നമ്മുടെ രാജ്യത്തു് വില്ലേജ് യൂണിയൻ അംഗങ്ങളുണ്ടു്, പഞ്ചായത്തു് അംഗങ്ങൾ ഉണ്ടു്, യോഗ്യന്മാരായി മറ്റു പല പൗരന്മാരുമുണ്ടു്, ഇവരിൽ കുറെ അംഗങ്ങളടങ്ങിയ ഒരു കമ്മിറ്റിയെ ഗവണ്മെൻറു നിയമിക്കണം. അങ്ങിനെ ഒരു സംഘം നാട്ടിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചു ഈവക പരാതികളെപ്പറ്റി ഒരു സൂക്ഷ്മാന്വേ

LIBRARY ARCHIVES Kerala Legislative Assembly

ഷണം നടത്തിയതിനുശേഷം സമർപ്പിക്കുന്ന റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിവേണം ഗവണ്മെൻറു നടപടിയെടുക്കാൻ. കൈക്കൂലിയേയും അഴിമതിയേയും കണ്ടുപിടിക്കാനായിട്ട് ഒരു സംഘത്തെ ഗവണ്മെൻറു നിയമിച്ചിരിക്കുന്നു എന്നു കേൾക്കുമ്പോൾത്തന്നെ കൈക്കൂലിക്കാർ ഭയപ്പെടാതിരിക്കയില്ല. കുറ്റം കണ്ടുപിടിക്കാൻ പുറകിൽ ആരു നിൽക്കുന്നുവെന്നു മനസിലായാൽ മോഷ്ടിക്കാൻ മടിക്കും. അനുദ്യോഗസ്ഥ കമ്മിറ്റിയുടെ ഈ വിധ പ്രവർത്തനംകൊണ്ടല്ലാതെ ഈ രോഗത്തിനു ശമനം ഉണ്ടാകുമെന്നു വിചാരിക്കയേ വേണ്ട. എൻെറ അനുഭവത്തിൽ കുറെക്കാലത്തിനു മുമ്പായിട്ട്, ഒരു ഡിപ്പാർട്ടുമെൻറിൽമാത്രം ഈ വക അഴിമതികൾക്കു കുറെ ഭേദമുണ്ടായിരുന്നു. അതു മി. ഉണ്ണിത്താൻ എക്സൈസ് കമ്മീഷ്ണരായിരുന്നപ്പോഴാണു്. ഈ വിധം കാര്യക്ഷമതയോടും സ്വഭാവശുദ്ധിയോടുംകൂടി ഓരോ വകുപ്പു് അദ്ധ്യക്ഷന്മാരും പ്രവർത്തിച്ചിരുന്നുവെങ്കിൽ കൈക്കൂലി ഇത്രത്തോളം വളരുകയില്ലായിരുന്നു. എന്നാൽ ഒരു മേധാവിയും ഇതിനെപ്പറ്റി ശ്രദ്ധിക്കയില്ല. അവനവൻെറ കണ്ണുകൊണ്ടു് അവനവൻെറ മുഖം കാണാൻ സാധിക്കയില്ല. അതിനു് പൊതുജനങ്ങളാകുന്ന കണ്ണാടിയിൽക്കൂടി നോക്കണം. അപ്പോൾ കാര്യം മനസിലാകും. നിലവിലിരിക്കുന്ന നിയമത്തിൽ കൈക്കൂലിവാങ്ങുന്നതും, കൊടുക്കുന്നതും കുറ്റകരമാണെന്നു പറഞ്ഞിട്ടുണ്ടു്. ധനം, അഭിമാനം, ഇവയെ സംരക്ഷിക്കുന്നതിനായിട്ടു് മറ്റാരുക്കൊരുപോലും കൈക്കൂലി കൊടുക്കേണ്ടിവരും. എന്നാൽ അപ്രകാരമുള്ളവരും കുറ്റക്കാരാണെന്നു വിധിക്കുന്നതു ന്യായമല്ല. അവനെ ഭയപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതിൻെറ ഫലമായിട്ടാണു് കൈക്കൂലി കൊടുക്കുന്നതു്. ഇപ്രകാരം അഴിമതിചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ കേസു കൊടുക്കുന്നതിനു് ഗവണ്മെൻറു് അനുവാദവും വേണമെന്നു വന്നിരിക്കുന്നു. ഇപ്രകാരമായാൽ എൻെറ സ്നേഹിതൻ പറഞ്ഞതുപോലെ അഴിമതി നിറുത്താൻ സാധിക്കയില്ലതന്നെ. അതുകൊണ്ടു് ഞാൻ മുൻപറഞ്ഞ അനുദ്യോഗസ്ഥകമ്മിറ്റിയെ നിയമിക്കയും, അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ കേസുകൊടുക്കേണ്ടിവന്നാൽ അതിനു് ഗവണ്മെൻറു് അനുവാദം ആവശ്യമില്ലെന്നുള്ള നിർദ്ദേശം ബില്ലിൽ കൊള്ളിക്കയും ചെയ്യണമെന്നാണെന്നു അഭിപ്രായപ്പെട്ടുകൊണ്ടു് ബില്ലിൻെറ തത്വത്തോടു യോജിക്കുന്നു.

MR. CHELLASWAMI NADAR:—ஸர் நான் இந்த billஐ ஆதரிக்கிறேன். நமது ராஜ்யத்தை லஞ்சப் பேய் ஆண்டு வருகிறது என்பது நமக்கு எல்லோருக்கும் தெரிந்த விஷயமாகும். அது இந்த bill-ன் உத்தேசத்தில் சொல்லியிருப்பது போல், இந்த யுத்தத்தினால் வந்த கண்ட்

LIBRARY ARCHIVES Kerala Legislative Assembly

[Mr. Chellaswamy Nadar].

ரோல் போன்ற காரணங்கள் இதற்கு கூடுதல் இடைகொடுத்து விட்டது இதனால், இப்பொழுது உத்தேசித்திருக்கிறதே, அது நிறை வேறப்போகிறதோ என்று ஒரு சந்தேகம் என்னைபோலுள்ள, ஒரு உத்தியோகஸ்தன் லஞ்சம் வாங்குகிறான் என்று தெரிந்தால் அவனை, A. S. P. க்கு, குறைந்த ஒரு போலீஸ் உத்தியோகஸ்தரால் கண்டு பிடித்து, அந்த கமிஷனரி அனுவாதமும் வாங்கி, அரசாங்கத்தின் அனுபாதத்தையும் வாங்கினால்தான் அவனை Prosecute செய்யமுடியும். இதில் மெச்சும் என்னவென்றால், Public servants என்றால் நம், Legislative அங்கத்தினர்களையும், பஞ்சாயத் முதலிய Council களில் உள்ள அங்கத்தினர்களையும் உட்படுத்தியிருக்கிறார்கள். அது தான் இந்த bill ல், நான், மெச்சமாக காண்கிற விஷயம். தவிர 5-வது வகுப்பின்படி, இந்த தத்தைக்காக உத்தியோகஸ்தர்களின்மேலி நடவடிக்கைகள் எடுக்கலாமென்று ஒரு வகுப்பு இருக்கிறது. ஆனால் அது, ஐந்து வருடத்திற்குதான் நடப்பில் இருக்கும் என்று ஒரு Section அதாவது வகுப்பு 1, 3-வது உபவகுப்பில் சொல்லியிருக்கிறது. இதன் காரணம் என்னவென்று தெரியவில்லை. ஐந்து வருடம் கழிந்து அவர் களின் நிலை நடத்தைக்கு வந்துவிடுவார்களா என்று நான் சந்தேகிக்கி றேன். இந்த மாதிரி யெல்லாம் இருந்தாலும், இம்மாதிரி ஒரு bill ஐ கொண்டுவந்ததற்காக இந்த கவர்ன்மென்டை மெச்சவேண்டும். ஆதலால் நான் இந்த bill ஐ ஆதரிக்கின்றேன்.

MR. M. O. CHERIAN: I also welcome this Bill. There is no gain saying the fact that corruption is rampant in all our departments and some stringent measures are absolutely necessary to eradicate the evil but in so doing we have also to remember that the causes for corruption are, a bad economic structure, want of discipline in the services from top to bottom, want of civic sense among the masses, and want of appreciation of honest and conscientious services rendered by the employees. By this Bill we are only attempting a superficial pruning of the very thorney problem we have to deal with. Something has to be done to eradicate the causes if we are to achieve the object we are aiming at. The low living wages dolled out to the employees and the perpetuation of the controls in spite of the Government's inability to root out black-marketing, are two great factors which contribute to nurse corruption in our services. Want of discipline, or rather want of promptness of execution even at the ministerial levels, perpetuates the tradition of slackness and lathargy percolating from the higher to the lower cadre in the services. Encouragement of honest and conscientious officers in the services had been the exception rather than the rule, driving even the best of our men to a feeling of frustration and drifting them to the left. With these observations, I welcome the Bill.

MR. P. T CHACKO : സർ, അഴിമതിനിരോധന ബില്ലിനെ ഞാൻ സ്വാഗതം ചെയ്കയും ഈ ബിൽ അവതരിപ്പിക്കുന്നതിന് ഇന്നത്തെ ഗവണ്മെന്റ് കാണിച്ച സന്മനോഭാവത്തേയും അതിന്റെ പിന്നിലുള്ള ഉദ്ദേശശുദ്ധിയേയും ഞാൻ പ്രത്യേകം അഭിനന്ദിക്കയും ചെയ്യുന്നു ഈ

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിൽ ഇതുപോലുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനു വേണ്ടി ഇതിനുമുമ്പുണ്ടായിരുന്ന നിയമസഭയിൽ ഈ നിയമസഭയിലെ ഏതാനും അംഗങ്ങൾ ചെയ്ത പരിശ്രമങ്ങൾ പരാജയപ്പെടാനുണ്ടായ കാരണം ചൂണ്ടിക്കാണിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല സർ, ഈ ബില്ലിന്റെ പേരു കേൾക്കുമ്പോൾ നമ്മുടെ രാജ്യത്തു ഭരണം നടത്തിക്കൊണ്ടിരിക്കുന്ന ചില ഉദ്യോഗസ്ഥന്മാരുടെ ഹൃദയം തുടിക്കുന്നുണ്ടാവാം. അതിനു കാരണങ്ങളുമുണ്ട്. പല ന്യൂനതകളും അവർ ചെയ്തിട്ടുണ്ട്. പ്രത്യേകമായി പറഞ്ഞാൽ, ചിറയിൻകീഴിൽ നിന്നും വന്ന എന്റെ ഒരു ബഹുമാന്യസ്നേഹിതൻ പറയുകയുണ്ടായി, കൈക്കൂലിയെ ഇല്ലായ്മ ചെയ്യുന്നതിനും, കൈക്കൂലിക്കാരനെ ശിക്ഷിക്കുന്നതിനും ഇപ്പോൾ നിയമമുണ്ടെങ്കിലും ആ നിയമം പ്രായോഗികമാക്കാൻ സാധിക്കാതെ വന്നതു് ഗവണ്മെന്റിനു ധൈര്യവും തന്റേടവും ഇല്ലാത്തതുകൊണ്ടാണെന്നു്. കൈക്കൂലി സംബന്ധിച്ചു് ഇന്നു നിലവിലിരിക്കുന്ന വ്യവസ്ഥകളും പീനൽ കോഡിലെ ഫ ൈനം-ം ഫ ൈെം-ം വകുപ്പുകളാണു്. ഈ വകുപ്പുകളനുസരിച്ചു് യാതൊരു പ്രോസിക്യൂഷനും തിരുവിതാംകൂറിൽ നടന്നിട്ടില്ല. നടക്കുന്നില്ലാ എന്നുള്ളതു് പരമാർത്ഥം മാത്രമാണു്. അതു് ഇന്നത്തെ ഗവണ്മെന്റിന്റെയോ ഇതിനു മുൻപുണ്ടായിരുന്ന ഗവണ്മെന്റുകളുടെയോ കുറ്റം കൊണ്ടല്ലെന്നു് ചൂണ്ടിക്കാണിക്കാനും ഞാൻ ആഗ്രഹിക്കുന്നു. പീനൽ കോഡിലെ ഫ ൈനം-ം ഫ ൈെം-ം വകുപ്പുകളനുസരിച്ചുള്ള കുറ്റങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നതിനോ കേസു ചാർജ്ജു ചെയ്യുന്നതിനോ മുമതലയും അധികാരവുമുള്ള ആരുമില്ലാത്തവിധത്തിലാണു്, നിയമം നിലകൊള്ളുന്നതു്. മറ്റു കുറ്റങ്ങളെ സംബന്ധിച്ചു് അന്വേഷണം നടത്തുന്നതിനു് ക്രിമിനൽ പ്രൊസീഡിയർ കോഡിലെ വ്യവസ്ഥയനുസരിച്ചു് പോലീസിനു് അധികാരമുണ്ടു്. എന്നാൽ ഈ ഫ ൈനം-ം ഫ ൈെം-ം വകുപ്പുകളെ സംബന്ധിച്ചിടത്തോളം ആ അധികാരം പോലീസിലെ ഏറ്റവും മികച്ച ഉദ്യോഗസ്ഥനു പോലും ഇല്ലാത്തവിധത്തിലാണു് നിയമം ഇരിക്കുന്നതു്. എന്നു മാത്രമല്ല, അത്തരം കുറ്റങ്ങളെപ്പറ്റി അന്വേഷണം നടത്താൻ അധികാരമുള്ള യാതൊരുദ്യോഗസ്ഥനും ഇന്നുവരെ തിരുവിതാംകൂറിൽ ഉണ്ടായിരുന്നില്ല. അതു കാരണം കൊണ്ടുതന്നെയാണു് തിരുവിതാംകൂറിൽ കൈയ്ക്കൂലി സംബന്ധിച്ചുള്ള പ്രോസിക്യൂഷനുകളും നടത്താൻ നിവൃത്തിയില്ലാതിരിക്കുന്നതു്. ഇനിയും വേറൊരു പ്രതിബന്ധംകൂടിയുണ്ടു്. ക്രിമനൽ പ്രൊസീഡിയർ കോഡിലെ ഇന്നു നിലവിലിരിക്കുന്ന വ്യവസ്ഥകളനുസരിച്ചു് മിക്കവാറും ഉയർന്ന ഉദ്യോഗസ്ഥന്മാർ അവരുടെ ഔദ്യോഗിക പ്രവൃ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. T. Chacko]

ത്തികൾക്കിടയിൽ ചെയ്യുന്ന കുറ്റങ്ങളെ സംബന്ധിച്ച് ഒരു അന്യായം കോടതിയുടെ മുമ്പാകെ കൊണ്ടുപോകണമെങ്കിൽ അതിനു ഗവണ്മെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്. കൈയ്ക്കൂലി കുറ്റം ഉണ്ടാകുന്നതു് മിക്കവാറും ഉദ്യോഗസ്ഥന്മാരുടെ ഔദ്യോഗിക പ്രവർത്തനങ്ങൾക്കിടയിൽ ആയിരിക്കുമെന്നുള്ള കാര്യം സ്പഷ്ടമാണ്. ഇങ്ങനെ രണ്ടു വിധത്തിൽ നിലവിലിരിക്കുന്ന നിയമം അപര്യാപ്തമാണെന്നുകാണാം. ഈ കാരണങ്ങൾ കൊണ്ടാണ്, അതായതു ക്രിമിനൽ പ്രൊസീജ്യർ കോഡിലെ ക്രിമിനൽ പ്രൊസീജ്യർ വകുപ്പുകളുടെ അപര്യാപ്തത കൊണ്ടും ഗവണ്മെന്റിന്റെ അനുവാദത്തോടുകൂടി മാത്രമേ ഒരു കേസ് കോടതിയിൽ ഒകൊടുക്കാവൂ എന്നു വ്യവസ്ഥയുള്ളതു കൊണ്ടുമാണ് എത്രയോ കാലമായി ഈ രാജ്യത്തു വളരെ കൈക്കൂലി ഉണ്ടായിരുന്നിട്ടും ഒരൊറ്റ പ്രോസിക്യൂഷൻ പോലും ഉണ്ടാകാതിരുന്നിട്ടുള്ളതെന്ന് എന്റെ സ്നേഹിതൻ മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ആ കാരണങ്ങൾ കൊണ്ടുതന്നെയാണ് ഈ ബില്ലു കൊണ്ടുവന്നിട്ടുള്ളതു. ഇന്നിരിക്കുന്ന വ്യവസ്ഥകളെ മാറ്റുകയെന്നുള്ളതാണ് ഈ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. ഇന്നത്തെ പീനൽകോഡിലെ ക്രിമിനൽ, ക്രിമിനൽ പ്രൊസീജ്യർ വകുപ്പുകൾ അനുസരിച്ചുള്ള കേസ്സുകൾ അന്വേഷിക്കുന്നതിനും ചാർജ്ജുചെയ്യുന്നതിനും അധികാരമുള്ളവർ ഉണ്ടാകുക എന്നുള്ളതും ഏറ്റവും പ്രധാനപ്പെട്ട ഒരാവശ്യമാണ്. ഇൻഡ്യൻയൂണിയന്റെയും, മൈസൂരിലെയും അഴിമതിനിരോധന നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ ഈ ബില്ലിലും പീനൽകോഡ്, ക്രിമിനൽ, ക്രിമിനൽ പ്രൊസീജ്യർ വകുപ്പുകൾ അനുസരിച്ചുള്ള കുറ്റങ്ങളെ Cognizable offence ആക്കുന്നതുകൊണ്ട് അത്തരം കുറ്റങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനും കേസ്സു ചാർജ്ജുചെയ്യുന്നതിനും പോലീസിനു അധികാരം കിട്ടുന്നുണ്ട്. ആ അധികാരം ഈ രാജ്യത്തു ആക്കെക്കിലും ഉണ്ടാകുന്നതു് ഈ ബില്ലു പാസ്സാകുന്നതോടുകൂടി മാത്രമായിരിക്കുമെന്ന് എന്റെ സ്നേഹിതനെ അനുസ്മരിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നുവരെ പ്രോസിക്യൂഷൻ നടക്കാൻ നിർവ്വാഹമില്ലാതിരുന്ന ഒരവസ്ഥയിൽനിന്ന് പ്രോസിക്യൂഷൻ സാദ്ധ്യമാകുന്ന ഒരവസ്ഥയിലേക്ക് കൊണ്ടുപോകുന്ന അതിപ്രധാനമായ ഒരു നിയമമാണിതു്.

MR. K. P. NILAKANTA PILLAI: ഇപ്പോഴിരിക്കുന്ന ക്രിമിനൽ, ക്രിമിനൽ പ്രൊസീജ്യർ വകുപ്പുകളനുസരിച്ച് ഏതെങ്കിലും കൈക്കൂലിക്കാരനെ പ്രോസിക്യൂട്ടു ചെയ്യുന്നതിനു ആക്ടും അധികാരമില്ലേ?

MR. P. T. CHACKO: സാധാരണ എല്ലാ കുറ്റങ്ങളെ സംബന്ധിച്ചും അന്വേഷിക്കുന്നതിനും കേസ്സു ചാർജ്ജുചെയ്യുന്നതിനും പോലീ

LIBRARY ARCHIVES Kerala Legislative Assembly

സിന് അധികാരമുണ്ട്. അബ്കാരി സംബന്ധിച്ച കുറങ്ങളാണെങ്കിൽ കേസ്സു ചാർജ്ജുചെയ്യുന്നതിന് എക്സ്സൈസ്സുകാർക്കും അധികാരമുണ്ട്. എന്നാൽ ഈ ക്രിമിനൽ, ക്രിമിനൽ വകുപ്പുകൾ സംബന്ധിച്ചുള്ള കേസ്സുകൾ അന്വേഷിക്കുന്നതിന് ഒരു ഉദ്യോഗസ്ഥനും അധികാരമില്ല. അല്ലെങ്കിൽ ഒരു വ്യക്തിക്ക് അന്യായം കൊണ്ടുവരണമെന്നുണ്ടെങ്കിൽ അതിന് ഗവണ്മെൻറിന്റെ പ്രത്യേകാനുവാദം വേണ്ടതായിട്ടാണിരിക്കുന്നത്. ആ നിലയിൽ അങ്ങനെയുള്ള കുറങ്ങൾ സംബന്ധിച്ച് ഒരു കോടതിയുടെ മുമ്പാകെ പരാതി കൊണ്ടുപോകുന്നതിന് അധികാരമുള്ള യാതൊരു ഉദ്യോഗസ്ഥനും ഇവിടെ തിരുവിതാംകൂറിൽ ഇല്ലെന്നുപറഞ്ഞാൽ അത് പരമാർത്ഥം മാത്രമാണ്.

MR. K. P. NILAKANTA PILLAI : ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിലെ പ്രൊവിഷൻ അനുസരിച്ചും ഗവണ്മെൻറിന്റെ അനുവാദം വേണമെന്നില്ലേ?

MR. P. T. CHACKO: ഗവണ്മെൻറിന്റെ sanction വേണമെന്നില്ല. നേരെമറിച്ച് അധികാരപ്പെടുത്തപ്പെടുന്ന ഒരു പോലീസ് ആഫീസറുടേയൊ അല്ലെങ്കിൽ സ്പെഷ്യൽ ആഫിസരുടേയൊ permission മാത്രം മതി എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ബില്ല് എന്തുകൊണ്ടാണു നമുക്ക് ആവശ്യമായിരിക്കുന്നത് എന്നുള്ളതിനെപ്പറ്റിയാണ് ഞാൻ ഇതുവരെ പറഞ്ഞത്.

MR. A. NESAMONY: Does the member now think that it is easier to get the sanction of Government than of old?

MR. P. T. CHACKO: nnder Section 10, it is easier because no sanction is needed. The honourable member will read the Section and will find that no sanction is needed now. Only the Special Officer should get the permission.

MR. K. K. CHELLAPPAN PILLAI : ഈ ബില്ലിലെ ക്രിമിനൽ വകുപ്പുകൾ അനുസരിച്ച് നോക്കുമ്പോൾ പരാതികൾ കൊടുക്കാനുള്ള സാധ്യതകൾ കുറയുകയാണോ കൂടുകയാണോ ചെയ്യുന്നത്?

MR. P. T. CHACKO : ഞാൻ പതിനൊന്നാം വകുപ്പിനെപ്പറ്റി ഇവിടെ പറഞ്ഞതേയില്ല. അതിൽ ചെറിയ കുഴപ്പമുള്ളതുകൊണ്ട് ഞാൻ ഒരു ഭേദഗതി അയച്ചിട്ടുണ്ട്. അക്കാര്യം ഞാൻ ആ പ്രശ്നത്തിലേക്ക് കടക്കുമ്പോൾ പറയുന്നതാണ്.

MR. A. NESAMONY: Does the member intend to draw a destinction between permission of government and the sanction of Government?

LIBRARY ARCHIVES Kerala Legislative Assembly

MR. P. T. CHACKO: Surely, because the permission of Government is not the sanction of Government as we know it technically.

പിന്നെ എന്റെ സ്നേഹിതൻ പറഞ്ഞ മറെറാരാക്ഷേപം കൈയ്ക്കൂലികൊടുക്കുന്നവരേയും ശിക്ഷിക്കുന്നതിനുള്ള വ്യവസ്ഥ ഇതിൽ വെച്ചിട്ടുണ്ട്. അതു് മാറ്റേണ്ടതു് ആവശ്യമായിരുന്നു, അതു് ചെയ്തിട്ടില്ലായെന്നാണു്. ഇന്നു് നിലവിലിരിക്കുന്ന പീനൽകോഡിലെ വ്യവസ്ഥകൾ അനുസരിച്ചു് കൈയ്ക്കൂലികൊടുക്കുക എന്നുള്ളതു് ഒരു substantive offence അല്ല. അതു് ഒരു substantive offence ആണെന്നു പറയുന്നയാതൊരു നിയമവും ഇന്നില്ല. പീനൽകോഡിന്റെ നിർമ്മാതാക്കൾ തന്നെ പറഞ്ഞിട്ടുള്ളതിനെ ആധാരമാക്കിനോക്കിയാലും കൈയ്ക്കൂലികൊടുക്കുന്നതു് ഒരു substantive offence അല്ലെന്നു മാത്രമല്ല കൊടുക്കുന്നവനെ കഴിവുള്ളിടത്തോളം ഒഴിച്ചുവിടത്തക്കവിധത്തിലും ആണു് നിയമം ഉണ്ടാക്കിയിരിക്കുന്നതു് എന്നു് ഏവർക്കും മനസ്സിലാകും. നേരെമറിച്ചു് കൈയ്ക്കൂലികൊടുപ്പിക്കുന്നതിനു് നിർബന്ധപൂർവമായ പ്രേരണ ചെലുത്തുന്നു: അവസരത്തിൽമാത്രമേ അങ്ങനെ ചെയ്യുന്ന ആളിനെ ശിക്ഷിക്കുന്നതിനു് വ്യവസ്ഥയുള്ളു. മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞതുപോലെ കരാളിൽനിന്നും നിർബന്ധംചെലുത്തി കൈയ്ക്കൂലിവാങ്ങുന്ന സാഹചര്യങ്ങളിൽ അതുകൊടുക്കുന്ന ആൾ നിയമപ്രകാരം യാതൊരു കുറവും ചെയ്യുന്നില്ല. അതൊരു കുറവാണെന്നു് ഇൻഡ്യൻ പീനൽകോഡിലാകട്ടെ തിരുവിതാംകൂർ പീനൽകോഡിലാകട്ടെ വ്യവസ്ഥയില്ല.

MR. A. NESAMONY: does this bill make an exception of that sort.

MR. P. T. CHACKO: No. It is not needed. This bill deals with Sections 153 and 157 and also cretes another offence.

പിന്നൊരാക്ഷേപം എന്റെ സ്നേഹിതൻ പറഞ്ഞതു് കൈയ്ക്കൂലിവാങ്ങിച്ചു് സമ്പാദിക്കുന്ന സ്വത്തുക്കൾ തിരിച്ചെടുക്കുന്നതിനു് ഇതിൽ വ്യവസ്ഥയില്ലെന്നാണു്. ഈ ബില്ലിലെ ടൈറ്റിൽ വായിച്ചു നോക്കാതെയാണു് എന്റെ സ്നേഹിതൻ ഈ ആക്ഷേപം പുറപ്പെടുവിച്ചതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ടൈറ്റിലിൽ പറയുന്നതു് ഒരാൾ കൈയ്ക്കൂലിവാങ്ങിച്ചു് സ്വത്തു സമ്പാദിച്ചിട്ടുണ്ടെന്നു കോടതിക്കു് ബോദ്ധ്യമായാൽ അതിനു നിയമപ്രകാരമുള്ള ഫയിൻശിക്ഷയോ തടവുശിക്ഷയോ നൽകിക്കഴിഞ്ഞാലും അതിനുപരിയായി അയാൾ കൈയ്ക്കൂലി വാങ്ങിച്ചു് സമ്പാദിച്ചിട്ടുള്ള സ്വത്തിന്റെ വിലയ്ക്കു് തുല്യമായ ഒരു തുക അയാളിൽനിന്നും ഈടാക്കി എടുക്കുന്നതിനു് അധികാരമുണ്ടെന്നാണു്. ഫയിൻ ഈടാക്കുകയോ തടവുശിക്ഷ നൽകുകയോ ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനംപുറമേ കൈയ്ക്കൂലിവാങ്ങിച്ചു് സമ്പാദിച്ചിട്ടുള്ള സ്വത്തിന്റെ വിലയുടെ് തുല്യമായ ഒരു തുക ഫയിനായി ഈടാക്കാമെന്നു പറയുന്നതും കൈയ്ക്കൂലിവാങ്ങി സമ്പാദിച്ച സ്വത്തുക്കൾ തിരിച്ചെടുക്കാമെന്നു പറയുന്നതും രണ്ടും രണ്ടാണെന്നു എനിക്കു തോന്നുന്നില്ല. സാധാരണയായി സ്ഥാവരവസ്തുക്കളൊന്നും ആയിരിക്കുകയില്ലല്ലോ കൈക്കൂലിയായി വാങ്ങുന്നതു്. പണമോ അതുപോലെ വിലപിടിപ്പുള്ള മറ്റു വല്ല ജംഗമ സ്വത്തുക്കളോ ആയിരിക്കും കൈയ്ക്കൂലിയായി വാങ്ങുന്നതു്. അങ്ങനെ കിട്ടുന്ന പണംകൊണ്ടു് സ്ഥാവരവസ്തുക്കൾ വാങ്ങിച്ചു എന്നുവരാം. കൈയ്ക്കൂലിവാങ്ങിച്ചതു എത്രയെന്നു കോടതിക്കു് ബോദ്ധ്യമായാൽ അതിൽ കുറയാത്ത ഒരു തുക ഗവണ്മെന്റിലേക്കു് ഈടാക്കാമെന്നു പറഞ്ഞാൽ അതിൽ കൂടുതൽ എന്തു ശിക്ഷ നൽകണമെന്നാണു് എന്റെ സ്നേഹിതൻ പറയുന്നതെന്നു് എനിക്കു് മനസ്സിലാകുന്നില്ല. ഇനിയും മറ്റൊരു കാര്യംകൂടി പറയാനുണ്ടു്. കഴിഞ്ഞ കുറ്റങ്ങളെ സംബന്ധിച്ചു് ഈ നിയമം അനുസരിച്ചു് യാതൊന്നും ചെയ്യാൻ ഒക്കുകയില്ലെന്നുള്ള ഒരു ഉദ്ദേശം വച്ചുകൊണ്ടാണു് പലരും ഇവിടെ ഇതേപ്പറ്റി അഭിപ്രായം പറഞ്ഞിട്ടുള്ളതു്. ഈ ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ചു് കൈയ്ക്കൂലിയെ സംബന്ധിച്ചു് നിലവിലുള്ള ഫ ഇ ഒ–ം, ഫ ഇ ഐ–ം വകുപ്പുകൾ പ്രകാരം നടന്നിട്ടുള്ള കേസുകൾക്കു് മേലിലും എന്തുകൊണ്ടു് പരാതി കൊടുത്തുകൂടാ, അന്വേഷണം നടത്തിക്കൂടാ, പ്രാസിക്യൂഷൻ നടത്തിക്കൂടാ, എന്നുഞാൻ ചോദിക്കുന്നു? അങ്ങനെപാടില്ലെന്നു് ഈ നിയമത്തിലില്ലെന്നു മാത്രവുമല്ല തിരുവിതാംകൂറിലെ യാതൊരു നിയമത്തിലും പറഞ്ഞിട്ടില്ല. ഈ ബില്ലിൽ സെക്ഷൻ ഫ ഫ–ലും അതേപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. സെക്ഷൻ ഫ ഫ–ൽ ഒരു പെർമിഷൻ വേണമെന്നുമാത്രമേ പറയുന്നുള്ളൂ. കഴിഞ്ഞകാലങ്ങളിൽ ഫ ഇ ഒ–ം ഫ ഇ ഐ–ം വകുപ്പുകൾ അനുസരിച്ചു് ചെയ്തിട്ടുള്ള കുറ്റങ്ങൾക്കു് ഒരു ക്രിമിനൽ കോടതിയുടെ മുമ്പാകെ പരാതി കൊടുക്കുന്നതിനും കേസു് നടത്തുന്നതിനും കാലഹരണ ദോഷമുള്ളതായിട്ടു് കാലഹരണനിയമത്തിലും വ്യവസ്ഥ ഇല്ല. ആ സ്ഥിതിക്കു് ഈ ബില്ലു് പാസായതിനുശേഷവും ഇതിനു മുൻപുണ്ടായിട്ടുള്ള കൈയ്ക്കൂലിയെ സംബന്ധിച്ചുള്ള കുറ്റങ്ങൾക്കു് ഒരാളെ പ്രാസിക്യൂട്ടുചെയ്യുവുന്നതാണു്. അതിനു യാതൊരു പ്രതിബന്ധവുംനിലവിലില്ല. അക്കാര്യത്തിലും ഈ ബില്ലിനു് ഏതെങ്കിലും ന്യൂനത ഉണ്ടെന്നു പറയാൻ നിവൃത്തിയില്ല. പിന്നെ ഫ ഫ–ാംവകുപ്പിനെപ്പറ്റി ഇവിടെ പറഞ്ഞു. അതു് വളരെആത്യാവശ്യമായ ഒരു വകുപ്പാണെന്നാണു് എനിക്കു പറയുവാനുള്ളതു്. മറ്റു പല സ്ഥലങ്ങളിലേയും

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. T. Chacko.]

നിയമങ്ങളിൽനിന്നും കുറച്ചു വ്യത്യസ്തമായ ഒരു നിയമമാണ് ഈ വകുപ്പിൽ കാണുന്നത്. എന്നാൽ കഴിഞ്ഞ കാലങ്ങളിലെ അനുഭവം വച്ചുനോക്കിയാൽ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെമേൽ കേസുകൊടുക്കുന്നതിന് എളുപ്പമാണെന്നു കണ്ടാൽ അടിസ്ഥാനമില്ലാത്ത ആരോപണങ്ങളെ ആസ്പദമാക്കി ധാരാളം കേസുകൾ ഉണ്ടാകുന്നതാണ്. ഗവണ്മെന്റിന്റെ sanction എന്നല്ല, ഈ ബില്ലിലെ ക്ലോസിൽ പറയുന്ന permission പോലും ആവശ്യമില്ലാതെ പരാതികൊടുക്കാൻ ആർക്കും അവകാശമുണ്ടായിരിക്കണമെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. എന്നാൽ ഇൻഡ്യയിലേയും, മൈസൂരിലേയും, സിലോണിലേയും ബില്ലുകളിൽ ഗവണ്മെൻറിന്റെ sanction വേണമെന്ന് വ്യവസ്ഥയുണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഈ ബില്ലിൽ ഒരു പെർമിഷൻമാത്രം വേണമെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെയൊരു നിയന്ത്രണം വച്ചില്ലെങ്കിൽ ഉത്തരവാദിത്വമുള്ള ഉയർന്നസ്ഥാനങ്ങളിലിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെമേൽ വളരെയധികം അന്യായങ്ങൾ കൊടുക്കാനിടയാകുമെന്നും, ഇന്ന് ചില പത്രങ്ങളിൽ കാണുന്നതു പോലെ യാതൊരടിസ്ഥാനവുമില്ലാത്ത ആരോപണങ്ങളെപ്പോലും ആസ്പദമാക്കി ധാരാളംകേസുകൾ മന്ത്രിമാർവരെയുള്ള ഉയർന്നയുദ്യോഗസ്ഥന്മാരുടേയും, ഹൈക്കോടതിജഡ്ജിമാരുടേയും പേരിൽ കൊടുക്കുന്നതിനു് ആളുണ്ടാകുമെന്നും ബോദ്ധ്യപ്പെട്ടതിനാലാണ് ഇഡ്യയിലേയും, മൈസൂരിലേയും, സിലോണിലേയും നിയമങ്ങളിൽ ഗവണ്മെൻറനുവാദംമുൻകൂട്ടി വാങ്ങിച്ചിരിക്കണമെന്ന് വ്യവസ്ഥചെയ്തിരിക്കുന്നതെന്ന് സ്പഷ്ടമാണ്.

MR. E. P. POULOSE: പോലീസ് ആഫീസറുടെ റിപ്പോർട്ട് വേണമെന്നുപറഞ്ഞിരിക്കുന്നത് കൂടുതൽ വിഷമകരമായിട്ടുള്ള ഒരു വ്യവസ്ഥയല്ലേ?

MR. P. T. CHACKO: കൈയ്ക്ക്ലുഖിയെ സംബന്ധിച്ച ഒരു കേസ് കോടതിയിൽ കൊടുക്കുന്നതിനു മുൻപു തന്നെ കമ്മിഷണറുടെ സ്പെഷ്യൽ ആഫീസരുടെ മുമ്പാകെ പരാതിപ്പെടാവുന്നതാണ്. സ്പെഷ്യലാഫീസർ അതിനെക്കുറിച്ചു അന്വേഷണം നടത്തുന്നതുമാണ്. അങ്ങിനെ ഒരു ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ഗവണ്മെൻറിന്റെയനുവാദം ആവശ്യമില്ല. അതുപോലെതന്നെ ഒരു ഉദ്യോഗസ്ഥന്റെ പേരിൽ പല കുറങ്ങളുണ്ടായാൽ ഓരോന്നിനും പ്രത്യേകം പ്രത്യേകം പെർമിഷൻ വാങ്ങിയിരിക്കണമെന്നും വ്യക്തമായി പറഞ്ഞിട്ടില്ല. അതുകൊണ്ട് പൊതുവായ എന്തെങ്കിലും കുറങ്ങൾക്കു വേണ

LIBRARY ARCHIVES Kerala Legislative Assembly

മെങ്കിലും ഒരുദ്യോഗസ്ഥന്റെ മേൽ കേസ് ചാർജ്ജ് ചെയ്യാവുന്നതാണ്. ഇൻഡ്യൻ നിയമത്തിലാണെങ്കിലും Sanction തന്നെ വേണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിലാണെങ്കിൽ പെർമിഷൻ വേണമെന്നേയുള്ളൂ. സാങ്കേതികമായി Sanction-ം, Pernission-ം തമ്മിൽ വളരെ വ്യത്യാസമുണ്ട്. അത് എന്താണെന്ന് ഇവിടെ പറയണമെന്ന് വിചാരിക്കുന്നില്ല. ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിലിരിക്കുന്ന ഉദ്യോഗസ്ഥന്മാരെ അനാവശ്യമായ കേസുകൾ കൊടുത്ത് കോടതികളിലേക്ക് വലിച്ചിഴക്കുന്നതിൽ നിന്നും അവരെ രക്ഷിക്കുന്നതിന് ഇങ്ങനെയൊരു പെർമിഷൻ ആവശ്യമാണെന്നവയ്ക്കുന്നതു് നല്ലതാണെന്നതന്നെ എനിക്കു തോന്നുന്നു. ഏതായാലും അതൊരഭിപ്രായഭിന്നതയുള്ള കാര്യമാകകൊണ്ടു് അതേപ്പറ്റി ഞാൻ കൂടുതലായൊന്നും പറയുന്നില്ല. ഈ ബില്ല് യാതൊരാവശ്യവുമില്ലാത്തതാണെന്ന് പറയുന്നതിനു് യാതൊരടിസ്ഥാനവുമില്ലെന്ന് പറഞ്ഞുകൊണ്ടു് ... ...

MR. TARIATHU KUNJITHOMMAN : കൈക്കൂലികൊടുത്ത ഒരാളെ ശിക്ഷിക്കുമെന്നു വന്നാൽ കൈക്കൂലികൊടുത്തു് എന്ന് കോടതിയിൽ മൊഴികൊടുക്കാൻ അയാളും സന്നദ്ധനാകുമോ ?

MR. P. T. CHACKO : കൈക്കൂലികൊടുത്തു എന്ന മൊഴികൊടുത്താൽ അയാളെ പ്രോസിക്യൂട്ട ചെയ്യാൻ എവിടെയെങ്കിലും വ്യവസ്ഥയുള്ളതായി എനിക്കറിവില്ല. അങ്ങനെ ഒരു ഭയമുണ്ടാകേണ്ടയാവശ്യമേ ഇല്ലെന്നാണ് എനിക്കുപറയാനുള്ളതു്. കൈക്കൂലികൊടുത്തു എന്നുള്ളതു് കൊണ്ടുമാത്രം അതൊരു കുറ്റം ആകണമെന്നില്ല. നേരെമറിച്ചു് കൈക്കൂലി വാങ്ങുന്നതിന് നിർബന്ധപൂർവ്വമായ പ്രേരണ ചെലുത്തി എന്നു പറയുകയാണെങ്കിൽ അതായതു് abetment ആണെങ്കിൽ അതു് കുറ്റം ആകും.

MR. E. P. POULOSE : കൈക്കൂലി കൊടുത്താൽ ആളെ വേണ്ടെന്നു പറയുകയും രണ്ടാമതു കൊടുക്കുമ്പോൾ സ്വീകരിക്കുകയും ചെയ്താൽ അതു് അബറ്റ്മെന്റാകുമോ ?

MR. P. T. CHACKO : അതു് അബറ്റ്മെന്റു് ആണോ അല്ലയോ എന്ന് എന്റെ സ്നേഹിതനുതന്നെ അറിയാവുന്നകാര്യമാണ്. ഒരാൾ കൈക്കൂലി വാങ്ങിച്ചു എന്നു പറഞ്ഞാൽ അതുകൊണ്ടുമാത്രം അതു് കുറ്റമാകുകയില്ലെന്നേ ഞാൻ പറഞ്ഞുള്ളൂ. ഇൻഡ്യാ അഴിമതിനിരോധന ആക്ടിനേയും മൈസൂരിലെ അഴിമതിനിരോധന ആക്ടിനേയും വച്ചുകൊണ്ടു നോക്കിയാൽ ഒരേ രീതിയിലുള്ള ഒരു ബില്ലാണ് ഇതെന്നു കാണാം. ഈ ബില്ല് നിയമമാക്കിത്തീർക്കാതിരിക്കുന്നിടത്തോളംകാലം

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. T. Chacko.]

തിരുവിതാംകൂറിൽ കൈക്കൂലി വാങ്ങിച്ചുവെന്ന് അവിടെയും ഇവിടെയും ഒച്ചപ്പാടുണ്ടാക്കാമെന്നല്ലാതെ ഫലമൊന്നുമില്ല. ഡിപ്പാർട്ടുമെൻറലായിട്ട മേലധികാരിക്ക് താൽപര്യമുണ്ടെങ്കിൽ നടപടി നടത്താമെന്നല്ലാതെ ഒരു കോടതിയുടെ മുമ്പിൽ ഒരു കേസുകൊണ്ടുപോകുന്നതിനുള്ള അവകാശം യാതൊരു പൗരനും ഇല്ലെന്നുള്ള ആ ഒറക്കാരണംകൊണ്ടുതന്നെ ഈ ബില്ല് നിയമമാക്കിത്തീർക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണ്. ഈ ബില്ല് സെലക്ട് കമ്മിറ്റിയിൽ അയച്ച് വളരെ സമയം നഷ്ടപ്പെടുത്താതെതന്നെ മറ്റുള്ളവക്ക് മാർഗ്ഗദർശകമായ രീതിയിൽ നാളെത്തന്നെ നിയമമാക്കിത്തീർക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

MR. T. A. MOITHEEN KUNJU: സർ, ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇവിടെ പ്രസംഗിച്ച എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാരും നമ്മുടെ രാജ്യത്തു് കൈക്കൂലിയും അഴിമതിയും ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ നടക്കുന്നു എന്നല്ലാതെ അങ്ങിനെ നടക്കുന്നതിനുള്ള കാരണം എന്താണെന്നു കണ്ടുപിടിക്കുകയോ അതിലേക്ക് ശ്രമിക്കുകയോ അതില്ലാതാകുന്നതിനുള്ള നിവാരണമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയോ ചെയ്യുകാണുന്നില്ല എന്നുള്ളതു് വളരെ വിസ്മയാവഹമായ ഒരു പരമാർത്ഥമാണ്. ഇന്നു് നമ്മുടെ രാജ്യത്തു് ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ വളരെയധികം കൈക്കൂലിയും അഴിമതിയും നടക്കുന്നുണ്ട്. ഒരു വിധത്തിൽ പറഞ്ഞാൽ കൈക്കൂലി നിയമപ്രകാരം അനുവദിക്കപ്പെട്ടിരിക്കുന്നപോലെയാണ് ഉദ്യോഗസ്ഥന്മാർ പെരുമാറുന്നതു്. അനുവദിച്ചിരിക്കുന്നു എന്നു പറഞ്ഞാൽ ഏതെങ്കിലും കൈക്കൂലി വാങ്ങിക്കൊള്ളാമെന്നു് ഏതെങ്കിലും നിയമത്തിൽ പറഞ്ഞിട്ടുണ്ടു് എന്നല്ല ഞാൻ പറയുന്നതു്. എന്നാൽ പരിതഃസ്ഥിതികൾകൊണ്ടു് കൈക്കൂലി വാങ്ങാൻ ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ സമ്മതിച്ചിരിക്കുന്നു എന്നു് കാണാൻ സാധിക്കുന്നതാണു്. ഗവണ്മെൻറിന്റെ നിയമങ്ങളെ സംരക്ഷിച്ചുപോരുന്നതിനു ജനങ്ങളോടു് ഏറ്റവും അടുത്തു പെരുമാറുന്ന ഉദ്യോഗസ്ഥന്മാർ പോലീസ് കാൺസ്റ്റബിൾമാരാണ്. അവരുടെ ജോലിക്ക് അനുസരണമായും, ജോലിചെയ്യുന്ന സമയത്തിനനുസരണമായും ഇന്നത്തെ പരിതഃസ്ഥിതികളിൽ ഒരുവിധം കഴിഞ്ഞുകൂടുന്നതിനു് അനുസരണമായുമുള്ള ശമ്പളം അവർക്ക് കൊടുക്കുന്നുണ്ടോ എന്നുള്ള കാര്യം നാം പ്രത്യേകം പരിഗണിക്കേണ്ടതാണു്. അങ്ങിനെ കഴിഞ്ഞുകൂടുന്നതിനുള്ള ശമ്പളം അവർക്ക് കൊടുക്കാതിരിക്കുമ്പോൾ പരിതഃസ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിന് വിധേയമായി കൈക്കൂലി വാങ്ങാൻ അവർ പ്രേരിതരാകുന്നു എങ്കിൽ.....

MR. VARGHESE AUGUSTIN : കാൺസ്റ്റബിൾമാർ അതോ വലിയ ഉദ്യോഗസ്ഥന്മാരാണോ അധികം കൈക്കൂലി വാങ്ങിക്കുന്നത് ?

MR. T. A. MOITHEEN KUNJU : നമ്മുടെ രാജ്യത്ത് ലേലം വിളിച്ചാൽ സർക്കാരിലേക്ക് പണംതന്ന് ജോലിനോക്കാൻ ആളുണ്ടാകുന്ന ഉദ്യോഗങ്ങൾ വളരെയുണ്ട്. സബ് രജിസ്റ്റർ കച്ചേരികളും എക്സൈസ് ചെക്കുകളും അതിന് പ്രത്യക്ഷോദാഹരണങ്ങളാണ്. സാധാരണ ഷാപ്പു കൾ ലേലം വിളിക്കുന്നതുപോലെ ലേലം വിളിച്ചു കൊടുക്കത്തക്കതര ത്തിൽ കൈക്കൂലി സിദ്ധിക്കുമെന്നുള്ള ഉദ്യോഗങ്ങളാണ് അവിടെയു ള്ളത്. അതുകൊണ്ട് ഞാൻ പറയുന്നത് ചെറിയ ശമ്പളക്കാർക്കെല്ലാം കഴിഞ്ഞുകൂടുന്നതിനുള്ള ഒരു ശമ്പളസ്കെയിൽ ഉണ്ടാക്കാതെ കൈക്കൂലി ഉണ്ടെന്നുമാത്രം പറഞ്ഞതുകൊണ്ട് യാതൊരു ഫലവുമില്ലെന്നും, കൈ ക്കൂലി വാങ്ങിക്കാതിരിക്കത്തക്കവണ്ണം ശമ്പളം കൊടുത്താൽ അല്ലാതെ ഇങ്ങനെയുള്ള നിയമങ്ങൾകൊണ്ട് പ്രയോജനം ഉണ്ടാകുമെന്നു വിശ്വ സിക്കാൻ നിവൃത്തിയില്ലെന്നുമാണ്. പിന്നെ കുറെ ഒച്ചപ്പാടുണ്ടാക്കാം. കുറെ കേസുകൾ എടുക്കാം. അല്ലാതെ മറ്റു വിശേഷമൊന്നും ഈ നിയമംകൊണ്ട് വരാനില്ല. ജീവിക്കാൻ ജീവൻ ഉള്ളവരെല്ലാം അഗ്ര ഹിക്കുകതന്നെ ചെയ്യും. അതിനാൽ അവരെ ഇങ്ങനെയുള്ള പരിതഃ സ്ഥിതികളിൽ ഇട്ടുകൊണ്ട് ഇപ്രകാരമുള്ള നിയന്ത്രണങ്ങൾ ഏർപ്പെടു ത്തുന്നത് ശരിയല്ല. അതുകൊണ്ട് ഈ ബിൽ ആവശ്യമില്ലെന്നല്ല ഞാൻ പറയുന്നത്. മുൻപറഞ്ഞ കാര്യങ്ങൾക്ക് നിവാരണം ഉണ്ടാ ക്കിയതിനുശേഷം വേണം ഈ ബിൽ നടപ്പിൽ വരുത്തേണ്ടതെന്നാണ് എന്റെ അഭിപ്രായം. നാം ഇവിടെ ഇതിനു മുൻപ് ചർച്ച ചെയ്തു കൊണ്ടിരുന്നതു പബ്ലിക്ക് സർവീസ് കമ്മിഷൻ ബില്ലാണല്ലോ. ഉദ്യോ ഗസ്ഥന്മാരുടെ നിയമനക്കാര്യത്തിലുള്ള തകരാറുകൊണ്ടാണ് പബ്ലിക്ക് സർവ്വീസിൽ അഴിമതി നടക്കുന്നതെന്നും മേലാൽ അങ്ങനെ ഉണ്ടാകരു തെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ആ ബില്ലുകൊണ്ടുവന്നിട്ടുള്ളതെന്നും പറഞ്ഞു. എന്നാൽ അതേ തുടർന്ന് ഈ ബില്ലുകൊണ്ടുവന്നിരിക്കുന്ന തിൽനിന്നും നാം അനുമാനിക്കേണ്ടതു് ആ ബിൽ പാസാക്കുന്നതുകൊണ്ടു മാത്രം ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ അവസാനിക്കാൻ പോകുന്നി ല്ലെന്നും തൃപ്തികരമായ ഒരു പെരുമാറ്റവും ഉത്തരവാദ ബോധവും, സന്മനോഭാവവും അവരിൽനിന്ന് ലഭിക്കുമെന്ന് ഗവണ്മെൻറ് പ്രതീ ക്ഷിക്കുന്നില്ലെന്നുമാണ്. എന്തായാലും ഈ രാജ്യത്തു് സമാധാനവും

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. A Moitheen Kunju.]

സംതൃപ്തിയും കൈവരുത്തണമെന്നുള്ള ക്യാബിനറിന്റെ ആഗ്രഹത്തെ ഞാൻ തീർച്ചയായും അഭിനന്ദിക്കുന്നുണ്ട്. ഇനിയും വളരെ അധികം പുരോഗമനപരങ്ങളായ കാര്യങ്ങൾ സാധിക്കുമെന്നുള്ളതിനും സംശയമില്ല.

ഇനി ഒരു കാര്യം പറയാനുള്ളത് ഒരു പക്ഷെ ഇക്കാര്യത്തെ സംബന്ധിക്കുമോ എന്നും എനിക്കു സംശയമുണ്ട്. ഇത്ര അധികം ഉദ്യോഗങ്ങൾ ഇവിടെ ആവശ്യമില്ലെന്നുള്ളതു പരമാർത്ഥമായ ഒരു കാര്യമാണ്.

MR. PRESIDENT : അതിനെപ്പറ്റി ഇപ്പോൾ പറയേണ്ട. ബില്ലിനെ സംബന്ധിക്കുന്ന കാര്യങ്ങൾമാത്രം പറഞ്ഞാൽ മതിയാകും.

MR. T. A. MOTHEEN KUNJU : ഇതും കറപ്ഷനെ സംബന്ധിക്കുന്ന കാര്യമാണ്. ഇക്കാര്യത്തോടു സംബന്ധിക്കുമോ എന്ന് സംശയിക്കുന്നതായി ഞാൻ പറഞ്ഞു എങ്കിലും തീർച്ചയായും ഇതിനോടു സംബന്ധമുള്ളതാണ്. സംബന്ധിപ്പിച്ചു കാണിക്കുകയും ചെയ്യാം. ഇന്ന് ഒരു ആഫീസിൽ അഞ്ചു ക്ലാർക്കന്മാർ ചെയ്യുന്ന ജോലി ശമ്പളം കൂട്ടിക്കൊടുക്കുന്ന പക്ഷം അവരിൽ രണ്ടുപേരെക്കൊണ്ടുമാത്രം സാധിക്കാമെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇപ്പോൾ വാസ്തവത്തിൽ ക്ലാർക്കന്മാർ അവർക്കുള്ള സമയം ഉപയോഗശൂന്യമായ കാര്യങ്ങളിൽ ഇടപെട്ടു ദുർവ്യയം ചെയ്യുകയാണ് ചെയ്യുന്നത്. ഗവണ്മെൻറിനോടു് ആത്മാർത്ഥതയില്ലാത്തതുകൊണ്ടാണ് അവർ അപ്രകാരം പ്രവർത്തിക്കുന്നത്. ഇങ്ങനെ ആത്മാർത്ഥതയില്ലാതിരിക്കുന്നതു് അവരുടെ സ്വഭാവദൂഷ്യംകൊണ്ടല്ല. പ്രത്യുത അവരുടെ ആവശ്യങ്ങൾ ഗവണ്മെൻറ് ശരിയായി നിർവഹിക്കാതെയിരിക്കുന്നതുകൊണ്ടാണ്. ഇന്നു് വളരെയധികം ക്ലാർക്കന്മാരെവച്ചു കഴിയുന്ന ആഫീസുകളിൽ വളരെ കുറച്ചു ക്ലാർക്കന്മാരെവച്ചു് കഴിക്കാൻ സാധിക്കും. അവരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന പക്ഷം വിശേഷിച്ചു് ഒരു ചെലവും കൂടാതെതന്നെ ഈ കാര്യങ്ങളെ നേടാൻ സാധിക്കുന്നതാണ്. ഈ വിവരങ്ങൾ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്തുകൊള്ളുന്നു.

The House adjourned at 4-30 P. M.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly